ചരിത്ര
പഠനക്കുറിപ്പ്



# ചരിത്ര വഴികളിൽ ദൈവസഭ

കുക്ക് സ്നേഹിച്ച ഒരു ജനതയുടെ ചരിത്രം...

റെയ്സൺ വി. ജോർജ്ജ്

# ചരിത്രവഴികളിൽ ദൈവസഭ

**CHARITHRA VAZHIKALIL**
**DHAIVA SABHA**


| | | |
|---|---|---|
| Published by | : | Raison V. George |
| | : | Mob : 9747795918 |
| First published | : | January 2018 |
| Cover design | : | Dsigners Club |
| Type setting | : | Dsigners Club, Chry |
| Printed at | : | Mattathil Printers Pvt. Ltd, Chry |

**Rs. 150.00**

(c) Rights Reserved

# ചരിത്രവഴികളിൽ ദൈവസഭ

റെയ്സൺ വി. ജോർജ്ജ്

ചിങ്ങവനം പി.ഒ., കോട്ടയം.

വില : 150.00 രൂപ

# ആശംസ



**റവ. ഡോ. കെ. സി. സണ്ണിക്കുട്ടി**
ദൈവസഭാ കേരള റീജിയൺ ഓവർസീയർ

"നാം അവയെ കേട്ടറിഞ്ഞിരിക്കുന്നു. നമ്മുടെ പിതാക്കന്മാർ നമ്മോടു പറഞ്ഞിരിക്കുന്നു. നാം അവരുടെ മക്കളോട് അവയെ മറച്ചുവയ്ക്കാതെ വിവരിച്ചു പറയും.'' (സങ്കീ. 78:3–).

ഒരു ജനതയുടെ പൈതൃകവും ചരിത്രവും സംരക്ഷിക്കപ്പേടേണ്ടതുണ്ട്. വാമൊഴിയിലൂടെയും വരമൊഴിയിലൂടെയും കൈമാറി വന്ന ചരിത്രങ്ങൾ രേഖയായി മാറണം. ഒരു സമൂഹത്തിന് മുന്നോട്ടുള്ള പ്രയാണത്തിൽ അവരുടെ ചരിത്രം ആവേശകരമായിരിക്കും. ഇസ്രയേലിന്റെ പീഢാനുഭവങ്ങളും, നിലവിളിയും വിമോചനങ്ങളും പുറപ്പാടും ദൈവത്തിന്റെ നടത്തിപ്പിന്റെ ശേഷിക്കുന്ന ചരിത്രരേഖകളാണ്. വരും തലമുറകൾക്ക് ഉത്തേജനം നൽകുവാൻ ദൈവത്തിന്റെ ചരിത്രത്തിന്റെ ഇടപെടലുകൾ പ്രേരകമായി. ഭാരതത്തിലേയും, കേരളത്തിലേയും സഭയുടെ രൂപീകരണം ഉണർവ്വുകളുടെ ചരിത്രം മിഷനറി ഇടപെടൽ നവോത്ഥാന ചരിത്രം ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. സഭയുടെ പിളർപ്പ് ദൈവശാസ്ത്രപരവും ധാർമ്മികമായും അംഗീകരിക്കാൻ സാധിക്കുകയില്ല. എങ്കിലും അത് അനിവാര്യമായിരുന്നു.

പിളർപ്പിലേക്ക് നയിച്ച ഘടകങ്ങൾ നമ്മെ സംബന്ധിച്ച് ഇപ്പോൾ വെല്ലുവിളിയല്ല. ഇപ്പോൾ നമ്മുടെ വെല്ലുവിളി സാമ്പത്തിക വെല്ലുവിളിയാണ്. സ്വയം പര്യപ്തത കൈവരിയ്ക്കണം അതിനായി ഒരുമിച്ച് പ്രവർത്തിക്കണം. കേരള റീജിയന്റെ ചരിത്രം ഭാരതത്തിന്റെ പെന്തക്കോസ്തിന്റെ മുന്നേറ്റ ചരിത്രമാണ്. ചർച്ച് ഓഫ് ഗോഡ് കേരള റീജിയണ് ചരിത്ര ഗ്രന്ഥം ഇതുവരെ ഉണ്ടായിട്ടില്ല. ദൈവസഭയുടെ ചരിത്രം പ്രസിദ്ധീകരിക്കുവാൻ റെയ്സൺ വി. ജോർജ്ജിന് സാധിച്ചത് അഭിനന്ദനാർഹമാണ്. ദൈവസഭയുടെ ഔദ്യോഗികമായ ചരിത്രഗന്ഥംകൂടി പുറത്തിറങ്ങുമ്പോൾ ഈ ഉദ്യമം സമ്പൂർണ്ണമാകും. അതിനുള്ള പണിപ്പുരയിലാണ് ദൈവസഭാ നേതൃത്വം. റെയ്സൺന്റെ ഈ ചരിത്രരചനയ്ക്ക് എല്ലാവിധ പ്രാർത്ഥനയും ആശംസകളും.

എന്ന് ക്രിസ്തുവിൽ

**ഡോ. കെ. സി. സണ്ണിക്കുട്ടി**

# ആശംസ



## ഇവാ. വി. എസ്. ജോൺ വെട്ടിത്തറ

ചാരിറ്റി പ്രവാസികാര്യ പ്രസിഡന്റ്

ചരിത്രം വായിക്കുക എന്നത് ഏതൊരാൾക്കും ഇഷ്ടപ്പെടുന്ന കാര്യമാണ്. ദൈവസഭയുടെ ചരിത്രമാകുമ്പോൾ അത് വായിക്കാതിരിക്കാനും കഴിയുകയില്ല. ഈ ചരിത്രം രചിക്കുവാൻ തന്റെ മനസ്സിൽ തോന്നിയ ആശയം അഭിനന്ദനാർഹമാണ്.

കേരളത്തിൽ പെന്തക്കോസ്ത് ആശയം ആളിക്കത്തിച്ചത് നമ്മുടെ പിതാക്കന്മാരാണ്. അത് ആർക്കും തിരസ്ക്കരിക്കാനാവാത്ത ചരിത്ര സത്യമാണ്. ചേത്തക്കൽ സഭയിൽ തന്റെ പിതാവ് ശുശ്രൂഷിക്കുന്ന കാലം മുതലുള്ള ആത്മീയ ബന്ധം ഞങ്ങൾക്കിടയിൽ ഉണ്ട്. പ്രിയ സഹോദരൻ റെയ്സൺ വി. ജോർജ്ജ് രചിച്ച ചരിത്രവഴിയിൽ ദൈവസഭ എന്ന പുസ്തകത്തിന് പ്രവാസി ചാരിറ്റി മലയാളികളുടെ ആശംസകൾ.

എന്ന് ക്രിസ്തുവിൽ

**ഇവാ. വി. എസ്. ജോൺ**

## പ്രചോദനം



പാസ്റ്റർ വി. ജോർജ്ജ് & സാലി വി. ജോർജ്ജ്

വലിയപറമ്പിൽ, പാക്കിൽ

## നമ്മെ വഴി നടത്തിയവർ...

### ദൈവസഭാ കേരള റീജിയൺ ഓവർസീയർമാർ



റവ. കെ. ജെ. ചാക്കോ
1972 – 1986



റവ. വൈ. ജോസഫ്
1986 – 1992



റവ. സണ്ണി വി. വർക്കി
1992 – 2002



റവ. പി. ജെ. ജോസഫ്
2002 – 2008



റവ. തോമസ് ജോൺ
2008 – 2010



റവ. കെ. സി. ജോൺ
2010 – 2012
(ആക്ടിംഗ് ഓവർസിയർ)



റവ. ജോസഫ് റ്റി. സാം
2012 – 2016



റവ. കെ. സി. സണ്ണിക്കുട്ടി
2016 –

ചരിത്ര വഴികളിൽ
ദൈവസഭ

# കേരളാ റീജിയൺ
# (തുല്യതയ്ക്കുവേണ്ടി നിലവിളിച്ച ഒരു ജനതയുടെ ശബ്ദം)

കേരളത്തിലെ പെന്തക്കോസ്ത് ഗോളത്തിൽ അവിസ്മരണീയമായ സ്ഥാനം കേരളാ റീജിയണ് ഉണ്ട്. അത് ആൾവലിപ്പത്തിലോ സഭകളുടെ എണ്ണത്തിലോ അല്ല. പെന്തക്കോസ്തിന്റെ പാരമ്പര്യം അവകാശപ്പെടുന്ന ഒരു കൂട്ടം വിശ്വാസികളുടെ പ്രസ്ഥാനം എന്ന നിലയിലാണ്. കേരളത്തിന്റെ പെന്തക്കോസ്ത് ചരിത്രത്തിന്റെ താളുകൾ മറിച്ചു നോക്കിയാൽ അതിന്റെ പാരമ്പര്യം പറയുവാനുള്ള അവകാശം ഈ ജനതയ്ക്ക് മാത്രമേ ഉള്ളൂ. കാരണം പെന്തക്കോസ്തിന്റെ ആശയവുമായി പല സുവിശേഷകരും കേരളത്തിൽ വന്നിട്ടുണ്ട്. അവർക്കൊന്നും കാര്യമായ ചലനം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് സത്യമായ വസ്തുതയാണ്. കേരളത്തിലെ സാമൂഹിക നവോത്ഥാന മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സമയത്താണ് കുക്ക് സായ്പിന്റെ ആഗമനം. അടിമ സമ്പ്രദായം, അയിത്തം, തൊട്ടുകൂടായ്മ, ജാതിഭ്രഷ്ട തുടങ്ങിയ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊടികുത്തി വാഴുന്ന സമയം. സവർണ ക്രിസ്ത്യാനികൾ പോലും ഈ ജാതിവ്യവസ്ഥയുടെ ഭാഗവാക്കായി എന്നതാണ് ചരിത്രം. കേരളത്തിലെ പ്രാദേശിക പരിസ്ഥിതികൾ മനസ്സിലാക്കാതെ കേരളക്കരയിലേക്ക് സുവിശേഷത്തിന്റെ പുത്തനാശയവുമായി വന്ന റോബർട്ട് എഫ്. കുക്കിന്റെ ആദ്യകാല പ്രവർത്തനങ്ങളെ കയ്യുംനീട്ടി സ്വീകരിച്ചത് ഇവിടുത്തെ പിന്നോക്ക വിഭാഗങ്ങളാണ്. അന്ധകാരത്തിലും അനാചാരത്തിലും അഢ്യവർഗ്ഗത്തിന്റെ പീഡനങ്ങളിലും മുഴുകിക്കിടന്ന ജനതയെ ചേർത്തുനിർത്തി റോബർട്ട് എഫ്. കുക്ക് കാണിച്ച ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിന്റെ പരിണിത ഫലമാണ് കേരളത്തിലെ പെന്തക്കോസ്ത് പ്രസ്ഥാനം. "താണ നിലത്തേ നീരോടൂ" എന്ന പഴമൊഴി പോലെ സുവിശേഷമോടിയതും വളർന്നും പടർന്നതും ഈ താഴ്ന്ന നിലത്തിലൂടെയാണ്. എന്തുകൊണ്ട് ് പിന്നോക്ക വിഭാഗങ്ങൾ സുവിശേഷം ഏറ്റെടുത്തു എന്നു ചോദിച്ചാൽ അതിന്റെ മറുപടി പറയുവാൻ കേരളത്തിന്റെ ചരിത്രമൊന്ന് പരിശോധിക്കേണ്ടിവരും. ഇന്നു കാണുന്ന പിന്നോക്ക വർഗ്ഗം ഒരു കാലത്ത് ഈ മണ്ണിന്റെ അധിപന്മാരായിരുന്നു.

മണ്ണിനെയും കൃഷിയെയും സ്നേഹിച്ച് സ്വന്തം വിയർപ്പിൽ നിന്നും ഉപജീവനം കഴിക്കുന്നവരായിരുന്നു. പിന്നീട് വന്നവരെല്ലാം ചൂഷണത്തിന് വിധേയരാക്കി അവരെ അടിമകളാക്കി വച്ചു. ആരെയും സ്വീകരിക്കുവാനും സൽക്കരിക്കുവാനും ഈ ജനതയ്ക്ക് ഒരു മടിയുമില്ലായിരുന്നു. പ്രശ്നങ്ങൾ വരുമ്പോൾ സംയമനത്തിന്റെ പാത സ്വീകരിക്കുന്ന ഈ ജനതയുടെ സ്വഭാവ സവിശേഷതകൾ ഇന്നും അവരുടെ രക്തത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നു. ഈ സ്വഭാവ സവിശേഷതകൾ കൊണ്ടാണ് കേരളത്തിലെ പെന്തക്കോസ്ത് ആശയങ്ങൾ സ്വീകരിക്കുവാൻ ഒരു ജനത ഉയർത്തെഴുന്നേറ്റത്. ഇവരുടെ സ്വഭാവ സവിശേഷത കൊണ്ടാണ് സവർണ ക്രിസ്ത്യാനികൾ പെന്തക്കോസ്തിലേക്ക് ചേക്കേറിയപ്പോൾ പിൻവലിഞ്ഞു നിന്നത്. ഇവരുടെ സ്വഭാവ സവിശേഷത കൊണ്ടാണ് കുക്കിനോടൊപ്പം കഷ്ടപ്പെട്ട് പടുത്തുയർത്തിയ ഈ പ്രസ്ഥാനത്തിന്റെ ആസ്ഥാനം സംയമനത്തിന്റെ പേരിൽ ഒരാവശ്യവും മുന്നോട്ടു വയ്ക്കാതെ പിൻവലിഞ്ഞത്. മറ്റുള്ളവരെ സ്വീകരിച്ച് അവരുടെ കീഴിൽ നിൽക്കുവാൻ ഒരു ജനത ആഗ്രഹിച്ചാൽ എന്നും അങ്ങനെ നിൽക്കാൻ കഴിയില്ല. അതിന്റെ പരിണിത ഫലമാണ് കേരളാ റീജിയൺ എന്ന പ്രസ്ഥാനം.  കുക്ക് സായിപ്പിന്റെ കൂടെ പ്രവർത്തനത്തിനിറങ്ങിയ പലകുടുംബങ്ങളുടെയും പിൻതലമുറക്കാർ ഈ പ്രസ്ഥാനത്തിലുണ്ടെന്ന് എത്ര പേർക്കറിയാം, അവരുടെ ത്യാഗോചലമായ പ്രവർത്തനത്തിന്റെ ഫലമായി ഉയർന്നു വന്ന ദൈവസഭ ഒരു മഹൽ പ്രസ്ഥാനമായി വളർന്നു വന്നപ്പോൾ ഇതിനുവേണ്ടി വിയർപ്പൊഴുക്കിയവരെയും അദ്ധ്വാനിച്ചവരെയും അവഗണിക്കുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത് ഇതിനെതിരെ ചില ദൈവദാസന്മാരും വിശ്വാസികളും ശബ്ദമുയർത്തിയത് വിഭജനത്തിൽ കൊണ്ടെത്തിച്ചു, വിഭജനം എന്ന വാക്ക് ഒരിക്കൽ പോലും അവർ ഉന്നയിച്ചിട്ടില്ല. 1914 ൽ ആരംഭിച്ച പൂർണ്ണ സുവിശേഷ എന്ന പ്രസ്ഥാനം 1936 ൽ അമേരിക്കയിലുള്ള ദൈവസഭയുമായി ചേരുന്നത് വരെ കുക്കിന് നിയന്ത്രണത്തിലായിരുന്നു. 1950 ൽ കുക്ക് സായിപ്പ് തിരിച്ചുപോയതിന് ശേഷമാണ് ഇവിടെ ദൈവസഭയിലെ പിന്നോക്ക വിഭാഗങ്ങളും മുന്നോക്ക വിഭാഗങ്ങളും തമ്മിലുള്ള പ്രശ്നങ്ങളാരംഭിക്കുന്നത്. 1968 മുതൽ 1972 വരെ പിന്നോക്കവിഭാഗങ്ങൾ നേതൃത്വത്തിനെതിരെ നടത്തിയ തുല്യനീതിക്കുവേണ്ടിയുള്ള പോരാട്ടമാണ് വിഭജനത്തിൽ കൊണ്ടെത്തിച്ചത് അതിലേക്ക് നയിച്ച കാരണങ്ങൾ പ്രസ്തുത പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട് ഈ പുസത്കം വായിക്കുന്ന പലരും ചിന്തിക്കുന്നുണ്ടാവാം കേരള റീജിയൺ എന്നത് ദൈവത്താൽ സംഭവിച്ചതാണോ എന്നത്?

അതിന്റെ മറുപടിയും ഈ പുസ്തകം തരുന്നുണ്ട്. കേരളാ റീജിയണിനെ സ്നേഹിക്കുന്ന ഒരു ജനത ഇന്നും ഈ പ്രസ്ഥാനത്തിലുണ്ട് വിഭജനത്തിന് ശേഷം നാം എന്ത് നേടി എന്ന ചോദ്യ ശകലങ്ങൾ പലരും ഉന്നയിക്കുന്നുണ്ട്. ഫറവോന്റെ അടിമത്വത്തിൽ നിന്ന് യിസ്രയേൽ ജനത്തെ മോശ വിടുവിക്കുമ്പോൾ അവരുടെ വഴിയാത്രയിൽ നഷ്ടങ്ങളുടെ കണക്കു മാത്രമേ പറയാനുണ്ടായിരുന്നുള്ളൂ, പലരും പറഞ്ഞു ഫറവോന്റെ കീഴിലുള്ള ജീവിതം മതിയായിരുന്നു എന്ന് കേരള റീജിയണെ സംബന്ധിച്ചിടത്തോളം ഇത് മരുഭൂമി യാത്രയാണ്, പ്രതികൂലങ്ങൾ വരും, കഷ്ടത വരും, എന്നാൽ മരുഭൂമിയത്ര കഴിയുമ്പോൾ ഒരു കനാൻ ദേശമുണ്ട്, ദൈവ സഭ കേരള റീജിയൺ ഇന്നല്ലെങ്കിൽ നാളെ നമ്മുടെ മക്കളുടെ കാലത്ത് ഇത് വളരും അന്ന് അവർ ചരിത്രം തിരിഞ്ഞു നോക്കും നമ്മുടെ പിതാക്കന്മാർ ചെയ്തത് ശരിയെന്നും ഇത് ദൈവിക പദ്ധതിയെന്നും കാലം തെളിയിക്കും, അന്ന് നമ്മുടെ തലമുറയ്ക്ക് പറയുവാൻ ചരിത്ര പുരുഷന്മാരുണ്ടാകണം ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നവരെല്ലാം ചരിത്ര പുരുഷന്മാരാണ്, ദൈവസഭയുടെ ചരിത്രം ആരംഭിക്കുന്നത് കുക്ക് സായിപ്പിന്റെ ആഗമനം മുതലാണ്.

# ആമുഖം

ദൈവത്തിനു മഹത്വം.

ദൈവസഭയുടെ ചരിത്രമെഴുതുക എന്നത് വളരെ നാളത്തെ എന്റെ ആഗ്രഹമായിരുന്നു. ഇപ്രകാരം ഒരു പുസ്തകമെഴുതുവാൻ എന്നെ പ്രേരിപ്പിച്ചത് ചില ചരിത്രപ്പുസ്തകങ്ങളാണ്. ഡോറപ്പി മയേഴ്സ് എഴുതിയ ദൈവസഭയുടെ ചരിത്രവും, ദൈവസഭ പിന്നിട്ട 50 വർഷങ്ങൾ, തുടങ്ങിയ ഒട്ടനവധി പുസ്തങ്ങൾ എന്നിൽ സ്വാധീനം ചെലുത്തിയതിൻ പ്രകാരം, ദൈവസഭയുടെ വിഭജന ചരിത്രം ഒരു പുസ്തകമാക്കിയെഴുതാൻ എനിക്ക് ഉൾപ്രേരണകിട്ടി. എന്നാൽ അതിൽ ഭാഗഭാക്കായ ചരിത്ര പുരുഷന്മാരെല്ലാം മൺമറഞ്ഞു പോയതിനാലും, അന്നത്തെ ചരിത്രരേഖകൾ മിക്കതും കാലാന്തരത്തിൽ കാലഹരണപ്പെട്ടുപോയതിനാലും തെളിവുകൾ കിട്ടിനുള്ള വഴി പൂർണ്ണമായി അടഞ്ഞിരുന്നു. എന്നാൽ നമ്മുടെ പിതാക്കന്മാർ കുക്കുസായ്പ്പുമൊന്നിച്ചു നട്ടു വളർത്തിയ ഈ പ്രസ്ഥാനം എങ്ങനെ വിഭജിക്കപ്പെട്ടു എന്നതിന്റെ കാരണം അന്വേഷിച്ചപ്പോൾ വിഭജന ചരിത്രം എഴുതിയാൽ അത് വായനക്കാർക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാക്കുമെന്നും അതിനാൽ 1914 മുതൽ കുക്ക് കേരളത്തിൽ കാലുവച്ചനാൾ മുതലുള്ള ചരിത്രം പൊടിതട്ടി എടുത്താൽമാത്രമേ വിഭജന ചരിത്രം പൂർണ്ണമാകൂ എന്ന യാഥാർത്ഥ്യബോധം ഞാൻ മനസ്സിലാക്കി. പാസ്റ്റർ സി. ബേബിച്ചൻ എഴുതിയ കേരളാ റീജിയൺ ഒരു ദൈവിക പദ്ധതി ചരിത്രപഠനക്കുറിപ്പ് എന്ന പുസ്തകം മുമ്പ് രചിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കി പ്രസ്തുത ചരിത്രഗ്രന്ഥം അദ്ദേഹത്തിൽ നിന്ന് വാങ്ങിക്കുകയും ആ പുസ്തകം റ്റി.കെ. എബ്രഹാം തെക്കേതിൽ എന്ന വ്യക്തിയുടെ ഡയറിക്കുറിപ്പാണെന്ന് മനസ്സിലാക്കിയതിൻ പ്രകാരം അദ്ദേഹത്തിന്റെ മകൻ തമ്പിസാറിനെ കണ്ട് ദൈവസഭയുടെ ചരിത്രത്തിന്റെ സംഭവവികാസങ്ങൾ തന്നിൽ നിന്നു മനസ്സിലാക്കിയെടുത്തു. കൂടാതെ പ്രസ്തുത ഡയറി ക്കുറിപ്പിൽ പ്രതിപാദിച്ചിരിക്കുന്ന വ്യക്തികളുടെ വീടുകളുമായി ബന്ധപ്പെട്ടെങ്കിലും പലരും കാല യൗവനി കയ്ക്കുള്ളിൽ മാററപ്പെട്ടു എന്നറിയുവാൻ കഴിഞ്ഞു. എങ്കിലും നിരാശനാകുവാൻ ഞാൻ തയ്യാറായില്ല. സോഷ്യൽ മീഡിയ വഴി എന്റെ പ്രോജക്ട് ഞാൻ പബ്ലിസിറ്റി നൽകിക്കൊണ്ടിരുന്നു. കൂടാതെ വെള്ളൂർ കെ.ജെ.യുടെ ജീവചരിത്രം സോഷ്യൽ മീഡിയ വഴി

ഇറക്കുവാനിടയായി. അത് കണ്ട അദ്ദേഹത്തിന്റെ മകൻ ജോൺ ജോസഫ് എന്നെ വിളിക്കുകയും ചില വിവരങ്ങൾ നൽകാമെന്ന് പറഞ്ഞതിന്റെ വെളിച്ചത്തിൽ ദൈവസഭയുടെ പിന്നോക്ക വിഭാഗത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി മുന്നിൽ നിന്നു നയിച്ച വെള്ളൂർ കെ.ജെ.യുടെ ചരിത്ര രേഖകൾ എനിക്ക് കിട്ടാനിടയായത് ഈ പുസ്തകത്തിന് വളരെയേറെ പ്രയോജനം ചെയ്തിട്ടുണ്ട്. കാരണം വിശ്വസനീയമായ തെളിവുകളുള്ള രേഖകളായിരുന്നു അവ. കൂടാതെ അന്നത്തെ വിമോചന സമരത്തിന്റെ മുൻപന്തിയിൽ നിന്ന പി.ജെ. ജോസഫ് വാലേൽ വർക്കി, സി പി. മാത്യു തുടങ്ങിയവരുടെ നിരന്തരം സമ്പർക്കം വഴി ലഭിച്ച തെളിവുകളെല്ലാം തന്നെ വിശ്വസനീയമെന്ന് തോന്നിയവ ഞാൻ ഈ ബുക്കിൽ ചേർത്തിട്ടുണ്ട്. ഈ പുസ്തകത്തിൽ പറയപ്പെടുന്ന വർഷങ്ങൾക്കും ദിവസങ്ങൾക്കും മാറ്റമുണ്ടാകാം. എന്നാൽ അതിലെ സംഭവ വികാസങ്ങൾ എല്ലാം തന്നെ ആ കാലയളവിൽ നടന്നതു തന്നെയെന്ന് നിസ്സംശയം ഞാൻ വ്യക്തമാക്കുന്നു. വിഭജന ചരിത്രം എഴുതണമെങ്കിൽ ദൈവസഭയുടെ ഉത്ഭവം മനസ്സിലാക്കണം. ഉത്ഭവത്തെക്കുറിച്ച് ഞാൻ ചില പുസ്തകങ്ങൾ വായിച്ചതിന്റെ വെളിച്ചത്തിൽ ഒരു ലഘു ചിത്രം 1914 മുതൽ 1972 വരെയുള്ള ദൈവസഭയുടെ ചരിത്രം ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ഇന്നത്തെ തലമുറയ്ക്ക് മനസ്സിലാകേണ്ടതിനായി വിഭജനത്തിന് ശേഷമുള്ള ചരിത്രവും ലഘുവിവരണമായി ചേർത്തിട്ടുണ്ട്. എനിക്ക് ലഭ്യമായ പഴയ ഫോട്ടോകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്റെ ഈ ചെറിയ പ്രവർത്തനത്തിന് പിന്തുണ നൽകിയ റോബിൻ ഡേവിഡ്, ഷിജിൻ ജോർജ്ജ്, പി.ജി. പ്രസാദ്, ജോമോൻ ജോസഫ് തുടങ്ങിയവരെ നന്ദിയോടെ ഓർക്കുന്നു. കേരളത്തിൽ പെന്തക്കോസ്തിന്റെ പല ചരിത്ര പുസ്തകങ്ങളും വന്നിട്ടുണ്ടെങ്കിലും കേരളത്തിൽ പെന്തക്കോസ്തിന് അടിത്തറയിട്ട നമ്മുടെ പിതാക്കന്മാരെ ബോധപൂർവ്വം ഒഴിവാക്കി പിൽക്കാലത്തു വന്ന് പ്രവർത്തിച്ചവരെ സ്ഥാപക നേതാക്കളാക്കി അവരുടെ ഭാവനയ്ക്കൊത്ത് എഴുതിപ്പിടിപ്പിച്ചപ്പോൾ നാം പോലും അവരാണ് സ്ഥാപകരെന്ന് വിശ്വസിച്ചു. എന്റെ ഈ പുസ്തകം വായിക്കുന്ന കേരളാ റീജിയണിലെ ഓരോ വിശ്വാസിക്കും പറയുവാൻ കഴിയും. കേരളത്തിലെ പെന്തക്കോസ്തിന് അടിത്തറയിട്ടത് നമ്മുടെ പിതാക്കന്മാരാണ്. അവരുടെ വിയർപ്പിന്റെ മുകളിൽ പണിതുർത്തിയതാണീ മണി മകുടങ്ങളെല്ലാം തന്നെ. ആ പിതാക്കന്മാരുടെ പിൻതലമുറക്കാരുള്ള ഏകപ്രസ്ഥാനവും കേരളാ

റീജിയനാണ്. അവരുടെ ചരിത്രങ്ങളടങ്ങിയ ഈ ലഘു പുസ്തകത്തിനുവേണ്ടി പിന്നിൽ നിന്നു സഹായിച്ച എല്ലാവർക്കും നന്ദി. ഇപ്രകാരം ഒരു പുസ്തകം എഴുതുവാനുള്ള പൂർണ്ണ പിന്തുണ നൽകി എന്നെ ഉത്സാഹിപ്പിച്ച എന്റെ പിതാവ് പാ. വി. ജോർജ്ജ് താൻ പഠിച്ചിറങ്ങിയ മുളക്കുഴ എന്ന ബൈബിൾ കോളേജും ശുശ്രൂഷാ കാലയളവിലെ ഫോട്ടോകളും ഡയറിക്കുറിപ്പുകളും ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. കൂടാതെ എന്റെ മാതാവ് സാലി വി. ജോർജ്ജ്, മൺമറഞ്ഞുപോയ ദൈവസഭയുടെ സ്ഥാപക നേതാവ് വലിയപറമ്പിൽ വി.റ്റി. പൗലോസിന്റെ കൊച്ചുമകൾ ആയതിനാൽ അദ്ദേഹത്തിന്റെ കൈപ്പടയിൽ എഴുതിയ പഴയ കടലാസും തന്റെ ആത്മീയ സുഹൃത്തുക്കളുടെ ചിത്രങ്ങളും ചരിത്രവും ഞാൻ ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. ഇതെല്ലാം ചേർത്തുകൊണ്ട് വളരെ ലളിതമായ ഭാഷയിൽ അധികം പേജുകളില്ലാത്ത ചെറിയ ഒരു ബുക്കാണിത്. എന്നാൽ വിഭജന ചരിത്രം തന്നെയാണ് ഈ പുസ്തകത്തിൽ കൂടുതലായും ഞാൻ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. "ചരിത്രവഴികളിൽ ദൈവസഭ" എന്ന ലഘു പുസ്തകം നിങ്ങൾക്ക് ദൈവസഭയുടെ ചരിത്രത്തെക്കുറിച്ചുള്ള ചെറിയ അവബോധ മുണ്ടാക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങളുടെ സഹകരണവും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു.

എന്ന് വിശ്വസ്തതയോടെ,

**റെയ്സൺ വി. ജോർജ്ജ്**

# ഉള്ളടക്കം....

**പാർട്ട് 1**

**ദൈവ സഭാ ഉത്ഭവചരിത്രം**


| | |
|---|---|
| കുക്ക് സായിപ്പിന്റെ ആഗമനം (1914) | 13 |
| 1914–1923 കാലഘട്ടത്തിലെ ദളിത് മുന്നേറ്റം | 15 |
| ആറാട്ടുപുഴ കൺവൻഷൻ (1923) | 20 |
| ദൈവസഭയുടെ ഉദയം (1930) | 26 |
| ദൈവസഭയുടെ പ്രവർത്തനത്തിന് തേര് തെളിയിച്ചവർ | 29 |
| മിഷനറിമാരുടെ സുവിശേഷ ദൗത്യം (1936–1968) | 33 |


**പാർട്ട് 2**

**ദൈവസഭാ വിഭജനചരിത്രം**


| | |
|---|---|
| 1968–1972 | 35 |
| പാറടി സഭയുടെ സംഘടിത നീക്കം | 40 |
| 1969 ലെ രഹസ്യയോഗം | 42 |
| മെമ്മോറാണ്ട സമർപ്പണവും തുടർ ചർച്ചയും | 46 |
| അമരാവതി സമ്മേളനം | 59 |
| ആക്ഷൻ കൗൺസിൽ രൂപീകരണം | 60 |
| വിഭജനത്തിന് വഴിവച്ച മുട്ടമ്പലം സമ്മേളനം | 67 |
| മുട്ടമ്പലം സമ്മേളനത്തിന്റെ പരിണിതഫലം | 71 |
| ദൈവസഭയുടെ വിഭജനവും, സ്വാതന്ത്ര്യ പ്രഖ്യാപനവും | 9 |
| സഭകളുടെ വേർതിരിക്കൽ | 84 |
| **അഗ്രഗാമികൾ** | 87 |
| ദൈവസഭ വിഭജനത്തിനുശേഷം സംഘടന ചരിത്രങ്ങൾ | 96 |



# ആശംസ

ദൈവസഭയുടെ ചരിത്രപുസ്തകം തയ്യാറാക്കിയ എന്റെ ആത്മീയ സ്നേഹിതന്റെ മകനും ദൈവസഭയുടെ ഭാവി വാഗ്ദാനവും, പള്ളം സഭാ മെമ്പറുമായ റെയ്സൺ വി. ജോർജ്ജിന് എന്റെയും പള്ളം സഭയുടെയും ആശംസകൾ.

**പാസ്റ്റർ പി. സി. എബ്രഹാം**

കോട്ടയം സെന്റർ മിനിസ്റ്റർ



# ആശംസ

ബ്രദർ റെയ്സൺ വി. ജോർജ്ജ് ദൈവസഭയുടെ ചരിത്രം എഴുതുമ്പോൾ ഏതൊരു സഭാവിശ്വാസിയെപ്പോലെയും ഞാനും സന്തോഷിക്കുന്നു. പള്ളം സഭയുടെ യുവജനപ്രസ്ഥാനത്തിലൂടെ വളർന്നു വന്ന റെയ്സൺ മറ്റ് യുവജനങ്ങൾക്ക് മാതൃകയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം പള്ളം സഭയുടെയും ആശംസകൾ.

**ബ്രദർ സണ്ണി ജോസഫ് കക്കാട്ടുചിറ**

പള്ളം സഭാ സെക്രട്ടറി

# കുക്ക് സായിപ്പിന്റെ ആഗമനം (1914)

1912 കാലിഫോർണിയയിലെ ലോസ് ആഞ്ചലസിൽ വച്ചുണ്ടായ ദൈവവിളി അനുസരിച്ച് കുക്ക് 1913 തന്റെ സുഹൃത്തും മിഷനറിയുമായ ജോർജ്ജ് ബർഗ്ഗുമൊത്ത് ഇന്ത്യയിൽ വരികയും ബാംഗ്ലൂരിലെത്തി താമസമാക്കിക്കൊണ്ട് മൈസൂരിലെ പലഭാഗ ങ്ങളിലായി വേലചെയ്തു വന്നു. അങ്ങനെയിരിക്കെ പാസ്റ്റർ എം. ബഞ്ചമിന്റെ ക്ഷണപ്രകാരം തമിഴ്നാട്ടിലെ കോയമ്പത്തൂർ, മധുര, തിരുനൽവേലി, തെങ്കാശി, അരുവാമൊഴി എന്നീ പ്രദേശങ്ങളിൽ സഞ്ചരിച്ച് പെന്തക്കോസ്തിന്റെ ശക്തിയോടെ സുവിശേഷ ഘോഷണം നടത്തിക്കൊണ്ടിരുന്നു. അന്യഭാഷാ ഭാഷണത്തോട് കൂടിയ പരിശുദ്ധാത്മാവ് നിറവും രോഗശാന്തിയും അദ്ദേഹത്തിന്റെ ശുശ്രൂഷയുടെ പ്രധാന ഭാഗങ്ങളായിരുന്നു. രോഗശാന്തി വരപ്രാപ്തനായ കുക്ക് സായ്പിന്റെ ശുശ്രൂഷ ധാരാളം ആളുകളെ രക്ഷയിലേക്ക് കൊണ്ടുവന്നു. പരിശുദ്ധാത്മാവ് നിറവിലണ്ടായിരുന്ന അന്യഭാഷാ ഭാഷണം അന്നത്തെ ക്രിസ്ത്യാനികൾക്ക് പുതിയൊ രറിവായിരുന്നു. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ഭൂതങ്ങൾ അലറി വിട്ടുപോകുന്നത് പതിവുകാഴ്ചയായി. വർണ്ണ വിവേചനമുണ്ടായിരുന്ന അന്നത്തെ കാലത്ത് താഴ്ന്ന വർഗക്കാരുമായുള്ള കുക്ക് സായ്പിന്റെ സംസർഗ്ഗം താഴേക്കിടയിലുള്ളവർക്കിടയിൽ വലിയ സ്വാധീനമുള്ള വാക്കി അവർ അദ്ദേഹത്തെ ദൈവദൂതനെപ്പോലെ മാനിച്ചും വണങ്ങിയും പോന്നു. മാത്രവുമല്ല രാത്രിയും പകലും കിലോമീറ്ററുകൾ നടന്നുള്ള ശുശ്രൂഷകൾ താഴ്ന്ന വിഭാഗത്തിലുള്ളവർ ഇരുകൈയും നീട്ടി സ്വീകരിച്ചു. തുടർന്ന് തന്റെ വേല തമിഴ്നാട് കേന്ദ്രമാക്കിയായതിനാൽ അങ്ങോട്ട് താമസം മാറ്റി തന്റെ ശുശ്രൂഷാ സഹായത്തിനായി എം. ബഞ്ചമിൻ അദ്ദേഹത്തിന്റെ സഹോദരൻ സൈമൺ, ജപരത്തി, സത്ഗുണം, നാഥൽ തിരുനൽവേലി, യേശുദാസൻ, ഡി ജ്ഞാനശേഖരൻ തുടങ്ങിയ പ്രഗത്ഭമതികളായ പാസ്റ്റർമാർ അദ്ദേഹത്തെ അനുഗമിച്ചു. താൻ സ്ഥാപിച്ച സഭകളെല്ലാം തന്നെ അന്ന് എ.ജി. ബന്ധത്തിലായിരുന്നു തുടർന്ന് തന്റെ

പ്രവർത്തനം കേരളത്തിലേക്ക് വ്യാപിപ്പിക്കുവാൻ തീരുമാനിച്ചു. അതിന് തന്നെ പ്രേരിപ്പി ച്ചത് തന്റെ സുഹൃത്ത് കമ്മിൻസ് സായിരുന്നു. അദ്ദേഹം മുമ്പ് കേരളത്തിലെ നിത്യസന്ദർശക നായിരുന്നു. അങ്ങനെ 1914 പെന്തക്കോസ്തു സന്ദേശവു മായി കുക്ക് കേരളക്കരയിലെത്തി. കേരളത്തിലെത്തിയ താൻ കാള വണ്ടിയിൽ ആയിരുന്നു യാത്ര. തുവയൂരിലാണ് തന്റെ സുവി ശേഷ പ്രവർത്തനമാരംഭിച്ചത്. പുനലൂർ, കൊട്ടാരക്കര, അടൂർ തുടങ്ങിയ ധാരാളം സ്ഥലങ്ങ ളിലേക്ക് കുക്ക് തന്റെ പ്രവർത്ത നങ്ങൾ വ്യാപിപ്പിച്ചു, തന്റെ സുവിശേഷ പ്രവർത്തനങ്ങളിൽ ശ്രദ്ധിച്ചിരുന്നത് കൂടുതലും പിന്നോക്ക വിഭാഗക്കാരെയാ യിരുന്നു. ഒരു വെള്ളക്കാരൻ തങ്ങളുടെ ഇടയിലേക്ക് ഇറങ്ങി വരുക എന്നത് കേരളത്തിലെ പിന്നോക്ക വിഭാഗക്കാരെ സംബ ന്ധിച്ചിടത്തോളം വലിയൊരു കാര്യമായിരുന്നു.



**റോബർട്ട് എഫ്. കുക്ക്**
**(1880–1958)**

**ആദ്യ ഭാര്യ അന്ന**
**മക്കൾ ബ്ലോസം , ഡൊറാത്തി**

# 1914–1923 കാലഘട്ടത്തിലെ ദളിത് മുന്നേറ്റം

1914 മുതൽ 1923 വരെയുള്ള കാലഘട്ടത്തെ പെന്തക്കോസ്തിലേക്കുള്ള ദളിതരുടെ തള്ളിക്കയറ്റം എന്ന് വിശേഷിപ്പിക്കാം. ആദ്യ കാലഘട്ടങ്ങളിൽ കുക്ക് സായ്പിന്റെ വ്യത്യസ്തത നിറഞ്ഞ സുവിശേഷം സുറിയാനി വിഭാഗത്തിലുള്ള ക്രിസ്ത്യാനികൾ തള്ളിക്കളഞ്ഞു. തന്റെ യോഗങ്ങളിൽ കേൾവിക്കാർ ഭൂരിഭാഗവും ദളിതരായിരുന്നു. തുവയൂർ, പുനലൂർ, ഇടമണ്ണ്, ചാലിയേക്കര തുടങ്ങിയ ഭാഗത്തെ അധഃസ്ഥിതരായ നൂറുകണക്കിനാളുകൾ ഓരോ ദിവസവും സ്നാനപ്പെട്ട് ദൈവസഭയോട് ചേർന്നിരുന്നു. കുക്ക് സായ്പിന്റെ ആദ്യവരവിൽ കൂടുതലായും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് തെക്കൻ മേഖലയിലായിരുന്നു. 1914 -ൽ തൂവയൂരിലെ തന്റെ ആദ്യ സ്നാനത്തിൽ 63 പേരാണ് ഉണ്ടായിരുന്നത്. അവരിൽ ഭൂരിഭാഗവും ദളിത് വിഭാഗത്തിൽ നിന്നുള്ളവരും എസ്റ്റേറ്റിൽ ജോലിക്കായി വന്നിരുന്ന പിന്നോക്ക വിഭാഗത്തിൽപെട്ടവരും ആയിരുന്നു. ഇവരെല്ലാവരും സുവിശേഷത്തോട് പൊതുവേ ആഭിമുഖ്യം പുലർത്തുന്നവരായിരുന്നു. പിന്നീടാണ് കുക്കിന്റെ യോഗത്തിലേക്ക് സുറിയാനിക്കാരായവർ വരുവാൻ തുടങ്ങിയത്. സ്തുതിയും, സ്തോത്രവും, അന്യഭാഷയും വ്യാഖ്യാനങ്ങളുമടങ്ങിയ പുത്തൻ അനുഭവത്തെ ദളിതരായ പിന്നോക്ക വിഭാഗങ്ങൾ രണ്ടു കയ്യും നീട്ടി സ്വീകരിച്ചു. ദളിതരോട് കുക്കിന് പ്രത്യേകിച്ച് ഒരനുകമ്പ ഉണ്ടായിരുന്നു എന്നത് തുറന്ന സത്യമാണ്. തന്റെ ലേഖനത്തിൽ അത് സ്പഷ്ടമായി വിവരിക്കുന്നുമുണ്ട്. ഒരിക്കൽ ഒരു രാത്രിയോഗത്തിൽ ഇടിവെട്ടി മഴപെയ്തതിനെ തുടർന്ന് യോഗസ്ഥലത്ത് നിന്നവർ ചിതറിയോടി. സുറിയാനി വിഭാഗക്കാർ ഷെഡിലേക്കും പിന്നോക്ക വിഭാഗക്കാർ തൊഴുത്തിലേക്കും ഓടിക്കയറി. കുക്ക് എങ്ങോട്ട് പോകണമെന്നാലോചിക്കാതെ പിന്നോക്ക വിഭാഗക്കാർക്കൊപ്പം തൊഴുത്തിലേക്കോടി. തന്റെ ജീവിത ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്ന ഈ കഥ തന്റെ സുവിശേഷ ദൗത്യം ആരോടാണെന്ന് വ്യക്തമായി സൂചന നൽകുന്നു. കുക്കിന്റെ ഈ ചിന്താഗതിയാണ് നൂറുകണക്കിന് ദളിതരെ പെന്തക്കോസ്ത് ആശയത്തിലേയ്ക്ക് എത്തിച്ചത്. കേരളത്തിൽ അന്ന് നിലനിന്നിരുന്ന ജാതി വ്യവസ്ഥയെ പൂർണ്ണമായും എതിർത്ത് എല്ലാവരുടേയും അടുത്തേയ്ക്ക് തന്റെ സുവിശേഷമെത്തിക്കുവാൻ അദ്ദേഹം

ശ്രമിച്ചിരുന്നു. എന്നാലത് പൂർണ്ണമായും ഉൾക്കൊണ്ട് മുന്നോട്ടു വന്നത് പിന്നോക്ക വിഭാഗങ്ങളായിരുന്നു. എല്ലാവരും ക്രിസ്തുവിൽ ഒന്നാണെന്ന തത്വം എല്ലാ വേദികളിലും പറയുക മാത്രമല്ല പ്രവർത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്തത് പിന്നോക്ക വിഭാഗങ്ങളെ വൻതോതിൽ പെന്തക്കൊസ്തിലേയ്ക്ക് ആകർഷിക്കുവാനിടയാക്കി. തന്റെ ആദ്യവരവിൽ പിന്നോക്ക വിഭാഗത്തിൽ നിന്നുണ്ടായ വലിയൊരു വിഭാഗം തന്നോടൊപ്പം അണിചേർന്നു. 1914–1917 കാലഘട്ടങ്ങളിൽ പെന്തിക്കോസ്ത് തെക്കൻ മേഖലകളിൽ വളരുവാൻ പ്രധാനകാരണം ദളിത്-കുക്ക് ബന്ധമായിരുന്നു.

1917 കാലഘട്ടങ്ങളിൽ പുനലൂർ കൊട്ടാരക്കര കേന്ദ്രമാക്കി യായിരുന്നു തന്റെ പ്രവർത്തനങ്ങൾ. കൊട്ടാരക്കരയിൽ ഒരു വീട് വാടകയ്ക്കെടുത്ത് തന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയി. തന്റെ പ്രവർത്തനങ്ങളുടെ വിശാലതക്കും യോഗക്രമീകരണങ്ങൾ നടത്തുന്നതിനുമായി ഒരു സംഘത്തെ ഒരുക്കിയെടുക്കണമെന്ന ചിന്തയെ തുടർന്ന് ചില ചെറുപ്പക്കാരെ അതിനുള്ള ട്രെയിനിംഗ് നൽകി ഒരുക്കിയെടുത്തു. യോഗം നടത്തുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തുക, അനൗൺസ്മെന്റുകൾ ചെയ്യുക, പന്തലുകൾ ക്രമീക രിക്കുക, സുവിശേഷത്തിന്റെ പ്രാധാന്യത അവിടത്തെ ജനങ്ങളെ മനസ്സിലാക്കിക്കൊടുക്കുക തുടങ്ങിയവയായിരുന്നു ഈ സംഘത്തിന്റെ ചുമതല. ഇതിന്റെ ഉദ്ദേശശുദ്ധി മനസ്സിലാക്കി ദൗത്യം ഏറ്റെടുക്കുവാൻ വന്നവരിൽ ഭൂരിഭാഗവും ദളിതരായ യുവാക്കളായിരുന്നു. കൊട്ടാര ക്കരയിലെ എല്ലാ ഗ്രാമങ്ങളിലേക്കും കുക്കിന്റെ അനുയായികൾ അനൗൺസ്മെന്റിനായി ഓടി നടന്നു. കുക്ക് എഴുതിക്കൊടുക്കുന്ന വാക്കുകൾ ഉപയോഗിച്ചുള്ള അനൗൺസ്മെന്റ് വളരെ മനോഹരവും ആകർഷണീയവുമായിരുന്നു.

“കൊട്ടാരക്കരദേശമേ, കൊട്ടാരക്കര ദേശമേ<br>
ഇതാ വീണ്ടും അനുഗ്രഹിക്കപ്പെട്ട സുവിശേഷം.<br>
ശ്രവിക്കുവാൻ നിങ്ങൾക്കൊരവസരം ലഭിച്ചിരിക്കുന്നു.”

(കൊട്ടാരക്കരയിൽ നടന്ന അനൗൺസ്മെന്റിന്റെ ഏതാനും വരികൾ) ഇങ്ങനെ വിളിച്ചു പറഞ്ഞു കൊണ്ടും കഴുത്തിൽ തമ്പേറും തൂക്കി കുറേ ദലിത് ചെറുപ്പക്കാർ സായ്പിനൊപ്പം സഞ്ചരിച്ചു. പുനലൂർ, ചാലിയേക്കര, ഇടമൺ, മണ്ണടി, അടൂർ തുടങ്ങി കുക്ക് നടത്തിയ യോഗങ്ങളിലെല്ലാം പിന്നോക്ക വിഭാഗത്തിന്റെ വേലിയേറ്റമായിരുന്നു. വൻതോതിലുള്ള ദളിത് സാന്നിധ്യം കാരണം

സുറിയാനി ക്രൈസ്തവർ യോഗങ്ങളിൽ വരുവാൻ മടികാണിച്ചു. പിന്നോക്ക വിഭാഗം കുക്കിനോട് കാണിച്ച പിന്തുണയും, ശുഷ്കാന്തിയും അദ്ദേഹത്തിന് മതിപ്പുളവായി. കൂടാതെ കുക്ക് അവരുമായി കൂടുതൽ അടുക്കുന്നതിനായി അവരിൽ ഒരുവനെപ്പോലെയായി. കൊട്ടാരക്കരയിലെ തന്റെ വാസസ്ഥലം കണ്ടാൽ അത് ഒരു വിദേശ മിഷനറിക്ക് പറ്റുന്നതാണോ എന്ന് ചിന്തിക്കുന്നവരനേകർ. ഇരുവശത്ത് 4 അടി ഉയരത്തിൽ മണ്ണുകൊണ്ട് മാത്രം കെട്ടിപ്പൊക്കിയ മതിലുകൾ, ഓലമേഞ്ഞ ഉയരം കുറഞ്ഞ മേൽക്കൂര, രണ്ടിഞ്ചകലത്തിൽ വെളിച്ചം കടക്കാത്ത ജനാലകൾ. ഈ കുടിലിലെത്തുന്ന അതിഥികളിൽ കൂടുതലും പിന്നോക്ക വിഭാഗങ്ങളായിരുന്നു. അവരിലേക്കിറങ്ങുന്നതിന് ഇവരുടെ ജീവിത ശൈലിയിലേക്ക് ജീവിതം മാറ്റിയെടുക്കുവാൻ കുക്ക് കാണിച്ച ശ്രമങ്ങളുടെ ഫലമായാണ് ദളിതർ ഈ സുവിശേഷം നെഞ്ചിലേറ്റിയത്. ബൈബിളിലെ ആശയങ്ങൾ തന്റെ ജീവിതത്തിലൂടെ പ്രാവർത്തികമാക്കിയപ്പോൾ താൻ ഉയർത്തിപ്പിടിച്ച ബൈബിൾ എന്താണെന്ന് അറിയുവാനുള്ള ജിജ്ഞാസയാണ് പിന്നോക്ക വിഭാഗങ്ങളെ പെന്തക്കൊസ്തിലേക്ക് വലിച്ചടുപ്പിച്ചത്.

1914 മുതൽ 1917 വരെയുള്ള തന്റെ ആദ്യ വരവിൽ കൊട്ടാരക്കര ഉൾപ്പെടെയുള്ള തെക്കൻ മേഖലകളിൽ ഉണർവ്വ് ശക്തമായി സൃഷ്ടിക്കാൻ സാധിച്ചു. അത് മധ്യ തിരുവിതാംകൂറിലേക്ക് എത്തിച്ചത് രണ്ട് പ്രമുഖ ദളിത് നേതാക്കളായിരുന്നു. വെള്ളിക്കര ചോതിയും, പൊയ്കയിൽ യോഹന്നാനും. 1921 ലെ കൊട്ടാരക്കര യോഗത്തിന് സംബന്ധിക്കാൻ വന്നപ്പോഴാണ് വെള്ളിക്കര ചോതിയെപ്പറ്റി അദ്ദേഹം അറിയുന്നത്. തന്റെ പ്രവർത്തനം തെക്കൻ മേഖലയിൽ നിന്ന് വടക്കൻ മേഖലയിലേക്ക് വ്യാപിപ്പിക്കണം എന്ന ചിന്ത മനസ്സിനെ ഭരിക്കവെയാണ് മധ്യ തിരുവിതാംകൂറിലെ പിന്നോക്ക വിഭാഗത്തിന്റെ ശക്തനായ നേതാവിനെപ്പറ്റി അറിയുന്നത്. താമസിയാതെ തന്നെ അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തി.

ചോതിയെപ്പറ്റിയുള്ള അന്വേഷണത്തിൽ വെളിപ്പെട്ട വസ്തുതകൾ കൗതുകമുണർത്തുന്നവയായിരുന്നു. വെള്ളിക്കര മത്തായി എന്നറിയപ്പെടുന്ന വെള്ളിക്കര ചോതി അടുത്ത കാലം വരെ സുവിശേഷ പ്രവർത്തകനായിരുന്നെന്നും മതം മാറ്റത്തിലൂടെ ക്രിസ്ത്യാനിയായ തന്നെയും തന്റെ സമൂഹത്തെയും സവർണ്ണ ക്രൈസ്തവർ അംഗീകരിക്കാതെ വന്നപ്പോഴാണ് വീണ്ടും ഹിന്ദുമതത്തിലേക്ക് തിരികെ പോയതെന്നും ശ്രീമൂലം



**പൊയ്കയിൽ യോഹന്നാൻ**

മദ്ധ്യതിരുവിതാംക്കൂറിൽ തിരുവല്ല താലൂക്കിൽ ഇരവിപേരൂർ എന്ന ഗ്രാമത്തിൽ 1879 ഫെബ്രുവരി 17 ന്

കണ്ടൻ, കുഞ്ഞുളേച്ചി എന്നിവരുടെ മൂന്നാമത്തെ മകനായി ജനിച്ചു.

മതപരിവർത്തനത്തിലൂടെ ക്രിസ്ത്യാനിയായ ഇദ്ദേഹം അധസ്ഥിതർക്കെതിരെ സഭയുടെ ഉള്ളിൽ തന്നെയുള്ള ഉച്ചനീതത്വങ്ങൾക്കെതിരെ പോരാടിയ വ്യക്തി.

പ്രജാസഭയിലെ അംഗമാകാനുള്ള ശ്രമം ക്രിസ്ത്യൻ പട്ടം ഉപേക്ഷിക്കാൻ മറ്റൊരു കാരണ മാണെന്നും അറിയാൻ കഴിഞ്ഞു.

സുവിശേഷത്തിനോടാഭിമുഖ്യം കാണിച്ച വെള്ളിക്കര ചോതിയുടെ മനസ്സാണ് മധ്യ തിരുവിതാംകൂറിൽ സുവിശേഷം എത്താൻ പ്രധാന കാരണം. പിറ്റേ വർഷം വെള്ളിക്കര ചോതിയുടെ ക്ഷണപ്രകാരം കുക്ക് സായ്പ് വെള്ളിക്കരയിൽ പ്രവർത്തന ത്തിനായി വന്നുചേർന്നു. കുക്കിന്റെ വരവ് അറിഞ്ഞ് വലിയൊരു സമൂഹം അദ്ദേഹത്തെ സ്വീകരിപ്പാൻ വെള്ളിക്ക രയിൽ എത്തിയിരുന്നു. 1912-1921 കാലഘട്ടങ്ങളിലെ പെന്തിക്കോസ്തി ലേക്കു ദളിതരുടെ വൻതോതിലുള്ള വരവിന് ചോതിയും ഒരു കാരണമാണ്. 1922-ൽ വെള്ളിക്കര യിൽ കൂടിയ യോഗത്തിൽ വൻ ജനാവലി തന്നെയുണ്ടായിരുന്നു. സുവിശേഷത്തിന്റെ വേരുകൾ വെള്ളിക്കര, കുമ്പനാട് പ്രദേശങ്ങളിൽ ആഴ്ന്നിറങ്ങി. മറ്റൊരു നേതാവായി രുന്ന പൊയ്കയിൽ യോഹന്നാനും തന്റേതായ സംഭാവന പെന്തിക്കൊസ് തിന് നൽകിയിട്ടുണ്ട്. വെള്ളിക്കര ചോതിയുമൊത്തുള്ള കുക്കിന്റെ പ്രവർത്തനങ്ങൾ കേട്ടറിഞ്ഞാണ് പൊയ്കയിൽ യോഹന്നാൻ തന്റെ ആസ്ഥാനമായ ഇരവിപേരൂരിലേയ്ക്ക് സായ്പ്പിനെ ക്ഷണിക്കുന്നത്. ഒരു വലിയ ജനത്തിന്റെ പിൻബലമുള്ള അധഃസ്ഥിത വർഗത്തിന്റെ നേതാവാ യിരുന്നു പെയ്കയിൽ യോഹന്നാൻ.

ഇരവിപേരൂറിൽ കുക്ക് നടത്തിയ യോഗത്തിൽ ആയിരക്കണക്കിനാളുകളാണ് രക്ഷിക്കപ്പെട്ടത്. ഇതിൽ പ്രചോതിതരായ നൂറുകണക്കിനാളുകൾ കുക്കിനെ വിളിച്ചു പല സ്ഥലങ്ങളിയായ യോഗങ്ങൾ നടത്തി. ഇവിടെ നിന്നു കുക്കിന് സുവിശേഷത്തിനായി ഒരു വാതിൽ തുറന്നുകിട്ടി എന്നു വേണം അനുമാനിക്കാൻ. 1924-ൽ കുക്ക് സ്വദേശത്തേക്ക് മടങ്ങിപ്പോയതോടെ ഇവരിൽ യോഹന്നാൻ അടക്കമുള്ള പലരും പിന്മാറ്റത്തിലേക്ക് പോയി എന്നാൽ മധ്യ തിരുവിതാംകൂറിൽ പെന്തക്കൊസ്തിന് അടിസ്ഥാനമിടാൻ ഈ രണ്ട് അധഃസ്ഥിത നേതാക്കളിലൂടെ കഴിഞ്ഞു എന്നത് തുറന്ന സത്യമാണ്.

# കെ.ഇ. എബ്രഹാമിന്റെ കാൽവെപ്പും സുറിയാനി ക്രിസ്ത്യാനികളുടെ പെന്തക്കോസ്തിലേക്കുള്ള കടന്നുവരവും (1923–1930)

1914 മുതൽ 1922 വരെയുള്ള കാലഘട്ടം പിന്നോക്ക വിഭാഗത്തിൽ നിന്നുള്ളവരാണ് പെന്തിക്കോസ്ത് ആശയങ്ങൾ ഏറ്റെടുത്തതെങ്കിൽ പിന്നീട് അത് മുന്നോക്ക വിഭാഗങ്ങളിലേക്ക് പടർന്ന് പന്തലിക്കുവാൻ കാരണം ഐ.പി.സി. സ്ഥാപക നേതാവായ കെ. ഇ. എബ്രഹാമിന്റെ കടന്നുവരവ് തന്നെയാണ്. പന്തളം മത്തായി ഉപദേശിയിൽ നിന്ന് പെന്തക്കൊസ്തിന്റെ ഉപദേശങ്ങൾ ഗ്രഹിച്ച കെ.ഇ. എബ്രഹാം പൂർണ്ണമായി സുവിശേഷ വേലക്കിറങ്ങുന്നത് 1923ലാണ്. കെ.ഇ. എബ്രഹാമിന്റെ കടന്നുവരവിന് ശേഷമാണ് പെന്തക്കോസ്തിന്റെ ആശയം സിറിയൻ വിഭാഗത്തിലേക്ക് എത്തി ചേരുന്നത്. 1923 മുതൽ 1930 വരെ കെ.ഇ. എബ്രഹാമും കുക്ക്സായ്പ്പും ചേർന്നുള്ള പ്രവർത്തനമായിരുന്നു കേരളക്കരയിൽ നടന്നത്. ഇരുവരുടെ സംയുക്ത പ്രവർത്തനത്തിന്റെ ഫലമായി പിന്നോക്ക വിഭാഗക്കാരുടെയും സുറിയൻ വിഭാഗക്കാരുടെയും ഇടയിൽ പെന്തക്കൊസ്ത് പ്രസ്ഥാനം കത്തിപ്പടർന്നു. കെ. ഇ. എബ്രാഹം നേതൃത്വം വഹിക്കുന്ന തെന്നിന്ത്യൻ പെന്തക്കോസ്ത് സഭയും, കുക്കിന്റെ കീഴിലുള്ള തെന്നിന്ത്യൻ പൂർണ്ണ സുവിശേഷ സഭയും യോജിച്ച് പ്രവർത്തിക്കാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ 1926 ഒക്ടോബർ 6 ന് കുക്ക്

സായ്പ് പ്രസിഡന്റും, കെ. ഇ. എബ്രാഹം വൈസ് പ്രസിഡന്റുമായി മലങ്കര പെന്തക്കോസ്ത് നിലവിൽ വന്നു. ഇതോടെ കേരളത്തിലെ പ്രവർത്തനങ്ങൾക്ക് ശക്തി വർദ്ധിക്കുകയും ധാരാളം ആളുകൾ ദൈവസഭയോട് ചേരുകയും ചെയ്തു.

## ആറാട്ടുപുഴ കൺവൻഷൻ (1923)

കുക്ക് സായ്പ് തന്റെ ശ്രമഫലമായി ഉളവായ സഭകളെ കൂട്ടിച്ചേർത്തുകൊണ്ട് ഒരു കൺവൻഷൻ നടത്തുവാൻ തീരുമാനിച്ചു. കൊട്ടാരക്കര, അടൂർ, തുവയൂർ തുടങ്ങിയ തെക്കൻ മേഖലകളിലെ പ്രവർത്തനം ശക്തമായ നിലയിൽ മുന്നോട്ടുപോകുകയും മധ്യ തിരുവിതാംകൂറിലെ തന്റെ ശ്രമഫലമായി ധാരാളം സഭകൾ ഉയർന്നു വരികയും ചെയ്തതോടെ വാർഷിക കൺവൻഷൻ നടത്തുവാനുള്ള ആഗ്രഹം തന്റെ മനസ്സിലുദിച്ചു. 1914 മുതൽ 1923 വരെ താൻ സ്ഥാപിച്ച സഭകളും മിഷൻ പ്രവർത്തനങ്ങളുമെല്ലാം തെന്നിന്ത്യൻ പൂർണ്ണ സുവിശേഷ സഭ എന്ന പേരിലായിരുന്നു മുന്നോട്ട് പോയിരുന്നത്. കെ. ഇ. എബ്രഹാം അടക്കമുള്ള ചില നേതാക്കൾ കുക്കിന് പിന്തുണയുമായി എത്തിയതോടെ വേല കുറച്ചുകൂടെ വിശാലമായി. അങ്ങനെ 1923 ഡിസംബർ മാസത്തിൽ റാന്നിയിലെ ആറാട്ടുപുഴ മണൽപുറത്ത് പൂർണ സുവിശേഷസഭയുടെ ആഭിമുഖ്യത്തിൽ ആദ്യത്തെ വാർഷിക കൺവൻഷൻ നടത്തപ്പെട്ടു. കേരളത്തിലെ തന്നെ ഒരു പെന്തക്കോസ്ത് വിഭാഗത്തിന്റെ ആദ്യ ജനറൽ കൺവെൻഷൻ ആറാട്ടുപുഴ കൺവൻഷനാണ്. ആറാട്ടുപുഴ കൺവെൻഷനിൽ വന്നവരിൽ 90% ആളുകളും അടിസ്ഥാന ജനവിഭാഗമായിരുന്നു. സവർണ്ണ വിഭാഗത്തിൽ നിന്ന് വന്നവരിൽ ഭൂരിഭാഗവും പ്രതികാര ബുദ്ധിയോടെ വന്നവരായിരുന്നു. അന്യഭാഷയടക്കമുള്ള ആത്മീയ ആരാധനയെ വിമർശന ബുദ്ധിയോടെ കണ്ടിരുന്ന സവർണ്ണ ക്രിസ്ത്യാനികൾ ഈ രീതിയെ ചോദ്യം ചെയ്തിരുന്നു.

ഈ യോഗങ്ങളിൽ അനേകർ സാമുദായിക ബന്ധങ്ങളെ ഉപേക്ഷിച്ച് വിശ്വാസം സ്വീകരിച്ച് മുന്നോട്ട് വന്നു. ഉച്ചനീചത്വങ്ങളെ മറന്ന് അന്യോന്യം ചേർന്ന് ഭക്ഷണ പാനീയങ്ങൾ കഴിച്ചു. രാത്രി കാലങ്ങളിൽ, യുവാക്കന്മാർ കൂട്ടംകൂട്ടമായി ചേർന്ന് ഉയർന്ന സ്ഥലങ്ങളിലെത്തി ഉച്ചത്തിൽ പ്രാർത്ഥിക്കുകയും, വേദവാക്യങ്ങൾ വിളിച്ചു പറയുകയും ചെയതുവന്നു. പാതയോരങ്ങളിലും, വഴിക്കവലകളിലും പരസ്യയോഗങ്ങൾ നടത്തി. ആഭരണങ്ങൾ

ധരിച്ചെത്തിയ പലരും അവ അഴിച്ചുമാറ്റിയും, ആരാധന തുടങ്ങുന്ന സമയങ്ങളിൽ വെള്ള വസ്ത്രം ധരിച്ചു. പ്രാർത്ഥനയാൽ രോഗസൗഖ്യം വരുത്തി. മദ്യം, പുകയില എന്നിവ ഉപയോഗിക്കുന്നതിനെതിരെ ശപഥം ചെയ്തു. പരസ്പര സ്നേഹത്തോടെയും ദൈവസ്നേഹത്തിലും കൂട്ടായ്മ ആചരിച്ചു. അന്യമതങ്ങളിൽ നിന്നും ധാരാളം പേർ യേശുകർത്താവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു.

ആറാട്ടുപുഴ കൺവൻഷനു ശേഷമാണ് പെന്തിക്കോസ്ത്കാർ ആഭരണത്തോട് വിമുഖത കാണിച്ചത്. എന്നാൽ ഇത് തെറ്റായ രീതിയിൽ വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ദൈവത്തിന്റെ സ്നേഹമറിഞ്ഞ ഇവിടത്തെ അടിസ്ഥാന ജനവിഭാഗം തങ്ങളെ പൂർണമായി ദൈവത്തിന് സമർപ്പിച്ചതിനോടൊപ്പം, ആഭരണം പോലുള്ള ആഡംബര വസ്തുക്കൾ പൂർണ്ണമായും ഉപേക്ഷിക്കുവാൻ തയ്യാറായി. ഇവരുടെ ഈ വിശുദ്ധി കണ്ടിട്ടാണ് ഇതരക്രൈസ്തവ വിഭാഗം പെന്തിക്കോസ്ത് വിഭാഗത്തിലേക്ക് വന്നപ്പോൾ അടിസ്ഥാന വിഭാഗം തുടർന്നു പോന്നിരുന്ന ആചാരം അതേരീതിയിൽ മുന്നോട്ടു കൊണ്ടുപോകുവാൻ നിർബന്ധിതരായത്. കേരളത്തിലെ ആദ്യത്തെ ജനറൽ കൺവെൻഷൻ ആറാട്ടുപുഴയിൽ പരിസമാപ്തി കുറിച്ചപ്പോൾ, പെന്തക്കൊസ്ത് ആശയങ്ങൾക്ക് പുതിയ കീഴ്‌വഴക്കങ്ങളും, നിയമങ്ങളും ഉരിത്തിരിഞ്ഞു വന്നു. പിന്നീട് വന്ന തലമുറ ഇതേ കീഴ്‌വഴക്കങ്ങൾ പാലിച്ചു പോന്നു. ആറാട്ടുപുഴയിൽ കുക്ക് സായ്പ് നടത്തിയ പൂർണ്ണ സുവിശേഷയുടെ ആദ്യത്തെ വാർഷിക കൺവൻഷൻ ദൈവസഭയുടെയും ആദ്യത്തെ വാർഷിക കൺവൻഷനാണ്. 1970കളുടെ അവസാനം വരെയും റാന്നിയുടെ മണൽപ്പുറത്തായിരുന്നു. കൺവൻഷൻ നടന്നുകൊണ്ടിരുന്നത്. പിന്നീടത് മുളക്കുഴയിലും അതിനുശേഷം പാക്കിൽ പ്രദേശത്തുമായി നടത്തപ്പെടുന്നു.

## മലങ്കര പെന്തിക്കോസ്ത് ദൈവസഭ വിഭജിക്കപ്പെടുന്നു (1930)

കുക്ക് സായ്പ് പ്രസിഡന്റ് ആയുള്ള മലങ്കര സഭകളുടെ പ്രവർത്തനം സുഗമമായി പോയിരുന്നെങ്കിലും കുക്ക് എജി ബന്ധം വിട്ടിരുന്നില്ല. അതിനാൽ തന്റെ കൂടെ പ്രവർത്തിക്കുന്നവർക്കുള്ള സാമ്പത്തിക സഹായം മുടക്കം കൂടാതെ കൊടുത്തിരുന്നു. എ.ജിയുടെ പുതിയൊരു സർക്കുലർ പുറത്ത് വന്നത് കുക്ക് സായ്പ്പ് ഉൾപ്പെടുന്ന

സഭകൾക്കിടയിൽ സംസാരങ്ങൾക്കിടയാക്കി. ഓരോ മിഷനറിമാർക്കും തന്നിരിക്കുന്ന സ്ഥലം വിട്ട് മറ്റു പ്രദേശങ്ങളിലേക്ക് പോയി സുവിശേഷ പ്രവർത്തനം ചെയ്യരുതെന്ന നിർദ്ദേശം കെ. ഇ. എബ്രാഹം ഉൾപ്പെടെയുള്ള സുവിശേഷകർ എതിർത്തു. എത്രയുംവേഗം എജി ബന്ധം ഉപേക്ഷിക്കണമെന്ന് അവർ കുക്കിനോട് ആവശ്യപ്പെട്ടു. പുതിയ സർക്കുലർ പ്രകാരം മറ്റു സ്ഥലങ്ങളിലേക്ക്  പോയി സുവിശേഷം നടത്തുവാനുള്ള അനുവാദം നൽകാത്തതിനാൽ അതു സഭകളുടെ വളർച്ചയേയും സ്വാതന്ത്ര്യത്തെയും ഹനിക്കുന്നതാണെന്നും വിദേശത്തു നിന്നും പണം പറ്റുന്നത് നിർത്ത് സ്വന്തം നിലയിൽ സ്വയംപര്യാപ്തമതമാകണമെന്ന നിർദ്ദേശം കെ. ഇ. എബ്രഹാം ഉൾപ്പെടെയുള്ളവർ മുന്നോട്ടുവന്നു. എന്നാൽ കുക്ക് ഈ നിർദ്ദേശം അംഗീകരിക്കുവാൻ കുറച്ച് ബുദ്ധിമുട്ട് കാണിച്ചു. കാരണം തന്നോട് അനുഭാവം പുലർത്തുന്ന ഭൂരിഭാഗം സഭകളും സാമ്പത്തികമായി പിന്തുണ നൽകുന്നവരായിരുന്നു അവരുടെ നിലനിൽപ്പിന് വിദേശബന്ധം ആവശ്യമായിരുന്നു.

എങ്കിലും കെ. ഇ. എബ്രഹാമിന്റെയും മറ്റു ചിലരുടെയും വാക്കുകൾ കേട്ട് കുക്ക് എ.ജി ബന്ധം ഉപേക്ഷിച്ചു. എന്നാൽ അധികം താമസിയാതെ കെ.ഇ. എബഹാം അടക്കമുള്ളവർ സിറിയൻ ക്രിസ്ത്യാനികൾ കുക്ക് സായ്പ്മായുള്ള ബന്ധം വിച്ഛേദിക്കാൻ തീരുമാനിച്ചു. എ.ജി.യുമായുള്ള ബന്ധം വേണ്ടെന്നു വച്ചിട്ട് അധികം നാളായില്ല. പെട്ടെന്നു തന്നെ തന്റെ സഹപ്രവർത്തകരിൽ വലിയൊരു വിഭാഗം തന്നെ വിട്ടുപോകുന്നു എന്ന ചിന്ത തന്നെ ഭാരപ്പെടുത്തി. എന്നാൽ പിന്നോക്ക വിഭാഗത്തിലുൾപ്പെടെ എ. എം. ജോൺ അടക്കമുള്ള നേതാക്കൾ പരസ്യ പിന്തുണയുമായി എത്തിയതോടെ കുക്കിന് തെല്ലൊരാശ്വാസമായി. 1930 തെന്നിന്ത്യൻ ദൈവസഭ വിഭജിക്കപ്പെട്ടു. കെ. ഇ. എബ്രഹാം അടക്കമുള്ളവർ കുക്കുമായുള്ള ബന്ധം ഉപേക്ഷിച്ചതോടെ വലിയൊരു വിഭാഗം സ്വദേശീയരായ സിറിയൻ ക്രൈസ്തവർ അദ്ദേഹത്തോടൊപ്പം പോയി. എന്നാൽ പെന്തക്കൊസ്തിന്റെ സ്ഥാപക ജനമായ പിന്നോക്ക വിഭാഗം കുക്കിന്റെ പുറകിൽ അണിചേർന്നു. എം.എം. ജോൺ എന്ന പെന്തക്കൊസ്ത് വിഭാഗത്തിൽപെട്ട ദൈവദാസനാണ് ഈ വിഭജനത്തിൽ പിന്നോക്ക ജനതയെ കുക്കിനൊപ്പം ഉറപ്പിച്ച് നിർത്തിയത്. 1923 മുതൽ കുക്കുമായി നല്ല ആത്മബന്ധമുള്ള എം. എം. ജോൺ കുക്കിന്റെ കൈകീഴിൽ സ്നാനപ്പെട്ട  ആളായിരുന്നു. താൻ സ്ഥാപിച്ച സഭകളെല്ലാം കുക്കിനു കീഴിൽ അണിനിരത്തുവാൻ മുന്നോട്ടിറങ്ങിയത് കുക്കിന് പിന്നോക്ക വിഭാഗത്തോടുള്ള സ്നേഹം അറിഞ്ഞുകൊണ്ടാണ്. പിന്നോക്ക

വിഭാഗക്കാരെ കൂടാതെ റ്റി. എം. വർഗ്ഗീസിന്റെ നേതൃത്വത്തിലുള്ള ചെറിയൊരു സംഘം മുന്നോക്ക ക്രിസ്ത്യാനികളും കുക്കിന് പിന്തുണയുമായി കൂടെയുണ്ടായിരുന്നു. ഇവരാണ് പിന്നീട് അധികാരസ്ഥാനങ്ങളിലേക്ക് വന്നത്.

കെ. ഇ. എബ്രഹാമിന്റെ കൂടെയുള്ള സഭകൾ പിന്നീട് ഇന്ത്യ പെന്തക്കോസ്ത് (ഐ.പി.സി) ആയി രൂപപ്പെട്ടു. കുക്കിന്റെ കൂടെയുള്ള സഭകൾ തെന്നിന്ത്യൻ പൂർണ്ണ സുവിശേഷ എന്ന പഴയ നാമം സ്വീകരിച്ചു കുക്കിന്റെ പ്രവർത്തനത്തിനു കീഴിൽ നിന്നുപോന്നു.

## 1930 ലെ വിഭജനത്തിൽ എന്തുകൊണ്ട് പിന്നോക്ക വിഭാഗം കുക്കിന്റെ പുറകിൽ അണിചേർന്നു.

മുകളിൽ പ്രസ്താവിച്ചതുപോലെ 1930 ലെ വിഭജനത്തിൽ സവർണ ക്രൈസ്തവർ കെ. ഇ. എബ്രഹാമിന്റെ കൂടെ പോയപ്പോൾ പിന്നോക്ക വിഭാഗം കുക്കിന്റെ പുറകിൽ അണിചേർന്നു. ഇതിന്റെ കാരണമെന്താണെന്ന് അധികം ചിന്തിക്കേണ്ടകാര്യമില്ല. കേരളത്തിൽ ആദ്യം ഉടലെടുത്ത സഭ കുക്ക് നേതൃത്വം കൊടുത്ത 'തെന്നിന്ത്യൻ പൂർണ്ണ സുവിശേഷസഭ' ആയിരുന്നു. അതിലെ ഭൂരിഭാഗം ആളുകളും ദളിത് വിഭാഗത്തിൽ നിന്നുള്ളവരായിരുന്നു. ആദ്യനാളുകളിൽ തന്റെ പ്രവർത്തനത്തിൽ സവർണ്ണ ക്രിസ്ത്യാനികൾ ഭാഗവാക്കായിരുന്നില്ല. അതിനാൽ തന്റെ പ്രവർത്തനങ്ങൾ ദളിത് മേഖലകളിലായി രുന്നു കേന്ദ്രീകരിക്കപ്പെട്ടത്. ചുരുക്കിപ്പറഞ്ഞാൽ ആദ്യത്തെ പെന്തക്കോസ്ത് വിഭാഗമെന്നത് കേരളത്തിലെ പിന്നോക്ക വിഭാഗമായിരുന്നു. തനിക്ക് പിന്നോക്ക വിഭാഗങ്ങളുമായുള്ള ബന്ധം ആഴമേറിയതായിരുന്നു. തന്റെ ജീവിത ഗ്രന്ഥത്തിൽ അത് സൂചിപ്പിക്കുന്നുമുണ്ട്. പിന്നോക്ക വിഭാഗത്തിന്റെ ഇടയിൽ അവരുടെ ജീവിത സാഹചര്യങ്ങൾ കണ്ടറിഞ്ഞ് അവരോടൊപ്പം അന്തിയുറങ്ങിയ കുക്കിനെ ആ ജനത ഇരുകൈകളും നീട്ടി സ്വീകരിച്ചതിൽ അത്ഭുതപ്പെടാനില്ല. 1930 നു ശേഷം കുക്ക് വിളിച്ചു ചേർത്ത വേലക്കാരുടെ യോഗത്തിൽ റ്റി. എം. വർഗ്ഗീസീനെപ്പോലെ ഏതാനും ചില സവർണ്ണ ക്രൈസ്ത വരൊഴിച്ചാൽ അവിട കൂടിയിരുന്ന ഭൂരിഭാഗം പേരും പിന്നോക്ക വിഭാഗത്തിൽ പെട്ട പാസ്റ്റർമാരായിരുന്നു. കുക്ക് തന്റെ സ്വന്തം ജനമായി കരുതിയ ഒരു ജനത തന്റെ പ്രതിസന്ധിഘട്ടത്തിൽ ഒരുമിച്ചുവന്ന് തന്റെ പുറകിൽ അണി ചേർന്നത് കുക്കും ഈ ജനതയും തമ്മിലുള്ള അഭേദ്യമായ ആത്മബന്ധമാണ്.

# സീയോൻ കുന്ന് എന്ന വാഗ്ദത്ത ഭൂമി (1927 – 1928)

ചരിത്രം ഉറങ്ങുന്ന സീയോൻ കുന്നിന്

കുക്ക് അടിസ്ഥാനം ഇടുന്നത് 1927 ജൂണിലാണ്.

ഇപ്പോൾ ഇത് ദൈവസഭ കേരള സ്റ്റേറ്റിന്റെ ആസ്ഥാനമന്ദിരമായി പ്രവർത്തിക്കുന്ന



സീയോൻ കുന്ന് എന്ന ചരിത്രമുറങ്ങുന്ന മണ്ണ് കുക്ക് സായ്പ് വിലക്ക് വാങ്ങിയത് 1927 ലാണ്. ആദ്യകാലങ്ങളിൽ തന്റെ പ്രവർത്തനമേഖല കൊട്ടാരക്കര കേന്ദ്രീകരിച്ചുള്ളതായിരുന്നെങ്കിൽ പിന്നീടത് മധ്യ തിരുവിതാംകൂറിലേക്ക് മാറ്റുകയായിരുന്നു. അതിന്റെ പ്രധാന കാരണക്കാരായവർ, വെള്ളിക്കര ചോതിയും, പൊയ്കയയിൽ യോഹന്നാനുമായിരുന്നു. 1923– ൽ മധ്യ തിരുവിതാംകൂറിൽ കാലുകുത്തിയ കുക്ക് സായ്പിന് സുവിശേഷത്തിന് വാതിൽ തുറന്നു കൊടുക്കുവാൻ ഈ രണ്ട് പേർ മുന്നോട്ടിറങ്ങിയതോടെ പിന്നോക്ക വിഭാഗങ്ങളിലൂടെ സുവിശേഷം മധ്യ തിരുവിതാംകൂറിൽ ശക്തമായിത്തീർന്നു. ഉണർവ്വ് ശക്തമായതോടെ തന്റെ പ്രവർത്തനമേഖല തിരുവല്ലയിൽ കേന്ദ്രീകരിക്കുവാൻ തീരുമാനിച്ചു. മാത്രവുമല്ല കൊട്ടാരക്കരയിലെ പ്രതി കൂലമായ കാലാവസ്ഥയും മറ്റൊരു കാരണമായിരുന്നു. മധ്യ തിരുവിതാം കൂറിലെ തന്റെ വേല വർധിത വീര്യത്തോടെ ചെയ്യുമ്പോഴാണ് മുളക്കുഴയിൽ ഒരു മീറ്റിംഗ് നടത്തു വാനുള്ള സാഹചര്യം ഒത്തുവന്നത്. മീറ്റിംഗ് കഴിഞ്ഞ ശേഷം ഈ സ്ഥലം സായ്പിന് നന്നെ ഇഷ്ടപ്പെട്ടു. ഹൃദയ ത്തിലെ ആഗ്രഹങ്ങളെ അറിയുന്ന ദൈവം കുക്കിന് താൻ ആഗ്രഹിച്ച സ്ഥലം വാങ്ങു ന്നതിനുള്ള സാഹചര്യം

ഉണ്ടാക്കിക്കൊടുത്തു. 1927 ൽ സ്ഥലം വാങ്ങിയ ഉടൻ തന്നെ സഭാ കെട്ടിടവും തനിക്ക് താമസിക്കുവാനുള്ള വീടും പണികഴിപ്പിച്ചു.

പിറ്റേ വർഷം, സ്നാനത്തൊട്ടിയും, വേദപഠന വിദ്യാർത്ഥികൾക്കുവേണ്ടി മൗണ്ട് സിയോൻ ബൈബിൾ കോളേജും സ്ഥാപിച്ചതോടെ സഭയുടെ ഭരണ സിരാകേന്ദ്രമായി സീയോൻകുന്ന് മാറി. റ്റി. എം. വർഗീസ്, കെ. സി. ശമുവേൽ, എ. കെ. വർഗീസ് തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു നിർമ്മാണ പ്രവർത്തനം. ജോലിക്കാരെക്കൂടാതെ പിന്നോക്ക വിഭാഗത്തിലെ വലിയൊരു കൂട്ടം ശമ്പളം കൂടാതെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. ആറ് മാസം കൊണ്ട് ആദ്യ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാൻ സാധിച്ചത് അധഃസ്ഥിത വർഗ്ഗത്തിന്റെ അകമഴിഞ്ഞ പിന്തുണയും, അവരുടെ അധ്വാനവുമാണ്. സീയോൻ മൗണ്ട് ബൈബിൾ കോളേജിൽ നിന്നും വേദപഠനം നടത്തി സുവിശേഷ വേലയ്ക്കിറങ്ങിയവരിൽ ഭൂരിഭാഗവും പിന്നോക്ക വിഭാഗങ്ങളിൽപെട്ടവരായിരുന്നു. വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നവരെ ഒരു പരിധിവരെ ഉന്നതിയിലെത്തിക്കാൻ ഇവിടത്തെ വേദപഠനക്ലാസ്സുകൊണ്ട് സാധിച്ചിരുന്നു. ആയതിനാൽ ഇവിടുന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് കൂറും അടുപ്പവും ഈ മണ്ണിനോടും കുക്കിനോടും ഉണ്ടായിരുന്നു. കുക്കിന്റെ കൂടെ പ്രവർത്തിച്ചിരുന്ന വേലക്കാരിൽ ഭൂരിഭാഗവും പിന്നോക്ക ജനവിഭാഗമാകയാൽ അവരുടെ സഭാപരമായ പ്രശ്നപരിഹാരത്തിനായി സീയോൻകുന്നിൽ വരിക പതിവായിരുന്നു. കുക്കിന്റെ മടങ്ങിപ്പോക്കോടെ സീയോൻ കുന്നിൽ നിന്ന് പിന്നോക്ക വിഭാഗങ്ങൾ പതിയെ പിൻവാങ്ങേണ്ടി വന്നു. പിന്നീട് 1972ൽ സഥാപകരായ ജനവിഭാഗം പൂർണ്ണമായും ഈ മണ്ണിൽ നിന്നും പിന്മാറി.

# ദൈവസഭയുടെ ഉദയം (1930)

കുക്ക് സായ്പ് എ.ജി. ബന്ധം ഉപേക്ഷിക്കുകയും, കെ.ഇ. എബ്രഹാം അടക്കമുള്ള തെന്നിന്ത്യൻ സഭകൾ വിട്ടുപോകുകയും ചെയ്തതോടെ തന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുവാൻ പ്രയാസമാംവിധം സാമ്പത്തിക ദൗർലഭ്യത ഉണ്ടായി. പ്രവർത്തനങ്ങളുടെ വിശാലതയ്ക്ക് പണം ഒരു മുഖ്യ ഘടകമെന്നിരിക്കെ തന്റെ ഒപ്പം നിൽക്കുന്ന പല സഭകളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതിനാൽ ആ സഭകളുടെ വളർച്ചയ്ക്കുള്ള സാമ്പത്തികം കണ്ടെത്തുന്നതിന് ഏതെങ്കിലും ഒരു സംഘടനയുമായി ഒന്നിച്ചു പ്രവർത്തിക്കുന്നതിനുള്ള ആഗ്രഹം കുക്കിനുണ്ടായി. അങ്ങനെയിരിക്കെ തന്റെ വേനൽക്കാലവസതിയായ നീലഗിരിയിൽ കുടുംബമായി താൻ വരികയും ചിലദിവസങ്ങൾ അവിടെ തങ്ങുകയും ചെയ്തു. ആ സമയത്താണ് ചർച്ച് ഓഫ് ഗോഡിന്റെ 50-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ലോക സുവിശേഷീകരണ ദൗത്യം മുന്നിൽ കണ്ടുള്ള ടൂർ പ്രോഗ്രാമിനോടനുബന്ധിച്ച് റ്റി. എച്ച് ഇൻ ഗ്രാം 1936-ൽ നീലഗിരിയിലെത്തി അദ്ദേഹം കുക്കുമായി സൗഹൃദത്തിലാകുകയും ആത്മീയവും സംഘടനാപരവുമായ കാര്യങ്ങൾ പരസ്പരം സംസാരിച്ചതിന്റെ വെളിച്ചത്തിൽ കുക്കിനും തന്റെ പ്രവർത്തനത്തിനും ക്ലവ്ലാൻസ് ടെനസ്സി ആസ്ഥാനമായി പ്രവർത്തിക്കുന്ന ചർച്ച് ഓഫ് ഗോഡിൽ നിന്നുള്ള സാമ്പത്തിക സഹകരണ വാഗ്ദാനം നൽകി. തന്റെ കൂട്ടുപ്രവർത്തകരുടെ അഭിപ്രായം അറിഞ്ഞതിനു ശേഷം മുന്നോട്ടുള്ള കൂടിയാലോചനകൾ നടത്താമെന്ന ഉറപ്പിന്മേൽ ജെ. എച്ച് ഇൻഗ്രാമും കുക്ക് സായ്പും അന്നത്തേയ്ക്ക് പിരിഞ്ഞു.

തിരികെ മുളക്കുഴയിൽ വന്ന കുക്ക് സായ്പ് തന്റെ കീഴിലുള്ള ശുശ്രൂഷകരുടെയും പ്രതിപുരുഷന്മാരുടെയും മീറ്റിംഗ് വിളിച്ചുകൂട്ടുകയും മിഷനറിയുമായുള്ള കൂടിക്കാഴ്ചയും അദ്ദേഹം മുന്നോട്ടുവച്ച സഹകരണ വാഗ്ദാനവും പൊതുസഭയിൽ അവതരിപ്പിച്ചു. പ്രസ്തുത മീറ്റിംഗിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സഭാ പ്രതിനിധികളും പ്രതിപുരുഷന്മാരും വിശദമായ ചർച്ച നടത്തുകയും സഭയുടെ വളർച്ചയ്ക്കും പുരോഗതിക്കും ഈ ബന്ധം ഉതകുന്നതെങ്കിൽ അപ്രകാരമാകട്ടെ എന്ന തീരുമാനത്തിലെത്തുകയും ചെയ്തു. മുളക്കുഴയിൽ അന്ന് കൂടിയ

മുന്നോക്ക പിന്നോക്ക സഭാ പ്രതിനിധികൾ അമേരിക്ക ആസ്ഥാനമായുള്ള ചർച്ച് ഓഫ് ഗോഡുമായി ബന്ധം സ്ഥാപിക്കുന്നതിന് അംഗീകാരം നൽകി. തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതിന് കുക്ക് സായ്പിനെ ചുമതലപ്പെടുത്തി യോഗം പിരിഞ്ഞു. അന്നത്തെ സമ്മേളനത്തിൽ പങ്കെടുത്ത പിന്നോക്ക വിഭാഗത്തിൽ പെട്ട പാസ്റ്റർമാരായിരുന്നു വിറ്റി. പൗലോസ് വലിയ പറമ്പിൽ പള്ളം, കുത്തുകലുങ്കൽ മോശ, പി.ഡി. ചാക്കോ കല്ലൂപ്പാറ, കെ.ജെ. ഐസക് മത്തായി പാമ്പാടി, പാസ്റ്റർ ദാനിയേൽ കുന്നേൽ വഴൂർ, പി.സി. ചാക്കോ രണ്ടാം തോടൻ പാസ്റ്റർ വി. എം. പത്രോസ് വെട്ടിത്തറ ചേത്തക്കൽ, കെ.സി. ജോസഫ് കിണറ്റുങ്കൽ കുറുമ്പനാടം, യോഹന്നാൻ മംഗലത്ത് കുന്നേൽ, റ്റി. റ്റി. ചാക്കോ, ജോസഫ് കണിച്ചുകുളം, പാസ്റ്റർ കെ.ടി. മർക്കോസ് കല്ലുപാറക്കൽ തലപ്പടി പി. ജെ. ജോസഫ് ചെമ്പൻതുരുത്ത്, കെ.ജെ. മർക്കോസ് കുന്നുംചിറ, പി.ആർ.ഡി.എസ്. വിട്ടുവന്ന പാസ്റ്റർ എം.എം. ജോൺ മാമ്മൂട്, പി.സി. ശമുവേൽ കുമ്പനാട്, വി.സി. മത്തായി വെട്ടുകല്ലുങ്കൽ, ഫാ. പടഞ്ഞാട്ടുകുഴി അങ്ങനെ ഒരു നീണ്ട നിര മുളക്കുഴയിൽ സന്നിഹിതരായികുന്നു.

കേരളത്തിലെ പ്രതിനിധികളുടെ സമ്മതം ലഭിച്ചതിനാൽ തന്റെ ആദ്യകാല പ്രവർത്തനത്തിന് മുമ്പിൽ നിന്ന തമിഴ്നാട്ടിലെത്തി അവിടെയുള്ളവരുടെയും വടക്കേന്ത്യയിൽ താൻ സ്ഥാപിച്ച സഭകളുടെ യും എല്ലാം സമ്മതപ്രകാരം മിഷൻ ബോർഡ് പ്രതിനിധി ജെ. എച്ച് ഇൻഗ്രമിനെ കണ്ട് തന്റെ കീഴിലുള്ള 61 ൽ പരം സഭകളും 43 സ്റ്റേഷൻ പ്രവർത്തനങ്ങളുൾപ്പെടെ ഇന്ത്യയിലെ എല്ലാ സ്ഥാവരജംഗമ വസ്തുക്കളും അമേരിക്കയിലുള്ള ചർച്ച് ഓഫ് ഗോഡുമായി ചേർത്ത് ഉടമ്പടി ഉണ്ടാക്കി. അങ്ങനെ ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ നിലവിൽ വന്നു.

## ദൈവസഭ (Church of God)

1886 ഓഗസ്റ്റ് 19 ന് അമേരിക്കയിലെ മോണാർ കൗണ്ടി എന്ന സ്ഥലത്ത് ഫോർമർ ബാപ്റ്റിസ്റ്റ് റിച്ചാർഡ് ഗ്രീൻ സ്പർലിംഗും, ബാർനി ക്രീക്കുമുൾപ്പടെ എട്ട് പേർ കൂടി വരികയും ഒരു കൂട്ടായ്മ ആരംഭിക്കുകയും ചെയ്തു. പുതിയ നിയമം എന്നത് നമ്മുടെ വിശ്വാസത്തിനും പ്രവർത്തിക്കുമുള്ള അളവുകോൽ ആയിരിക്ക ണമെന്ന് അവർ വിശ്വസിച്ചു. ഗ്രീൻ സ്പർലിംഗ് സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു. തുടർന്ന് പത്ത്

വർഷങ്ങൾക്കുശേഷം നോർത്ത് കാരലിനടുത്ത് കേംപ് ക്രീപ്പിൽ അവർ ഒന്നിച്ചു കൂടുകയും പുതിയ ഒരുണർവ്വിന് സാക്ഷ്യം വഹിക്കുകയും ചെയ്തു. പെന്തിക്കോസ്തു നാളിൽ മർക്കോസിന്റെ മണിമാളികയിൽ പ്രവർത്തിച്ച ദൈവത്തിന്റെ പരിശുദ്ധാത്മാവ് കേംപ് ക്രീപ്പിൽ കൂടിയിരുന്ന വിശ്വാസികളുടെയിടയിലേക്ക് ഇറങ്ങിവരികയും പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അന്യഭാഷകൾ സംസാരിക്കുകയും ചെയ്തു. അത്ഭുതങ്ങളും അടയാളങ്ങളും അവർക്കിടയിൽ ഉണ്ടായി. ഇപ്രകാരം പുതിയ നിയമ ഉപദേശപ്രകാരം ഉടലെടുത്ത പുതിയ അനുഭവത്തിനെതിരെ ശക്തമായ പ്രതികൂലങ്ങൾ ആഞ്ഞടിച്ചു. എന്നാൽ ഉണർവ്വിന്റെ കൊടുങ്കാറ്റ് അതിനെയെല്ലാം തരണം ചെയ്തു. അമേരിക്കയിലാകാമാനം ആഞ്ഞടിച്ചു. അത്ഭുതങ്ങളും അടയാളങ്ങളും രോഗശാന്തിയും വെളിപ്പെട്ടതോടെ അമേരിക്കയിൽ ആയിരക്കണെക്കിനാളുകൾ രക്ഷയിലേക്കു വന്നു. ഇവരെയെല്ലാം ചേർത്തുകൊണ്ട് ദൈവസഭ എന്ന പ്രസ്ഥാനം തുടക്കം കുറിച്ചു. 1906-ൽ ആദ്യ ജനറൽ ഓവർസീയർ ടോംലിൻസൺ തന്റെ നേതൃത്വത്തിൽ ഒരു നിയമനിർമ്മാണ സമിതി രൂപീകരിച്ചു ദൈവസഭയുടെ സംഘടന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അമേരിക്കൻ മിഷനറിമാർ ലോകത്തിലെ എല്ലാ വൻകരകളിലേക്കും കടന്നുചെല്ലുകയും അവർ അനുഭവിച്ച പരിശുദ്ധാത്മാവിന്റെ അനുഭവം പകർന്നു കൊടുക്കകയും ചെയ്തതിന്റെ ഫലമായി 181 രാജ്യങ്ങളിൽ 54995 ചർച്ചുകളും അതിനൊത്ത വിശ്വാസികളുമുള്ള ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ പെന്തക്കൊസ്ത് പ്രസ്ഥാനമാണ് നാം ഉൾപ്പെടുന്ന ദൈവസഭ. അമേരിക്കൻ ഐക്യനാടുകളിലെ ടെനസിയിലെ ക്ലെവ് ലാൻഡാണ് ദൈവസഭയുടെ ആസ്ഥാനം. 1936 ൽ ദൈവസഭയുടെ ഗോൾഡൻ ജൂബിലിയിൽ റ്റി. എച്ച്. ഇൻഗ്രാം ലോക സുവിശേഷീകരണത്തിന്റെ ഭാഗമായി ഇന്ത്യയിലെത്തുകയും കുക്ക് സായിപ്പിനെ അവിചാരിതമായി കാണുകയും ചെയ്തു. ഈ കൂടികാഴ്ച്ചയാണ് ഇന്ത്യയിലെ ദൈവസഭ പ്രസ്ഥാനത്തിന് രൂപീകരണം കുറിക്കാനിടയായത്.

## കുക്ക് സായിപ്പിന്റെ മടങ്ങിപ്പോക്ക്

1936-ൽ അമേരിക്കൻ ദൈവസഭയോട് കുക്കിന്റെ പൂർണ്ണ സുവിശേഷ ചേർന്നതോടെ സംഘടന ചട്ടകൂടിലെത്തുകയും മിഷൻ ബോർഡ് നിയമനങ്ങൾ ഇന്ത്യയിൽ പ്രാവർത്തിമാക്കി തുടങ്ങി. 1948 ൽ പന്ത്രണ്ട് വർഷം പൂർത്തിയാക്കിയ കുക്കിന് ദൈവസഭയുടെ

നിയമപ്രകാരം തിരിച്ചു വിളിച്ചു. ഇത് കുക്കിന് മനോവിഷമത്തിനിടയാക്കി. ഇന്ത്യയിൽ കിടന്ന് മരിക്കാനാരുന്നു തന്റെ ആഗ്രഹം. തനിക്കു പകരം വന്ന മിഷൻബോർഡ് പ്രതിനിധി സി. ഇ. ഫ്രഞ്ച് ഇതിനിടയിൽ ഇന്ത്യയിൽ വരികയും തന്റെ ഭരണം ആരംഭിക്കുകയും ചെയ്തു. തന്റെ മകൻ പോൾ കുക്കിന് അമേരിക്കയിൽ സഭ കൊടുക്കുകയും കുക്കിന് പെൻഷൻ ഏർപ്പെടുത്തി. ഇന്ത്യയിൽ നിന്ന് നല്ലൊരു യാത്രയയ്പ്പും കൊടുക്കണമെന്ന് മിഷൻ ബോർഡ് തീരുമാനിച്ചതോടെ കുക്ക് തന്റെ പിൻവാങ്ങൽ പ്രഖ്യാപിച്ചു. 1950 ൽ കുക്ക് ഇന്ത്യ വിടുവാൻ തീരുമാനിച്ചു. മുളക്കുഴയിൽ തന്റെ യാത്രയയ്പ്പ് യോഗം വലിയൊരു വിലാപത്തിന് വേദിയായി മാറി. ടി. എം. വർഗീസിന്റെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിനു ശേഷം കുക്ക് ഇന്ത്യ വിട്ടു. കുക്കിന്റെ പിൻവാങ്ങലോടെ പിന്നോക്ക വിഭാഗം മുളക്കുഴയിൽ നിന്ന് അകലുകയും സവർണ്ണ ക്രിസ്ത്യാനികൾ മുളക്കുഴ അധികാര തലങ്ങളിൽ പിടിമുറുക്കുകയും ചെയ്തു. അധികാര തലങ്ങളിൽ ഇരുകൂട്ടരു തമ്മിലുള്ള പിടവലി നാൾക്കുനാൾ വർദ്ധിച്ചുപോന്നു.

## ദൈവസഭയുടെ പ്രവർത്തനത്തിന് തേര് തെളിയിച്ചവർ

കേരളത്തിലെ പെന്തക്കോസ്ത് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുവാൻ ദൈവം ഉപയോഗിച്ചത് ഇവിടുത്തെ അടിസ്ഥാന വർഗ്ഗത്തെയാണ്. അവരാണിവിടുത്തെ പാരമ്പര്യ പെന്തക്കോസ്തുകാർ അവരുടെ പിൻതലമുറക്കാർ കൂടുന്ന പെന്തക്കോസ്ത് പ്രസ്ഥാനം കേരളത്തിലെ ചർച്ച് ഓഫ് ഗോഡാണെങ്കിൽ വിഭജനത്തോടെ ഇത് കേരളാറീജിയണായി മാറി. മറ്റൊരു പാരമ്പര്യ പെന്തക്കോസ്ത് സംഘടനകൾക്കും ഈ നേട്ടം അവകാശപ്പെടാൻ കഴിയില്ല. അവരുടെ സംഭാവനകൾ അത്ര വിലപ്പെട്ടതായിരുന്നു. ദൈവസഭയ്ക്ക് എഴുതി തള്ളാനാവാത്ത സംഭാവനകൾ നൽകിയ ഉപദേശിമാരിൽ ഒരാളായിരുന്നു എം.എം.ജോൺ. കുമ്പനാട് മേഖലയിൽ പൊയ്കയിൽ യോഹന്നാൻ കുക്കിനെ വിളിച്ചു നടത്തിയ കൺവെൻഷനിലൂടെ രക്ഷനിണയം പ്രാപിച്ച ദൈവദാസൻ പിന്നോക്ക വിഭാഗങ്ങൾക്കിടയിലെ ശക്തനായ നേതാവായിരുന്നു. ആഞ്ഞിലിത്താനം, കണിച്ചുകുളം, മല്ലപ്പള്ളി, കോട്ടയം, ഭാഗങ്ങളിൽ സുവിശേഷ യോഗങ്ങൾ സംഘടിപ്പികക്കുകയും ആയിരക്കണക്കിനാളുകളെ രക്ഷയിലേക്കെത്തിക്കുകയും ചെയ്തു. എം.എം.

ജോണിന്റെ പ്രസംഗങ്ങൾ വേദ പാണ്ഡിത്യമുള്ള ആളുകൾ സംസാരിക്കുന്നതിലും മികവു പുലർത്തിയിരുന്നു. 1930 കളിലെ വിഭജനത്തിൽ കെ.ഇ. എബ്രഹാം അടക്കമുള്ള ആളുകൾ കുക്കു മായുള്ള ബന്ധമുപേക്ഷിച്ച് പോയപ്പോൾ പിന്നോക്ക വിഭാഗ ങ്ങളെ കുക്കിനൊപ്പം പിടിച്ചു നിർത്തിയത് തന്റെ നേതൃത്വ മികവായിരുന്നു.



വി.റ്റി. പൗലോസ് (വലിയപമ്പിൽ

ദൈവസഭയ്ക്ക് അടിസ്ഥാ നമിട്ട മറ്റൊരു സ്ഥാപക നേതാവാ യിരുന്നു വി.റ്റി. പൗലോസ്. കത്തോലിക്ക കുടുംബത്തിൽ നിന്നും രക്ഷിക്കപ്പെട്ട തന്നെ ദൈവവഴിയിൽ കൊണ്ടുവന്നത് എം.എം.ജോണാണ്. മധ്യ തിരുവിതാംകൂറിൽ കുക്കുസായിപ്പുമൊന്നിച്ച് വി.റ്റി. പൗലോസിന്റെ പ്രവർത്തനങ്ങൾ ദൈവസഭയ്ക്ക് ഒരു മുതൽക്കൂട്ടായിരുന്നു. കൊല്ലാട്, കണ്ണൻചിറ, പരുത്തുംപാറ കുറുമ്പനാടം, വേളൂർ, കിളിരൂർ, കുറിച്ചി, വെളുത്തുരുത്തി, അയ്മനം തുടങ്ങീ സഭകളുടെ അടിസ്ഥാനമിട്ട പ്രിയ പിതാവ് കോട്ടയം ഭാഗത്തുനിന്ന് രക്ഷാനിർണ്ണയം പ്രാപിച്ച ആദ്യവ്യക്തികൂടിയാണ്. വിഭജനത്തിനുശേഷം താൻ സ്ഥാപിച്ച ഭൂരിഭാഗം സഭകളും കേരളാഡിവിഷനിൽ ഉറപ്പിച്ചു നിർത്തി ഈ സഭകളെല്ലാം തന്നെ ദൈവസഭയുടെ മുൻനിര സഭകളായി നിലനിൽക്കുന്നു. തന്റെ മകനായ വി.പി. ജോൺ വളരെ നാൾ ദൈവസഭയിൽ ശുശ്രൂഷിച്ചിട്ടുണ്ട്.

പാസ്റ്റർ പി.പി. ചാക്കോ ദൈവസഭയുടെ ശക്തനായ മറ്റൊരു ആത്മീയ പോരാളിയായിരുന്നു. വി.റ്റി. പൗലോസിന് മുമ്പേ പരിയാരം ജോൺ ഉപദേശിയാൽ സ്നാനപ്പെട്ട താൻ വി.റ്റി. പൗലോസിന്റെ ആത്മീയ ഗുരുവുമാണ്. 1929-ലെ മുളക്കുഴ ബൈബിൾ കോളേജിൽ പഠിച്ചിറങ്ങിയ താൻ കണിച്ചുകുളം, മുണ്ടക്കയം, കോട്ടയം, തിരുവല്ല, വല്ല്യാട്ട്, തുടങ്ങിയ ഭാഗങ്ങളിൽ ദൈവസഭയ്ക്കുവേണ്ടി വളരെയേറെ സഭകൾ സ്ഥാപിക്കുകയും വിശ്വാസികളെ രക്ഷയിലേക്ക് കൊണ്ടുവന്നിട്ടുമുണ്ട്.

ദൈവസഭയുടെ ശക്തനായ മറ്റൊരു ഉപദേശിയായിരുന്നു എബ്രഹാം ജോഷ്വ. തെക്കൻ തിരുവിതാംകൂറിലെ കുക്ക് സായിപ്പിന്റെ ആത്മീയ കാറ്റിൽ രക്ഷിക്കപ്പെട്ട താൻ ദൈവസഭയ്ക്കുവേണ്ടി വളരെയേറെ സഭകൾ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കുക്ക് സായിപ്പിന്റെ ആത്മകഥയിലും തന്നെക്കുറിച്ചുള്ള വിവരണവും ചിത്രവും സഹിതം വിവരിച്ചിട്ടുണ്ട്.

സ്വന്തം കിടപ്പാടം വിറ്റ് പിറവം മുതൽ ചെങ്ങന്നൂർ വരെ കാൽനടയായി യാത്ര ചെയ്ത വി.സി. മത്തായി ദൈവസഭയുടെ മറ്റൊരു പ്രവർത്തകനായിരുന്നു. അദ്ദേഹത്തെ തിരുവിതാംകൂറിന്റെ ധീര സേനാനി എന്നാണ് അറിയപ്പെട്ടിരുന്നത്. തന്റെ സുവിശേഷ പ്രവർത്തനത്തിന്റെ ഫലമായി ധാരാളം വിശ്വാസികൾ രക്ഷിക്കപ്പെടുവാൻ ഇടയായിട്ടുണ്ട്. മറ്റൊരു നേതാവായിരുന്നു ഫാ. പുന്നാട്ടു കുഴിയും സുവിശേഷത്തിന് തേര് തെളിച്ചവരിൽ ഒരാളായിരുന്നു. പിറവം ടൗണിൽ പ്രസംഗിക്കുമ്പോൾ മദ്യപാനിയുടെ മർദ്ദനമേറ്റ് ഇടതുവശത്തെ രണ്ട് പല്ലുകൾ കൊഴിഞ്ഞുവീണിട്ടും പ്രതികാരം ചെയ്യാതെ അയോളോട് ക്ഷമിച്ച ഫാ. പുന്നാട്ടുകുഴി ആ പ്രദേശത്തെ നല്ലൊരു വ്യക്തിത്വത്തിന് ഉടമയായിരുന്നു. പാമ്പാടി കേന്ദ്രമാക്കി സുവിശേഷത്തിന് വിത്ത് പാകിയ മറ്റൊരു സുവിശേഷകനായിരുന്നു കെ.ജെ. ഐസക് മത്തായി.

കുമ്പനാടിന്റെ സുവിശേഷ പ്രവർത്തനങ്ങളിൽ കർമ്മനിരതനായിരുന്ന പി.സി. ശമുവേൽ കുക്കിന്റെ അടുത്ത അനുയായിയും മറ്റൊരു പ്രവർത്തകനും ആയിരുന്നു. പാസ്റ്റർ വി.എം. പത്രോസ് (വെട്ടിത്തറ) ചേത്തക്കൽ സഭയുടെ സ്ഥാപകനും ദൈവസഭയുടെ ശക്തനായ മറ്റൊരു പ്രവർത്തകനായിരുന്നു. പാസ്റ്റർ ദാനിയേൽ കുന്നേൽ വാഴൂർ കേന്ദ്രമായും കെ.സി. ജോസഫ് കുറുമ്പനാടം കേന്ദ്രമായും കെ.ജെ. മർക്കോസ് കുന്നുംചിറ കേന്ദ്രമായും ദൈവസഭയുടെ പ്രവർത്തന വിശാലതയ്ക്കുവേണ്ടി പ്രവർത്തിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ പാമ്പാടിക്കരയിൽ ബ്രദറൺ കുടുംബത്തിൽ നിന്നും രക്ഷിക്കപ്പെട്ട കെ.ജെ. മർക്കോസ് കുന്നുംചിറ ദൈവസഭയുടെ സ്ഥാപക നേതാക്കളിൽ ഒരുവനായിരുന്നു. പ്രിയ പിതാവിന്റെ നേതൃത്വത്തിലാണ് പിന്നോക്ക വിഭാഗങ്ങൾ ശക്തമായ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. തന്റെ മക്കളായ കെ.എം. ജോൺ, കെ.എം. എബ്രഹാമും ദൈവസഭയിലെ ശുശ്രൂഷകന്മാരായിരുന്നു. പി.ഡി. ചാക്കോയും, പി.ജെ. ജോസഫ് ചെമ്പൻതുരുത്തിയും ധാരാളം ആത്മാക്കളെ നേടിയ ദൈവസഭയുടെ പ്രവർത്തകരായിരുന്നു.

# ദൈവസഭയുടെ രജിസ്ട്രേഷനും 1936ലെ ഭരണ സംവിധാനങ്ങളും

1936-ൽ ദൈവസഭ ഔദ്യോഗികമായി നിലവിൽ വന്നെങ്കിലും സംഘടന ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിരുന്നില്ല. റ്റി. എം. വർഗ്ഗീസ് ഫീൽഡ് സെക്രട്ടറിയായി ഇന്ത്യയിലെ പ്രവർത്തനങ്ങൾ മുന്നോട്ടുപോയി. മിഷ്യൻ ബോർഡിന്റെ ഭാഗത്തു നിന്നും സഹായം വന്നു തുടങ്ങിയതിനാൽ കേരളത്തിലടക്കമുള്ള പ്രാദേശിക സഭകളുടെ പ്രവർത്തനങ്ങൾ വളർന്നു പന്തലിക്കുവാൻ തുടങ്ങി. എന്നാൽ ഇന്ത്യൻ ഭരണരംഗത്തുണ്ടായ മാറ്റങ്ങൾ ഉൾക്കൊണ്ട് ദൈവസഭ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധനയ്ക്ക് വിധേയപ്പെട്ട് 1947 സെപ്റ്റംബർ 25 നു തമിഴ്നാട്ടിൽ കുക്കിന്റെ നേതൃത്വത്തിൽ കൂടിയ ആലോചന മീറ്റിംഗിൽ ദൈവസഭയെ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യുവാൻ തീരുമാനിച്ചു. ഈ തീരുമാനം തിരുവിതാംകൂറിൽ വന്ന് കേരളത്തിലെ സഭാനേതാക്കളുമായി കൂടിക്കാഴ്ച നടത്തി. ഒരു ഡയറക്ടർ ബോർഡിന് രൂപം നൽകി. ബോർഡംഗങ്ങൾ ചുവടെ ചേർക്കുന്നു. പാസ്റ്റർ എ. എം. ജോൺ, പാസ്റ്റർ പി.സി. ശമുവേൽ, പാസ്റ്റർ റ്റി. എം. വർഗീസ്, പാസ്റ്റർ എം.കെ. വർഗീസ്, എം. ബഞ്ചമിൻ, എസ്.ഡി. ജ്ഞാനപ്രകാശം. ഈ ബോർഡംഗങ്ങളിൽ എ.എം. ജോണും പി.സി. ശമുവേലും പിന്നോക്ക വിഭാഗങ്ങളുടെ പ്രതിനിധികളായും റ്റി. എം. വർഗീസും, എം.കെ. വർഗ്ഗീസും മുന്നോക്ക വിഭാഗത്തിൽ നിന്നുള്ള പ്രതിനിധികളായി എം. ബഞ്ചമിൻ എസ്. ഡി. ജ്ഞാനപ്രകാശവും തമിഴ്നാടിന്റെ പ്രതിനിധികളായി 7 അംഗ കൗൺസിലിനെ സ്ഥാപക നേതാക്കളായി കണക്കാക്കി രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കുവാൻ തീരുമാനിച്ചു. എന്നാൽ നേതൃമാറ്റം ഉണ്ടായതിനെ തുടർന്ന് 1948 ൽ മിഷൻ ബോർഡ് പ്രതിനിധിയായി സി. ഇ. ഫ്രഞ്ച് ഇന്ത്യയിലെത്തി രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്യുവാൻ ഗവേണിംഗ് ബോഡി മെമ്പർമാരുടെ യോഗം വിളിച്ചുകൂട്ടി. റ്റി. എം. വർഗീസ്, എം. എം. ജോൺ, ചാൻസൽ ഹിൻജസ്, എസ്. എസ്. സമുവൽ, വി. ജെ. വർഗീസ് തുടങ്ങിയ ദൈവദാസ ന്മാരുടെ സമ്മതപ്രകാരം ഇന്ത്യാഗവണ്മെന്റിന് സമർപ്പിച്ച അപേക്ഷയിന്മേൽ 1860 ലെ ഇന്ത്യൻ രജിസ്ട്രേഷൻ നിയമം 21-ാം വകുപ്പനുസരിച്ച് 1949 ലെ ക്രമനമ്പർ പ്രകാരം 18-ാം നമ്പറായി രജിസ്ട്രേഷൻ ചെയ്തിട്ടുള്ള സൊസൈറ്റിയാണ് ഇന്നും നാം ഉൾപ്പെട്ടു നിൽക്കുന്ന ഇന്ത്യാ ദൈവസഭ. 1914 ൽ പ്രവർത്തനമാരംഭിച്ചദൈവസഭ 1949 വരെ രജിസ്ട്രർ

ചെയ്യാതിരിക്കാനുള്ള കാരണമെന്താണെന്ന് വായനക്കാർ ചിന്തിക്കുന്നുണ്ടാകും. 1947 ആഗസ്റ്റ് 15 വരെ ഇന്ത്യ ബ്രിട്ടീഷ് ഗവണ്മെന്റിന്റെ മേൽക്കോയ്മയിലായിരുന്നതിനാൽ ഇന്ത്യക്ക് വെളിയിലുള്ള ഏതൊരാൾക്കും ഇവിടെ മതപ്രചാരണത്തിന് സ്വാതന്ത്ര്യമുണ്ടായിരുന്നു. 1947നുശേഷം ഇന്ത്യയിൽ പ്രവർത്തിക്കുന്നതിന് ഇന്ത്യൻ സർക്കാരിന്റെ രജിസ്ട്രേഷൻ ആവശ്യമായി വന്നു.

## മിഷനറിമാരുടെ സുവിശേഷ ദൗത്യം (1936–1968)

റോബർട്ട് എഫ് കുക്കിന്റെ മടങ്ങിപോക്കിനു ശേഷം ഇന്ത്യയിലെ ദൈവസഭയുടെ പ്രവർത്തനം അമേരിക്കൻ മിഷൻ ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു. ഹോളി കേസും, എഡ്വവർഡ് ക്രിക്കും തന്റെ ഫാമിലിയുമെത്ത് ആദ്യകാലങ്ങളിൽ കുക്ക് സായിപ്പിനൊപ്പം വേല ചെയ്തു ഇന്ത്യയുടെ പ്രവർത്തനങ്ങൾ


സി. ഇ. ഫ്രഞ്ച്


ഡി.എൽ. ലിൻഡെ


ഡോറ പി. മയേഴ്സ്

മുന്നോട്ടു നീക്കി 1948–ൽ സി. ഇ. ഫ്രഞ്ചിന്റെ വരവ് ദൈവസഭയുടെ ഭരണപരമായും ആത്മീയപരമായും മാറ്റങ്ങൾക്ക് വഴിതെളിച്ചു. പിന്നീട് വന്ന മിഷനറിമാരെല്ലാം കേരളത്തിനു വിവിധ ഭാഗങ്ങളിൽ കടന്നു ചെന്ന് ദൈവ സഭയുടെ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങലുകൾ നൽകി. ഒപ്പം തന്നെ ജനങ്ങളുടെ ഇടയിലേക്ക് ഇടകലർന്നു നല്ല സൗഹൃദം സ്ഥാപിച്ചു മുന്നോട്ടുപോയി കൂടാതെ വിവിധയിടങ്ങളിൽ മനോഹരമായ സഭാമന്ദിരങ്ങളും ഫെയ്ത്ത് ഹോമുകളും സ്ഥാപിക്കുവാൻ മുൻകൈ എടുത്തു അവർ സ്ഥാപിച്ച സഭകളെല്ലാം തന്നെ ഇന്നും ദൈവസഭയിൽ നിലനിൽക്കുന്നു മിഷനറി വില്ല്യം പോസ്പിസിൽ ഏറ്റവും ജനകീയനായ അമേരിക്കൻ മിഷനറിമാരിൽ

ഒരാളാണ്. സാമ്പത്തികമായി പിന്നോക്കം നിൽകുന്ന സഭകളിൽ സഭാഹാൾ നിർമ്മിക്കുന്നതിനൊപ്പം തന്നെ സെമിത്തേരികൾ വാങ്ങിക്കുവാനുള്ള ക്രമീകരണം നടപ്പിലാക്കിയ മികവുറ്റ ആത്മീയ നേതാവായിരുന്നു. മിഷൻ ബോർഡിന്റെ മറ്റൊരു മിഷനറി വനിതയായിരുന്നു ശ്രീമതി ഡോറ പി. മയേഴ്സ് ഫിനാൻഷ്യൽ പരമായ കാര്യങ്ങൾ നിർവഹിക്കുന്നതിന് ആന്ധ്രയിൽ നിന്നെത്തിയ മഴേയ്സ് പിന്നീട് കേരളത്തിലേക്ക് വരികയും ഇവിടെയുള്ള ഭരണങ്ങളിൽ ഇടപെടുകയും ചെയ്തു. തന്റെ ഭരണകാലത്താണ് ബൈബിൾ സ്കൂളിനെ കോളേജാക്കി ഉയർത്തി സിലബസുകൾക്ക് മാറ്റം വരുത്തി കൂടാതെ ദൈവസഭയുടെതായ ഒരു ലഘു ചരിത്രം ചമക്കുകയും തന്റെ സ്വന്തം കൈയിൽ നിന്ന് പണം നൽകി ധാരാളം ആലയങ്ങൾ നിർമ്മിക്കുകയുണ്ടായി. മുളക്കുഴയിലെ മയേഴ്സ് മെമ്മോറിയൽ ഹാൾ തന്റെ ഓർമ്മയ്ക്ക് വേണ്ടി പണി കഴിപ്പിച്ചവയാണ്. ഈ ഹാൾ പിന്നീട് പല ചരിത്ര സമ്മേളനങ്ങൾക്കും സാക്ഷ്യം വഹിച്ചു. കൂടാതെ ടേണർ, കാരി, ലിൻഡെ തുടങ്ങിയ മിഷനറിമാർ കേരളത്തിലെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിട്ടുണ്ട്.

## കേരളത്തിന്റെ ഭരണസാരഥ്യം വഹിച്ച മിഷനറിമാർ

1. സി.ഇ. ഫ്രഞ്ച് & ഏലൻ ഫ്രഞ്ച് (1947-1952)
2. പോൾ കുക്ക് & എമിലി കുക്ക് (1952-1972)
3. എച്ച്. എൻ. ടേണർ
4. ഡാരൻ ലിൻഡെ (1967-1969)
5. റോബർട്ട് റീസർ (1965-1970)
6. എൽ. ആർ. കാരി
7. ഡോറ പി. മയേഴ്സ്

# ദൈവസഭ അഗ്രകർമ്മികർ

## 1971 ലെ പിന്നോക്ക വിഭാഗങ്ങളുടെ തുല്യ നീതിയ്ക്ക് രൂപീകരിച്ച ആക്ഷൻ കൗൺസിൽ മെമ്പേഴ്സ്



**പാ. കെ. ജെ. മർക്കോസ്**
പ്രസിഡന്റ്



**പാ. കെ. ജെ. ജോസഫ്**
സെക്രട്ടറി



**പാ. ചാക്കോ പുത്തേട്ട്**
ജോ. സെക്രട്ടറി



**പാ. എം. പി. മത്തായി**
ട്രഷറാർ

**കമ്മിറ്റിയംഗങ്ങൾ**



**പാ. എം. സ്റ്റീഫൻ**



**പാ. കെ. സി. ജോസഫ്**



**ഇവാ. റ്റി. കെ. എബ്രഹാം**



**പാ. വി. എം. മത്തായി**

# ദൈവസഭ എഡ്യൂക്കേഷൻ ഡയറക്ടേഴ്സ്


**പാ. പി. ജെ. ജോസഫ്**
1996 – 2002


**പാ. സണ്ണി വർക്കി**
2002 – 2008


**പാ. ജോസഫ് റ്റി. സാം**
2008 – 2012


**പാ. കെ. സി. സണ്ണിക്കുട്ടി**
2012 – 2016


**പാ. എൻ. എ. തോമസ്ക്കുട്ടി**
2016

# ദൈവസഭ ഇവാൻജലിസം ഡയറക്ടേഴ്സ്


**പാ. കെ. എം. എബ്രഹാം**
1989 – 1996


**പാ. പി. ജെ. ചാക്കോ**
2001 – 2004


**പാ. ജോസഫ് റ്റി. സാം**
2005 – 2008


**പാ. റ്റി. വി. മാത്യു**
2008 – 2012


**പാ. പി. സി. എബ്രഹാം**
2012 – 2016


**പാ. കെ. ജെ. ജോസ്**
2016

# മറ്റ് ഡിപ്പാർട്ട്മെന്റ് 2016


**പാ. വി. ജോർജ്ജ്**
ചാരിറ്റി ഡിപ്പാർട്ട്മെന്റ്


**പാ. ജോമോൻ ജോസഫ്**
ചർച്ച് ഗ്രോത്ത് ഡിപ്പാർട്ട്മെന്റ്


**പാ. ഐസക് ജോൺ**
ക്രൂസേഡ് ഡിപ്പാർട്ട്മെന്റ്

# ദൈവസഭ യൂത്ത് ഡയറക്ടേഴ്സ്



പാ. പി. ജെ. ചാക്കോ



പാ. വി. പി. ജോർജ്ജ്



പാ. ബാബു ജോസഫ്



പാ. ജോസഫ് റ്റി. സാം



പാ. തോമസ് ജോൺ



പാ. എൻ. പി. കൊച്ചുമോൻ



പാ. ഐസക് ജോൺ



പാ. സണ്ണി പി. ജോയ്



പാ. പി. റ്റി. നിക്സൺ

# ദൈവസഭ സൺഡേസ്കൂൾ ഡയറക്ടേഴ്സ്



പാ.വി. പി. ജോൺ



പാ. കെ. ജെ. ദാനിയേൽ



ബ്രദർ ജോൺ ജോസഫ്



ബ്രദർ വി. ജെ. പീറ്റർ



ബ്രദർ പി. പി. തോമസ്ക്കുട്ടി



പാ. തോമസ് ജോൺ



പാ. ലാലു തോമസ്



പാ. കെ. ജെ. ജോസഫ്




പാ. കെ. എസ്. സിബിച്ചൻ

# ദൈവസഭാ
# വിഭജനചരിത്രം
# (1968–1972)

# തുല്യ നീതിക്കുവേണ്ടിയുള്ള മുറവിളി

1950-60 കാലഘട്ടങ്ങൾക്കിടയിൽ ആത്മീയ രംഗത്തും ഭൗതികരംഗത്തും ദൈവസഭ വളർച്ചയുടെ പടികൾ താണ്ടി ആ കാലത്ത് ഇരുവിഭാഗങ്ങൾക്കിടയിൽ യാതൊരുവിധ ചേരിതിരിവും രൂപപ്പെട്ടിരുന്നില്ല. ഒന്നുകൂടി തെളിച്ചു പറഞ്ഞാൽ സവർണ്ണ ക്രിസ്ത്യാനികളുടെ നേതൃത്വത്തെ അംഗീകരിച്ച് യാതൊരുവിധ പരാതികളോ പരിഭവമോ ഇല്ലാതെ പിന്നോക്ക വിഭാഗങ്ങൾ മുന്നോട്ടു നീങ്ങി. എന്നാൽ പിന്നോക്ക വിഭാഗക്കാരുടെ ഇടയിലെ വേല വളരെ വേഗത്തിൽ വളർന്നു പന്തലിച്ചു. സീയോൻ കുന്നിലെ ബൈബിൾ കോളേജിൽ നിന്ന് വേദപഠനം പൂർത്തിയാക്കി വലിയൊരു വിഭാഗം സുവിശേഷ വേലയ്ക്കിറങ്ങി. വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും വന്ന മാറ്റങ്ങൾ അധഃസ്ഥിത ജനങ്ങളുടെ ചിന്താശേഷി വർദ്ധിപ്പിച്ചു. വിദ്യാഭ്യാസ രംഗത്ത് മിഷനറിമാർ കൊണ്ടുവന്ന മാറ്റങ്ങളും അധഃസ്ഥിത ജനങ്ങളുടെ വലിയൊരു മാറ്റത്തിന് വഴിയൊരുക്കി. ആ മാറ്റം ആത്മീയമായ രംഗത്തും പ്രതിഫലിക്കുവാൻ തുടങ്ങി. നയപരമായ കാര്യങ്ങളിലും ഭരണപരമായ കാര്യങ്ങളിലും ഇടപെടുവാൻ പിന്നോക്ക വിഭാഗങ്ങൾ മുന്നോട്ടു വന്നു. പ്രകടമായ വേർതിരിവുകൾ മുളപൊട്ടി വന്നെങ്കിലും ക്രിസ്തുവിൽ നാം ഒന്നാണെന്ന ചിന്ത പലർക്കുമുണ്ടായതിനാൽ അതെല്ലാം ആ രീതിയിൽ വിട്ടുകളഞ്ഞ് ഇരുകൂട്ടരും മുന്നോട്ടുപോയി. പിന്നോക്ക വിഭാഗക്കാരുടെ ആദ്യ സ്വരം ഉയർന്നുകേട്ടത് സീയോൻ കുന്നിലെ ബൈബിൾ കോളേജിൽ നിന്നാണെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. പിന്നോക്ക വിഭാഗങ്ങൾ ആദ്യമായി സംഘടിച്ചത് 1968-ൽ ആണെന്നത് ചിലരുടെ ഡയറികുറിപ്പിൽ നിന്ന് ലഭ്യമാണ്. എന്തുകൊണ്ടവർ ഒന്നിച്ചുകൂടി എന്നെഴുതണമെങ്കിൽ അതിന്റെ ആധികാരികമായ കാരണങ്ങൾ കണ്ടുപിടിക്കേണ്ടിവരും. ഒരുപക്ഷേ തീവ്രമായ ഒരു ചേരിതിരിവ് അല്ലെങ്കിൽ നേതൃസ്ഥാനങ്ങളിൽ നിന്ന് പിന്നോക്ക ജനതയെ മാറ്റി നിർത്തപ്പെടുന്ന അവസ്ഥ. വിശദമായ ഒരന്വേഷണത്തിൽ ആദ്യ വിമത സ്വരം പൊട്ടിപ്പുറപ്പെട്ടത് സീയോൻ കുന്നിലെ ബൈബിൾ കോളേജിൽ നിന്നു തന്നെ എന്ന് അന്ന് പഠനം പൂർത്തിയാക്കിയവരും പിന്നീട് പിന്നോക്ക വിഭാഗങ്ങളുടെ ശബ്ദമായി മുന്നിൽ നിന്നവരുമായവർ സാക്ഷ്യപ്പെടുത്തുന്നു. അന്നത്തെ ബൈബിൾ സ്കൂൾ പഠന കാലയളവിൽ വിദ്യാർത്ഥികളെ കാണാൻ വരുന്ന രക്ഷിതാക്കളിൽ ചിലർക്ക് ഉണ്ണുവാനും ഉറങ്ങുവാനും അധ്യാപകരിൽ ചിലർ



**ചാക്കോ പുത്തേട്ട്**
മുളക്കുഴ ബൈബിൾ കോളേജിൽ നിന്ന് ഒന്നാം റാങ്കോടുകൂടി പാസ്സായ ആദ്യ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ബൈബിൾ സ്ക്കൂൾ വിദ്യാർത്ഥി.

ഇദ്ദേഹത്തിന്റെ വിജയത്തിനുശേഷമാണ് പിന്നോക്ക വിഭാഗക്കാർ സംഘടിതമായി പ്രക്ഷോഭം ആരംഭിച്ചത്

സൗകര്യമൊരുക്കുകയും മറ്റുചില രക്ഷിതാക്കളോട് ആ പരിഗണന കാണിക്കാതിരിക്കുകയും ചെയ്ത തിനെ പിന്നോക്ക വിഭാഗത്തിലെ ചില കുട്ടികൾ ചോദ്യം ചെയ്തു. സമ്പന്ന വിദ്യാർത്ഥികളുടെ രക്ഷി താക്കളോട് കാണിക്കുന്ന ഈ പ്രത്യേക പരിഗ ണന എല്ലാവരിലും അവമതിപ്പുളവാക്കി. അങ്ങനെയി രിക്കെ പിന്നോക്ക വിഭാഗങ്ങളിൽ പ്പെട്ട വിദ്യാർത്ഥികളെ അച്ചടക്കത്തി ന്റെ പേരിൽ ശാസിച്ച ഒരു സംഭവം നടക്കുക യുണ്ടായി. എന്നിരുന്നാലും ചിരിച്ചുകൊണ്ട് തള്ളിക്കളയേണ്ട സംഭവം ഊതി വലുതാക്കി. ചെറിയ സംഘർഷത്തിന് വഴിയൊരുക്കി. ദളിത് വിഭാഗത്തിൽ നിന്നും സി.എം.എസ്. സഭയിലേക്ക് ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ട സ്റ്റീഫൻ അച്ചന്റെ പൗരോ ഹിത്യ സ്ഥാനാരോഹണ ശുശ്രൂഷ കാണു വാൻ ബൈബിൾ സ്കൂൾ വിദ്യാർ ത്ഥികൾ ഒന്നടങ്കം പോയത് വലി യൊരു കോലാഹലത്തിനിട യാക്കി. ഒരു ദളിതൻ ആദ്യമായി നേതൃസ്ഥാ നത്തേയ്ക്ക് വന്നത് ആ കാലഘട്ട ങ്ങളിൽ വലിയ ചർച്ചാ വിഷയമായി രുന്നു. ജാതിമത വ്യത്യാസമില്ലാതെ കേരളത്തിലെ എല്ലാ ദളിതനും ആ ശുശ്രൂഷയിൽ സാക്ഷ്യം വഹിക്കു വാൻ അവിടെ ചെന്നിരുന്നു. ആ കൂട്ടത്തിൽ മുളക്കുഴയിലെ ഒരു സംഘം വേദ വിദ്യാർത്ഥികളും എത്തിയിരുന്നു. ഇതിന്റെ പേരിൽ അവർ കർശനമായ അച്ചടക്ക

നടപടിക്കു വിധേയരാകേണ്ടി വന്നു. അങ്ങനെയിരിക്കെ അവസാന വർഷ വിദ്യാർത്ഥികളുടെ യാത്രയയപ്പു മീറ്റിംഗിൽ മിഷൻ ബോർഡിനെ പ്രതിനിധീകരിച്ച് വില്യം പോസ്ഫിസിൽ നടത്തിയ പ്രസംഗം അന്ന് കൂടിയ വിദ്യാർത്ഥികളിൽ ചിലർ ഇന്നും ഓർത്തിരിക്കുന്നു. അവരുടെ കർണ്ണപുടങ്ങളിലേക്ക് എത്തിയ ആ ശബ്ദം ഇന്നും മറക്കാൻ കഴിഞ്ഞിട്ടില്ല. ഈ വർഷം ഗ്രാജുവേറ്റാകുന്ന വിദ്യാർത്ഥികളിൽ ഏറ്റവും കൂടുതൽ മാർക്ക് മേടിക്കുന്ന ദളിത് വിദ്യാർത്ഥിക്ക് മുളക്കുഴ ബൈബിൾ കോളേജിൽ പഠിപ്പിക്കുവാനുള്ള അവസരം മിഷൻ ബോർഡ് ഒരുക്കും എന്നായിരുന്നു ആ പ്രസംഗത്തിന്റെ സംക്ഷിപ്തരൂപം. പോസ്ഫിസിൽ സായ്പിന്റെ ആ പ്രഖ്യാപനം ദളിതരായ ബൈബിൾ സ്കൂൾ വിദ്യാർത്ഥികൾ കൈകളടികളോടെ സ്വീകരിച്ചു. ചിലർ ബഞ്ചിലടിച്ച് തങ്ങളുടെ സന്തോഷം പങ്കുവച്ചു. ദൈവസഭയുടെ ഔദ്യോഗിക




സ്ഥാനത്തേക്ക് ദളിതന്റെ ആദ്യ കാൽവെയ്പ്പ് എന്ന് പലരും ചിന്തിച്ചു. ആ വർഷം ചാക്കോ പുത്തേട്ട് ഒന്നാംറാങ്ക് നേടി ദളിത് വിദ്യാർത്ഥികളുടെ ഇടയിൽ നിന്ന് മാത്രമല്ല മുന്നോക്ക ക്രിസ്ത്യാനികളെയും പിന്നിലാക്കി. തന്റെ ചരിത്ര നേട്ടം ദൈവസഭയിലെ പിന്നോക്ക വിഭാഗങ്ങൾ ആഘോഷിച്ചു. പലരും അദ്ദേഹത്തിന് സ്വീകരണങ്ങൾ കൊടുത്ത് അഭിനന്ദിച്ചു. ഈ വിജയം ചാക്കോ പുത്തേട്ട് എന്ന വ്യക്തിയുടെ മാത്രമല്ല ഒരു ജനതയുടെ വിജയമായിരുന്നു. മാസങ്ങൾക്ക് ശേഷം വില്ല്യം പോസ്ഫിസിൽ പറഞ്ഞതനുസരിച്ച് ബൈബിൾ സ്കൂളിൽ അധ്യാപക തസ്തികയിലേക്ക് തന്നെയും പരിഗണിക്കണമെന്ന ചാക്കോ പുത്തേട്ട് എന്ന വിദ്യാർത്ഥിയുടെ ആവശ്യം അന്നത്തെ പ്രിൻസിപ്പാൾ തള്ളിക്കളഞ്ഞു. ഇത് പിന്നോക്ക വിഭാഗക്കാരെ വേദനിപ്പിച്ചു. ഇനി പ്രതികരിക്കാതിരുന്നാൽ തങ്ങൾക്ക് കിട്ടേണ്ട അർഹമായ പല സ്ഥാനങ്ങളും സവർണ ക്രിസ്ത്യാനികൾ തട്ടിയെടുക്കുമെന്ന ചിന്ത പലരെയും പ്രതികരിക്കുവാൻ പ്രേരിപ്പിച്ചു. ചില സെന്റർ പാസ്റ്റർ ഈ വിഷയത്തിൽ ഇടപെടുവാൻ മുന്നോട്ടു വന്നു. ചാക്കോ പുത്തേട്ടിനെ അധ്യാപകനാക്കണം എന്ന തങ്ങളുടെ ജനത്തിന്റെ പൊതുവികാരം നേതൃത്വത്തെ അറിയിച്ചു. എന്നാൽ വേണ്ടത്ര ഉറപ്പു തരാൻ നേതൃത്വം വിസമ്മതിച്ചതിനാൽ ശക്തമായ ഭാഷയിൽ തിരിച്ചടി ഉണ്ടാകും എന്ന് സെന്റർ പാസ്റ്റർമാർ മുന്നറിയിപ്പു നൽകി. അതിന്റെ പ്രതികാരമെന്നോണം പിന്നീട് നടന്ന സ്ഥലംമാറ്റം

അതിന്റെ പ്രതിഫലനമുണ്ടായി. പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട പല പാസ്റ്റർമാർക്കും ചെറിയ സഭകളിലേക്ക് നിയമനം ലഭിച്ചു. സവർണ്ണ ക്രിസ്ത്യാനികളായ ജൂനിയർ പാസ്റ്റർമാർ സീനിയോരിറ്റി മറികടന്ന് സെന്റർ പാസ്റ്റർമാരായി. പിന്നോക്ക വിഭാഗങ്ങളിലെ ശബ്ദമായി മുന്നിൽ നിന്ന സീനിയർ പാസ്റ്റർ കെ.ജെ. മർക്കോസിനെ ചെറിയ സഭയിലേക്ക് മാറ്റി ഒതുക്കി. മാറ്റത്തിന്റെ നിയമന ലെറ്റർ അന്നത്തെ ഓവർസീയറുടെ മുന്നിലേക്ക് ഇട്ട് കെ.ജെ. മർക്കോസ് തന്റെ പ്രതിഷേധം രേഖപ്പെടുത്തി. തലപ്പാടി സഭയിലേക്ക് മുന്നോക്ക സമുദായത്തിൽപ്പെട്ട ഒരു ദൈവദാസന് സ്ഥലംമാറ്റം കൊടുത്തപ്പോൾ സ്ഥലം സഭാ പാസ്റ്ററായ കല്ലുമല മർക്കോസിനെ പുതിയ നിയമനം അറിയിക്കുവാനോ പുതിയ സഭ കൊടുക്കുവാനോ ഉള്ള സൗമനസ്യം കാണിക്കാൻ നേതൃത്വം തയ്യാറായില്ല. ഇതിൽ വലിയ പ്രതിഷേധം ഒന്നും തന്നെ കാണിക്കാതെ കുറച്ച് വിശ്വാസികളുമായ ദൈവദാസൻ പ്രസ്ഥാനം വിട്ടു. ഈ ദൈവദാസന്റെ കൂട്ടായ്മ പിന്നീട് വളർന്ന് ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് എന്ന പുതിയ പ്രസ്ഥാനത്തിന് വഴിയൊരുക്കി.

കേരളത്തിന്റെ വിവിധ കോണുകളിൽ നിന്ന് ഉയർന്നു കേട്ട പിന്നോക്ക വിഭാഗങ്ങളുടെ ശബ്ദം ഒരു പരിധി വരെ അടിച്ചമർത്താൻ കഴിഞ്ഞിരുന്നെങ്കിലും, പല കോണുകളിൽ നിന്ന് വിമത സ്വരങ്ങൾ ഉയരുന്നത് പതിവായി. ദൈവസഭയുടെ ഭരണപരമായ ഘടന മനസ്സിലാക്കിയ പിന്നോക്ക വിഭാഗങ്ങളിലെ പാസ്റ്റർമാർക്ക് തങ്ങളുടെ ജനവിഭാഗത്തിന് പ്രാധാന്യമർഹിക്കുന്ന പദവികൾ ഒന്നും തന്നെയില്ലെന്ന് മനസ്സിലാക്കി തുടങ്ങി. മുളക്കുഴയിലെ ബൈബിൾ കോളേജിലെ ജോലി ആ കാലഘട്ടങ്ങളിൽ ഉയർന്ന പദവികളായി കണക്കാക്കപ്പെട്ടിരുന്നു. ഓരോ വർഷവും ധാരാളം പിന്നോക്ക വിഭാഗങ്ങൾ ഗ്രാജുവേറ്റായി ഇറങ്ങുന്നതല്ലാതെ അവർക്ക് മാന്യമായ പദവികൾ നൽകുവാൻ നേതൃത്വം തയ്യാറായില്ല. കൂടാതെ ദൈവ സഭയിലെ ഓവർസീയർ അടക്കമുള്ള ജീവനക്കാരിലും ശമ്പളമർഹിക്കുന്ന യാതൊരു സ്ഥാനത്തും പിന്നോക്ക വിഭാഗങ്ങളുടെ സാന്നിധ്യം ഉണ്ടായിരുന്നില്ല. മൂന്നിൽ രണ്ട് ഭൂരിപക്ഷമുള്ള ഒരു ജനത, മൃഗീയ ഭൂരിപക്ഷം വരുന്ന പാസ്റ്റർമാർ ഭൂരിപക്ഷമുള്ള സ്ഥാവര ജംഗമവസ്തുക്കളുടെ ഉടമസ്ഥാവകാശം ഇതല്ലാ മുന്നിലുണ്ട് എന്നല്ലാതെ അത് തങ്ങൾക്കോ തങ്ങളുടെ ജനതക്കോ വരുന്ന തലമുറയ്ക്കോ ഉപകാരപ്പെടുന്നില്ല എന്ന തിരിച്ചറിവ് വന്നതോടെ പിന്നോക്ക വിഭാഗങ്ങൾ തുല്യതക്കായി മുറവിളി കൂട്ടി അത് പിന്നീട് ചേരിതിരിവിനും, ഗ്രൂപ്പ് യോഗങ്ങൾക്കും വഴിവച്ചു.

# പാറടി സഭയുടെ സംഘടിത നീക്കം

1969 കാലയളവിൽ ദൈവസഭയിൽ വിഭാഗീയത രൂക്ഷമായി വളർന്നു വരുന്ന സമയം ഡെറാഡൂൺ ബൈബിൾ കോളേജിൽ നിന്ന് ഉന്നത വിദ്യാഭ്യാസം നേടി പാസ്റ്റർ എം. സ്റ്റീഫൻ പാറടി സഭാചാർജ്ജ് ഏറ്റെടുക്കുകയും ദൈവ സഭകൾ, പിന്നോക്ക വിഭാഗങ്ങൾ നേരിടുന്ന അവഗ ണനയിൽ മനംനൊന്ത് പാറടി സഭയിലെ വിശ്വാസികളെ വിളിച്ചുകൂട്ടി ഒരു രഹസ്യ യോഗം ചേർന്നു. ആ രഹസ്യ യോഗത്തിന്റെ തീരുമാന പ്രകാരം അടിസ്ഥാന ജനവിഭാഗ ങ്ങളെ ഉത്ബുദ്ധരാക്കുവാനും നേതൃത്വത്തി ന്റെ വിവേചനങ്ങളെ തുറന്നു കാണിക്കു വാനും ചിലർ മുന്നോട്ടു വന്നു. പുതുപ്പ ള്ളിയിൽ നടന്ന ക്യാമ്പിൽ പാറടി സഭയിലെ ചില സഹോദരങ്ങൾ പ്രസ്താവനയുമായി മുന്നോട്ടിറങ്ങുകയും ക്യാമ്പ് സ്ഥലത്ത് വിതരണം ചെയ്യുകയും ചെയ്തു. പാസ്റ്റർ എം. സ്റ്റീഫന്റെ നേതൃത്വത്തിൽ പാറടി സഭക്കാർ നടത്തിയ സംഘടിതമായ ഈ നീക്കം കൂടുതൽ പിന്നോക്ക വിഭാഗങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി വാദിക്കുവാൻ സജ്ജരാക്കി.



ഇതിനു പ്രതിഫലനമെന്നവണ്ണം 1969 മുളക്കുഴ സീയോൻ കുന്നു മയേഴ്സ് മെമ്മോറിയൽ ഹാളിൽ വച്ചു നടന്ന വർക്കേഴ്സ് കോൺഫറൻസിൽ ദൈവസഭാ പ്രസിഡന്റ് നടത്തിയ പ്രസംഗങ്ങൾ മേൽ പ്രസ്താവനയെ വിലയിരുത്തിക്കൊണ്ടുള്ളതും പിന്നോക്ക സമുദായങ്ങളിൽ നിന്നും ആ മീറ്റിംഗിൽ കൂടി വന്നിരുന്ന പാസ്റ്റേഴ്സിനെ വേദനിപ്പിക്കുന്ന നിലയിലുള്ളതുമായിരുന്നു.

ശമുവേൽ വരുവാൻ താമസം നേരിട്ടിരിക്കുന്നതിനാൽ ജനം ശൗലിനെവിട്ടു ചിതറിപ്പോകുമെന്നുള്ളതുകൊണ്ട് പുരോഹിതനായ ശമുവേൽ നടത്തേണ്ട ശുശ്രൂഷ രാജാവായ ശൗൽ അതിക്രമിച്ചു നടത്തി. ഗിൽഗാലിൽ ഹോമയാഗവും, സമാധാനയാഗവും നടത്തി അനുസരണക്കേടു കാണിച്ചു രാജസ്ഥാനം നഷ്ടപ്പെടുത്തിയ വിധം 1 ശമുവേൽ 13-ാം അദ്ധ്യായത്തിൽ നിന്നും ഉദ്ധരിച്ചു കൊണ്ടു ള്ളതായിരുന്നു. പിന്നോക്ക സമുദായങ്ങളിൽ നിന്നുമുള്ള ദൈവജനം

ശൗലിനെപ്പോലെ പ്രവർത്തിക്കുവാൻ തുടങ്ങിയിരിക്കുന്നു എന്നതായിരുന്നു 3 ദിവസത്തെ പ്രസംഗങ്ങളിലും ആവർത്തിക്കപ്പെട്ടത്. തന്മൂലം വളരെ ഹൃദയ വേദനയോടുകൂടി കോൺഫറൻസിൽ സംബന്ധിക്കേണ്ടി വന്ന പിന്നോക്ക വിഭാഗങ്ങളിലെ ശുശ്രൂഷകന്മാർക്ക് തെല്ലൊരാശ്വാസം പകരാൻ അവസാന ദിവസത്തെ പ്രസംഗം നടത്തിയ പാസ്റ്റർ പി.എ.വി. സാമിന്റെ വചനശുശ്രൂഷ ഉതകി.


പാറടി സഭയിൽ നിന്നും പ്രസിദ്ധീകരിക്കപ്പെട്ട പ്രസ്താവനയെക്കുറിച്ചുള്ള നേതൃത്വത്തിന്റെ തെറ്റായ വ്യാഖ്യാനങ്ങളാണ് വർക്കേഴ്സ് കോൺഫറൻസിൽ ആദ്യന്തം മുഴങ്ങിക്കേട്ടത്.

വേലക്കാരുടെ മീറ്റിംഗ് കഴിഞ്ഞ് പാസ്റ്റർ വെള്ളൂർ കെ.ജെ.യും പാസ്റ്റർ കെ.വി. ചാക്കോയും അന്നത്തെ ഫീൽഡ് റപ്രസന്റേറ്റീവ് പി.എ.വി. സാമിനോട് കൂടെ അദ്ദേഹത്തിന്റെ താമസസ്ഥലമായ മുളക്കുഴയിലുള്ള വാടക വീട്ടിലേക്ക് പോയി. തദവസരത്തിലെ സംഭാഷണ വിഷയം വേലക്കാരുടെ മീറ്റിംഗിൽ നേതൃത്വം നടത്തിയ പ്രസംഗങ്ങളെ ക്കുറിച്ചായിരുന്നു. പിന്നോക്ക സമുദായത്തിൽ നിന്നുള്ള ദൈവജനത്തിന്റെ എല്ലാ ആവശ്യങ്ങളും ദൈവസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുവാനുള്ള നേരായ വഴിയുള്ളപ്പോൾ പരസ്യ പ്രസ്താവന നടത്തി സഭയെ അപമാനിക്കാൻ പാടുള്ളതല്ല എന്ന പൊതു നിഗമനത്തിൽ മൂന്നുപേരും എത്തിച്ചേർന്നു. പിറ്റേദിവസം പാസ്റ്റർ വെള്ളൂർ കെ.ജെ.യും പാസ്റ്റർ കെ.വി. ചാക്കോയും, പി.എ.വി. സാമിന്റെ വീട്ടിൽ നിന്ന് പ്രാർത്ഥിച്ചിറങ്ങുമ്പോൾ പിന്നോക്ക വിഭാഗങ്ങളുടെ പ്രശ്ന പരിഹാരത്തിന് ഒരപേക്ഷ കൗൺസിലിന് മുമ്പാകെ വച്ചാൽ കുറ്റകരമാകുമോ എന്ന വെള്ളൂർ കെ.ജെ.യുടെ ചോദ്യത്തിന് ഒരിക്കലും അങ്ങനെ സംഭവിക്കില്ല. ധൈര്യമായി അപേക്ഷ വെക്കാമെന്ന് പറഞ്ഞാശ്വസിപ്പിച്ചു. പി.എ.വി. സാം തന്ന ഈ ഉറപ്പിന്മേലായിരുന്നു കെ.വി. ചാക്കോയും, വെള്ളൂർ കെ.ജെ.യും കൗൺസിൽ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതിന് പെരുവയിൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ട പാസ്റ്റർമാരുടെ രഹസ്യ യോഗം വെക്കാൻ തീരുമാനമെടുത്തത്.

## 1969 ലെ രഹസ്യയോഗം

1969 നവംബർ 29, വെള്ളിയാഴ്ച രാത്രി 8 മണിക്കാണ്

പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ഏതാനും ചില ദൈവദാസന്മാർ വൈക്കം താലൂക്കിലെ പെരുവയിൽ വച്ച് പാസ്റ്റർ കെ.ജെ. ജോസഫിന്റെ നേതൃത്വത്തിൽ രഹസ്യ യോഗം കൂടുകയുണ്ടായി, ദൈവസഭയിലെ പിന്നോക്ക വിഭാഗങ്ങളിലെ ഭൂരിപക്ഷം വരുന്ന വിശ്വാസികളുടെയും ശുശ്രൂഷകരുടെയും വളർച്ചയക്ക് കോട്ടം വരുത്തുന്ന നേതൃത്വത്തിന്റെ കെടും കാര്യസ്ഥതയ്ക്ക് കൂച്ചുവിലങ്ങിടാനുള്ള മാർഗം ആരാഞ്ഞാണ് ഒത്തു കൂടിയത്. നിശ്ചയിക്കപ്പെട്ട യോഗത്തിൽ വിശ്വസ്തരെന്നു അനുമാനിക്കാവുന്ന ഏതാനും ചില പാസ്റ്റർമാർ പങ്കെടുത്തു.
റ്റി.ഒ. വർഗീസ് തേന്മാംകുഴി, കെ.വി. ചാക്കോ കല്ലുവെട്ടാം മട, പി.എം. മത്തായി പാലക്കോട്ടിൽ, കെ.സി. ഡേവിഡ് പിറമാടം, കെ.ജെ. ജോസഫ് വെള്ളൂർ തുടങ്ങിയ പാസ്റ്റർമാർ അന്നത്തെ ചർച്ചയിൽ പങ്കെടുത്ത വരായിരുന്നു. പ്രസ്തുത യോഗത്തിൽ സംബന്ധിക്കാമെന്ന് പറഞ്ഞിരുന്നെങ്കിലും ചില വ്യക്തിപരമായ കാരണങ്ങളാൽ പാസ്റ്റർ എം. പി. മത്തായിക്കും, ചാക്കോ പുത്തേട്ടിനും യോഗത്തിൽ സംബന്ധി ക്കുവാൻ കഴിഞ്ഞില്ല. എന്നാൽ മീറ്റിംഗിനെടുക്കുന്ന തീരുമാനങ്ങൾക്ക് പൂർണ പിന്തുണ നൽകിയിരുന്നു. കെ.ജെ.യുടെ അധ്യക്ഷതയിൽ നടന്ന രാത്രിയോഗത്തിൽ ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭയുടെ അടിസ്ഥാന ഘടകമായ പിന്നോക്ക വിഭാഗങ്ങളിൽ നിന്നുമുള്ള ദൈവജനത്തിന് ഇന്നയോളം യാതൊരു സ്ഥാനമാനങ്ങളും തങ്ങൾ ഉണ്ടാക്കിയ ദൈവസഭയിൽ നിന്നും കിട്ടിയിട്ടില്ല. ഇന്നും മറ്റുള്ളവരാൽ ഭരിക്കപ്പെടുന്ന അടിമത്താവസ്ഥയിൽ നിന്നും വിടുതൽ പ്രാപിച്ച് ആത്മീയമായി വളരുവാൻ നാം അതിവേഗത്തിൽ ബുദ്ധിപരമായി പ്രവർത്തന രംഗത്തേക്കിറങ്ങേണ്ടതു ഭാവി തലമുറയുടെ ആത്മീയ നിലനിൽപിന് ആവശ്യമാണ്. ആകയാൽ നമ്മുടെ അടിയന്തിരാവശ്യങ്ങൾ ഉൾക്കൊള്ളുന്ന നിവേദനം ദൈവസഭ കൗൺസിലിനും അനന്തരം മിഷനറിമാർക്കും മിഷൻ ബോർഡിനും സമർപ്പിക്കണമെന്നും ഈ കാര്യങ്ങൾ സഭകളെ പഠിപ്പിച്ചു ഒരു പ്രമേയം സഭകളെ കൊണ്ട് പാസാക്കിയെടുക്കേണ്ടതാണെന്നും അധ്യക്ഷനായ പാസ്റ്റർ വെള്ളൂർ കെ.ജെ. പ്രസ്താവിച്ചു. അത് ചർച്ച ചെയ്ത് യോഗം അംഗീകരിച്ചു പാസ്സാക്കി. പ്രമേയം എഴുതിയുണ്ടാക്കുവാനും അതാത് സഭകളെ


കെ. വി.ചാക്കോ

കൊണ്ട് പാസ്സാക്കിക്കുവാനുമുള്ള എല്ലാ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും പാസ്റ്റർ വെള്ളൂർ കെ.ജ.യെ യോഗം ചുമതലപ്പെടുത്തി. യോഗ തീരുമാനം സഹപ്രവർത്തകരായ എം.പി. മത്തായിയെയും. ചാക്കോ പുത്തേട്ടിനെയും കത്തു മുഖേന അറിയിക്കുകയും അവരത് അംഗീകരിക്കുകയും ചെയ്തു. പെരുവയിൽ വച്ചു കൂടിയ ചർച്ച യോഗം കൈക്കൊണ്ട തീരുമാനമനുസരിച്ച് ഏഴ് പ്രധാന ഡിമാന്റുകൾ ഉൾക്കൊള്ളുന്ന ഒരു പ്രമേയം പാസ്റ്റർ വെള്ളൂർ കെ.ജെ. എഴുതി പ്രിന്റ് ചെയ്ത് അച്ചടി ചുമതല പാസ്റ്റർ റ്റി. ഒ. വർഗീസിനെ ഏൽപ്പിക്കുകയും അദ്ദേഹമത് തന്റെ സ്വന്തം പ്രസ്സിൽ സൗജന്യമായി നിർവഹിക്കുകയും ചെയ്തു.

## പെരുവ മീറ്റിംഗിന്റെ പൊതുചിത്രം

പെരുവയിൽ വച്ചു കെ.ജെ. ജോസഫിന്റെ നേതൃത്വത്തിൽ 1969 നവംബർ 29 വെള്ളിയാഴ്ച നടന്ന രഹസ്യ മീറ്റിംഗിലാണ് പിന്നോക്ക വിഭാഗങ്ങളുടെ ശക്തി വിളിച്ചറിയിക്കുന്ന ആദ്യ കൂടിവരവെന്ന് പറയേണ്ടി വരും. അന്നത്തെ യോഗത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളാണ് പിന്നീട് നടന്ന എല്ലാ സമ്മേളനത്തിലും മുഴങ്ങി കേട്ടത്. ആലോചന മീറ്റിംഗിൽ മുഴങ്ങിക്കേട്ട ആശയങ്ങൾ നടപ്പിൽ വരുത്തേണ്ടതിനു ജനങ്ങളുടെയും, ശുശ്രൂഷകന്മാരുടെയും പിന്തുണ ഉറപ്പാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് കൂടുതൽ ഓർഡിനേഷൻ പാസ്റ്റർമാരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി പ്രവർത്തന പിന്തുണ തേടാൻ പാസ്റ്റർ കെ.ജെ. ജോസഫിന്റെ നേതൃത്വത്തിലുള്ള സംഘം തീരുമാനിച്ചു. അതിൻ പ്രകാരം ദൈവസഭയിലെ ഒരു പൂർവ്വകാല പ്രവർത്തകനും, ഓർഡിനേഷൻ പാസ്റ്ററും, ദൈവസഭകൾക്കുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ചു പോന്നിരുന്ന പാസ്റ്റർ കെ.ജെ. മർക്കോസ് കുന്നുംചിറയെ പാസ്റ്റർ കെ.വി. ചാക്കോയുടെ അനുജൻ കെ. ഡി. മത്തായിയുടെ വസതിയിൽ വച്ച് തന്റെ കല്യാണത്തിന്റെ തലേദിവസം പാസ്റ്റർ കെ. ജെ. ജോസഫ് കാണുകയും വളരെ സമ്മർദ്ദം വിനിയോഗിച്ച് പ്രവർത്തന രംഗത്തേയ്ക്ക് വരാമെന്ന് സമ്മതിപ്പിക്കുകയും ചെയ്തു. അങ്ങനെ ദൈവസഭയിലെ സീനിയർ മിനിസ്റ്ററും സെന്റർ പാസ്റ്ററുമായ കെ.ജെ. മർക്കോസ് പിന്നോക്ക വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുവാൻ മുന്നോട്ടു വന്നു. തുടർന്ന് വെള്ളൂർ കെ. ജെ. താൻ എഴുതി തയ്യാറാക്കിയ പ്രസ്താവന പാസാക്കേണ്ടതിനായി എല്ലാ സഭകൾക്കും

അയച്ചുകൊടുത്തു. പിന്നാക്ക വിഭാഗങ്ങൾ ആധിപത്യം പുലർത്തുന്ന ഭൂരിപക്ഷ സഭകളും തങ്ങൾക്ക് കിട്ടിയ പ്രസ്താവന പരസ്യമായി സഭയിൽ വായിക്കുകയും ഏഴ് ആവശ്യങ്ങളടങ്ങിയ പ്രമേയം ചർച്ച ചെയ്തു പാസാക്കുകയും ചെയ്തു. എന്നാൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ലോക്കൽ, സെന്റർ പാസ്റ്റർമാർ നേതൃത്വത്തിന്റെ നടപടിയെ ഭയന്ന് മേൽ പ്രസ്താവിച്ച പ്രമേയങ്ങൾ പാസാക്കുവാൻ വൈമനസ്യം കാണിച്ചു. അവരെയും കൂടി ഉൾപ്പെടുത്തി മുന്നോട്ട് പോയാൽ മാത്രമേ പ്രവർത്തനം കൂടുതൽ ഫലപ്രാപ്തിയിലെത്തൂ എന്നത് മുന്നിൽക്കണ്ട് 1970-ലെ റാന്നിയിൽ വച്ച് നടക്കുന്ന ജനറൽ കൺവൻഷനിൽ ഒരു രഹസ്യ യോഗം ചേരാനുള്ള ക്രമീകരണം ചെയ്തു.

1970 റാന്നിയിൽ വച്ച് നടന്ന ദൈവസഭ ജനറൽ കൺവൻഷനിൽ പന്തലിനടുത്തുള്ള രണ്ട് നില കെട്ടിടത്തിൽ വാടകമുറിയിൽ കെ.ജെ. ജോസഫ്, എം. ഡി. മാത്യു തുടങ്ങിയ പാസ്റ്റർമാരുടെ നേതൃത്വത്തിൽ തങ്ങൾ നൽകിയ രഹസ്യ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒരു വലിയ സംഘം വിശ്വാസികൾ സന്നിഹിതരായിരുന്നു. കൂടാതെ കെ.ജെ. മർക്കോസ് (കുന്നുംചിറ) പി.ജെ. ജോസഫ് ചെമ്പുംതുരുത്ത്, എൻ.ജെ. ആൻഡ്രൂസ്, കെ.വി. ചാക്കോ. പി. പി. മത്തായി (കല്ലൂപ്പാറ) എം.എം. ഡേവിഡ് (റാന്നി) എൻ.സി. ജോസഫ് (തിരുവഞ്ചൂർ) കെ. സി. ജോസഫ് (കണിച്ചുകുളം) കെ.സി. ജോസഫ് (മുക്കാഞ്ഞിരം) പി.ഡി. ജോസഫ് പി.പി. മർക്കോസ് തലപ്പാടി തുടങ്ങി പ്രമുഖന്മാരുടെ നീണ്ട നിരതന്നെ ആ മീറ്റിംഗിൽ ഉണ്ടായിരുന്നു. ജനറൽ കൺവൻഷന്റെ അവസാന ദിവസമായിരുന്നതിനാൽ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള വിശ്വാസി സമൂഹം വന്നു ചേരുന്ന ദിവസം തന്നെ മീറ്റിംഗിന് തിരഞ്ഞെടുത്ത് വെള്ളൂർ കെ. ജെ. എന്ന നേതാവിന്റെ തന്ത്രമായിരുന്നു. ആ തന്ത്രം പൂർണ്ണമായും വിജയിച്ചു എന്നതിന്റെ തെളിവായിരുന്നു മീറ്റിംഗിലെ പ്രമുഖരുടെ സാന്നിധ്യം. ഭരണ രംഗത്ത് മതിയായ പ്രാതിനിധ്യം നൽകാതെ പിന്നോക്ക വിഭാഗങ്ങളെ അവഗണിക്കുന്ന നേതൃത്വത്തിനെതിരെ തിരിയാൻ ഒരു വലിയ ജനവിഭാഗത്തെ ഒരുക്കിയെടുക്കുവാൻ ഈ മീറ്റിംഗിലൂടെ സാധിച്ചു എന്നതിൽ രണ്ടഭിപ്രായമില്ല. എന്നാൽ നേതൃത്വത്തിന്റെ ഭാഗത്ത് നിന്ന് നടപടിയുണ്ടാകുമോ എന്ന ഭയം ചില പാസ്റ്റർമാരെ ഭരിച്ചിരുന്നു. പാസ്റ്റർ വെള്ളൂർ കെ.ജെ.യുടെ നിർബന്ധത്തിന് വഴങ്ങി പി. ജെ. ജോസഫ് ചെമ്പൻതുരുത്ത് പ്രസ്തുത മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. അങ്ങനെ ആരംഭിച്ച യോഗത്തിൽ പാസ്റ്റർ കെ. ജെ. മർക്കോസ്

കുന്നുചിറ അവതാരകനെന്ന നിലയിൽ അദ്ദേഹത്തിനുവേണ്ടി പാസ്റ്റർ വെള്ളൂർ കെ. ജെ. പ്രമേയങ്ങൾ അവതരിപ്പിച്ചു. പ്രമേയാവതരണത്തിന് മുമ്പുള്ള വിശദീകരണത്തിൽ എല്ലാ ശുശ്രൂഷകരും വിഘടിച്ചു നിൽക്കാതെ ആവശ്യബോധത്തോടെ ഐക്യമായി നിൽക്കണമെന്നും എങ്കിൽ മാത്രമേ നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിയു കയുള്ളൂ എന്നും ഉദ്ബോധിപ്പിച്ചു. അനന്തരം അധ്യക്ഷൻ പി. ജെ. ജോസഫ് ചെമ്പന്തുരുത്തി ചെറിയ ഉപക്രമ പ്രസംഗം നടത്തി. അദ്ധ്യക്ഷപ്രസംഗത്തിന്റെ ചുരുക്കം ദൈവസഭയുടെ ഭരണാധികാരിക ൾക്കും മുഖ്യസ്ഥാനത്തിനും നമ്മുടെ യാതൊരു പ്രവർത്തനങ്ങളും എതിരായി വരരുത് എന്നതായിരുന്നു. തുടർന്ന് പാസ്റ്റർ വെള്ളൂർ കെ. ജെ. അവതരിപ്പിച്ച പ്രമേയം അവിടെ കൂടിയിരുന്ന സദസ്സിന്റെ നിറഞ്ഞ കൈയ്യടികളോടെ പാസാക്കിയെടുത്തു. തുടർന്ന് ദൈവസഭയുടെ ബന്ധപ്പെട്ട അധികാരികൾക്ക് മെമ്മോറാണ്ടം സമർപ്പിക്കുന്നതിനു വേണ്ടിയുള്ള നിവേദക സംഘത്തെ രൂപീകരിച്ചു. പാസ്റ്റർ വെള്ളൂർ കെ.ജെ. ലീഡറായുള്ള നിവേദക സംഘത്തിൽ പാസ്റ്റേഴ്സ് കെ.ജെ. മർക്കോസ്, കെ.സി. ജോസഫ് ചേലക്കര, എം. പി. മത്തായി കൂരോപ്പട എന്നിവർ ഉൾപ്പെട്ടിരുന്നു. പ്രമേയങ്ങൾ പാസാക്കാത്ത സഭകളെക്കൊണ്ട് കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി പ്രമേയം പാസാക്കി നിവേദക സംഘത്തിന്റെ ലീഡർക്ക് അയച്ചു കൊടുക്കു വാനുള്ള ക്രമീകരണം എത്രയും വേഗം ചെയ്‌വാൻ ആഹ്വാനം ചെയ്തുകൊണ്ട് 1970 ജനുവരിയിലെ പിന്നോക്ക വിഭാഗങ്ങളുടെ രണ്ടാമത്തെ രഹസ്യയോഗം പിരിഞ്ഞു.

1970 ജനറൽ കൺവെൻഷനു കൂടിയ രഹസ്യ യോഗത്തിന് ശേഷം ശക്തമായ ജനവികാരമാണ് നേതൃത്വത്തിനെതിരെ ഉണ്ടായത്. കേരളത്തിൽ തെക്കൻ മേഖലകളിലെ സഭകളിലെ പ്രവർത്തനം എം. പി. മത്തായി, മാത്യു ജോർജ്ജ് തുടങ്ങിയവർ ഏറ്റെടുക്കുകയും മധ്യ തിരുവിതാംകൂറിലെ പ്രവർത്തനം കെ.ജെ. മർക്കോസിന്റെ കീഴിലാവുകയും ചെയ്തതോടെ വലിയ രീതിയിലുള്ള ഒരു പ്രവർത്തനം നേതൃത്വത്തിനെതിരെ ഉണ്ടായി. കൂരോപ്പട, പാറടി സഭകളായിരുന്നു തെക്കൻ മേഖലകളിലെ പിന്നോക്ക വിഭാഗങ്ങളുടെ ശക്തികേന്ദ്രം. വെള്ളൂർ കെ. ജെ., സി. പി. മാത്യു (കാരിക്കോട്), വി. എം. വർക്കി, പി.ജെ. ജോസഫ് (അയ്യപ്പൻകോവിൽ) തുടങ്ങിയ ശക്തന്മാരുടെ കീഴിൽ വടക്കു പടിഞ്ഞാറൻ മേഖലകളിലെ പ്രവർത്തനം ശക്തമായി മുന്നോട്ടു നീങ്ങിയതോടെ ഏകദേശം 33-ൽ പരം സഭകൾ ഏകകണ്ഠമായി പ്രമേയം പാസാക്കി നിവേദക സംഘത്തിന് കൈമാറി. മുന്നോക്ക വിഭാഗത്തിന് മൃഗീയ ഭൂരിപക്ഷമുള്ള

സഭകളിൽ പിന്നോക്ക വിഭാഗക്കാർ രഹസ്യയോഗം ചേർന്ന് പ്രമേയം അവതരിപ്പിക്കുകയും എല്ലാവരുടെയും ഒപ്പോടുകൂടി നിവേദക സംഘത്തിന് കൈമാറുകയും ചെയ്തു. തങ്ങളുടെ അവകാശത്തിന് വേണ്ടി ഒരു ജനത ഒരുമിച്ചെഴുന്നേൽക്കുന്ന സംഭവങ്ങൾക്ക് ദൈവ സഭ സാക്ഷ്യം വഹിച്ചു. ദൈവസഭയുടെ ഭൂരിപക്ഷം വരുന്ന ജനത തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടി ഒരുമിച്ച് നിവേദക സംഘത്തിന്റെ കീഴിൽ വന്നത് ഭരണം നടത്തുന്ന നേതൃത്വത്തെ ചൊടിപ്പിച്ചു. എങ്കിലും നിവേദക സംഘം 1970 ജൂൺ 22 ന് ഒരു ജനതയുടെ വികാരമായ ഈ മെമ്മോറാണ്ടം പരിഗണിക്കണ മെന്നാവശ്യപ്പെട്ട് അന്നത്തെ സ്റ്റേറ്റ് റപ്രെസെന്റേറ്റീവിന് കൈമാറി. 1970 ജൂൺ 25 ന് മെമ്മോറാണ്ടത്തിന്മേലുള്ള അവകാശങ്ങൾ ചർച്ച ചെയ്തു പരിഹാരം വരുത്തുവാൻ നിവേദക സംഘത്തെ മുളക്കുഴയിൽ വിളിച്ചു വരുത്തി. അന്നത്തെ അടിയന്തിര കൗൺസിൽ മീറ്റിംഗിൽ ബഹു. മിഷനറി പോസ്ഫിസിൽ സന്നിഹിതനായിരുന്നു.

## മെമ്മോറാണ്ട സമർപ്പണവും തുടർ ചർച്ചയും

അന്ന് സമർപ്പിക്കപ്പെട്ട ഏഴ് വിധ ആവശ്യങ്ങൾ താഴെ കൊടുക്കുന്നു.

1. പിന്നോക്ക സമുദായത്തിൽ നിന്നും ദൈവസഭയിൽ ഉൾപ്പെട്ടു നിൽക്കുന്ന ജനങ്ങളിലെ 60% ത്തിനുമേൽ യോഗ്യന്മാരായ ആളുകളെ നമ്മുടെ ബൈബിൾ സ്കൂളിൽ ചേർത്തു പഠിപ്പിക്കുക.
2. മലയാള ഭാഷ നല്ലവണ്ണം വശമുള്ളവരും യോഗ്യന്മാരുമായവരെ കേരളത്തിലെ ബൈബിൾ സ്കൂളിലും, വിദേശഭാഷ വശമുള്ളവരെ കേരളത്തിന്റെ വെളിയിലും അമേരിക്കയിലുമുള്ള സ്കൂളിലും ചേർത്ത് പഠിപ്പിക്കുക.
3. ഈ കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ തക്കവണ്ണം ബൈബിൾ സ്കൂൾ സംബന്ധമായി എല്ലാ അധികാരങ്ങളും നിർവഹിക്കുന്ന ഒരു ഡയറക്ടറെ പിന്നോക്കക്കാരിൽ നിന്നും നിയമിക്കുക.
4. കേരളാ സ്റ്റേറ്റിൽ 2 റെപ്രെസെന്റേറ്റീവ് ഉണ്ടായിക്കണമെന്നും അതിൽ ഒരാൾ പിന്നോക്കക്കാരിൽ നിന്നും ആയിരിക്കണമെന്നും തീരുമാനിക്കുക.
5. ഓഫീസിലെ കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുവാൻ തക്കവണ്ണം ഒരാളെ പിന്നോക്കകാരിൽ നിന്നും സ്റ്റേറ്റ് സെക്രട്ടറി യോടു ചേർന്ന് നിയമിക്കുക.

6. ദൈവസഭ സവർണ്ണ മേധാവിത്വത്തിനു കീഴിൽ പോകുന്നു എന്നു പറയാതിരിപ്പാൻ വേണ്ടി എല്ലാ ഔദ്യോഗിക സ്ഥാനങ്ങളിലും മുൻപന്തിയിൽ പിന്നോക്ക വിഭാഗക്കാർ ഉണ്ടായിരിക്കുവാൻ തക്കവണ്ണം നിയമങ്ങൾ പരിഷ്കരിക്കുക.
7. സർവ്വീസ് അനുസരിച്ച് പിന്നോക്ക വിഭാഗങ്ങളിലെ പാസ്റ്റർമാർക്ക് പ്രമോഷൻ നൽകുക.

ഈ മെമ്മോറാണ്ടത്തിന്മേൽ ചൂടേറിയ ചർച്ചകൾക്ക് മുളക്കുഴ സാക്ഷ്യം വഹിച്ചു. നിവേദക സംഘത്തിന്റെ തലവൻ കെ. ജെ. ജോസഫ് വെള്ളൂർ ശക്തമായ ഭാഷയിൽ ഏഴ് വിധ ആവശ്യങ്ങൾ അടിയന്തിരമായി പരിഗണിക്കണമെന്നാവശ്യപ്പെട്ടു.

☞ മെമ്മോറാണ്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആദ്യ ആവശ്യത്തിന്മേൽ നടന്ന ചർച്ചയിൽ 100% ആളുകളെയും ബൈബിൾ സ്കൂളിൽ പരിഗണിക്കാൻ തയ്യാറാണെന്ന് കൗൺസിൽ വ്യക്തമാക്കി.

☞ രണ്ടാമത്തെ ആവശ്യത്തിന്മേൽ നടന്ന ചർച്ചകൾക്ക് ശേഷം കേരളത്തിന് വെളിയിൽ ആരംഭിക്കാൻ പോകുന്ന (മുബൈ) ഇംഗ്ലീഷ് ബൈബിൾ കോളേജിൽ പിന്നോക്ക വിഭാഗത്തിൽ പെട്ട യുവാക്കളെ പരിഗണിക്കാം എന്ന ഉറപ്പ് കൗൺസിൽ നിവേദക സംഘത്തിന് നൽകി. എന്നാൽ അമേരിക്കയിൽ പഠിപ്പിക്കുവാനുള്ള സാഹചര്യം ഇപ്പോഴില്ലാത്തതിനാലും മുമ്പേ പഠിക്കാൻ പോയവർ അവിശ്വസ്തത കാണിച്ചതിനാലും അമേരിക്കയിലുള്ള ബൈബിൾ പഠനം അനുവദിക്കാനാവില്ല എന്ന തീരുമാനം നേതൃത്വം നിവേദക സംഘത്തെ അറിയിച്ചു.

☞ മൂന്നാമത്തെ ആവശ്യമായ ഡയറക്ടർ നിയമനത്തിനുള്ള അധികാരം മിഷൻ ബോർഡിനാകായാൽ അത് പരിഗണിക്കുവാൻ കൗൺസിലിന് കഴിയില്ല എന്ന് അറിയിച്ചു.

☞ റെപ്രസെന്റേറ്റീവ് നിയമനം സംബന്ധിച്ച്, അടുത്ത ജനറൽ കൺവെൻഷനിൽ അസിസ്റ്റന്റ് റെപ്രസന്റേറ്റീവ് എന്ന പുതിയ പദവി നൽകാമെന്ന് മിഷനറിയിൽ നിന്ന് ഉറപ്പുണ്ടെന്ന കാര്യം കൗൺസിൽ വ്യക്തമാക്കി.

☞ ഓഫീസ് സെക്രട്ടറിയോട് ചേർന്ന് പ്രവർത്തിക്കാൻ യോഗ്യനായ ഒരാളെ കണ്ടെത്തിക്കൊള്ളുക എന്ന് 5-ാമത്തെ ആവശ്യം മിഷൻബോർഡ് പ്രതിനിധി കൗൺസിൽ മധ്യേ നിവേദക സംഘത്തിന് ഉറപ്പ് നൽകി. (5-ാം ഡിമാന്റിന്മേലുള്ള ചർച്ചയിൽ വലിയ തോതിലുള്ള വാദപ്രതിവാദങ്ങൾ കൗൺസിൽ നടക്കുകയുണ്ടായി).

☞ 6-ാം ഡിമാന്റിൽ പറയപ്പെടുന്ന കാര്യം സ്റ്റേറ്റ് സെക്രട്ടറി മിഷനറിയോട് പരിഭാഷപ്പെടുത്തിയപ്പോൾ എല്ലാ ഔദ്യോഗിക സ്ഥാനങ്ങളിലും പിന്നോക്ക വിഭാഗങ്ങൾക്ക് **പ്രാതിനിധ്യം** വേണം എന്ന വാക്കിന് പകരം എല്ലാ **സ്ഥാനമാനങ്ങളും** പിന്നോക്ക വിഭാഗങ്ങൾക്ക് വേണം എന്ന് അവ്യക്തമായ നിലയിൽ പരിഭാഷകൻ സായ്പിനോട് മാറ്റി പറഞ്ഞത് സാമാന്യം ഇംഗ്ലീഷ് പരിജ്ഞാനമുള്ള ചാക്കോ പുത്തേടത്തിനും, വെള്ളൂർ കെ. ജെ.യ്ക്കും മനസ്സിലാക്കാൻ കഴിഞ്ഞു. ഇംഗ്ലീഷിൽ പറയാനുള്ള കഴിവില്ലെങ്കിലും മനസ്സിലാക്കാനുള്ള കഴിവ് തങ്ങൾക്കുണ്ടെന്ന് കൗൺസിൽ നേതൃത്വം മനസ്സിലാക്കണമെന്നും ഈ വിധമുള്ള പരിഭാഷകൾ മിഷൻബോർഡ് പ്രതിനിധികൾക്ക് തങ്ങളോട് അതൃപ്തിക്ക് കാരണമാകുമെന്നും വളരെ വലിയ ശബ്ദത്തോട് പറഞ്ഞുകൊണ്ട് വെള്ളൂർ കെ. ജെ. കൗൺസിൽ നിന്ന് വാക്കൗട്ട് നടത്താൻ തുനിയവേ റ്റി. എം. വർഗ്ഗീസ് എഴുന്നേറ്റ് നിന്നുകൊണ്ട് ജോസഫേ നിൽക്കാ എന്നും, പാസ്റ്റർ എം.വി. കോശി എഴുന്നേറ്റുനിന്ന് സഹോദരങ്ങളെ നിങ്ങളിറങ്ങിപ്പോയിട്ടു ഞങ്ങളെന്തിനാണിവിടെ ഇരിക്കുന്നത് എന്നും പറയുകയുണ്ടായി. അനന്തരം പാസ്റ്റർ റ്റി. എം. വർഗീസും പാസ്റ്റർ എം. വി. ചാക്കോയും മിഷനറിമാർക്ക് മനസ്സിലാക്കാൻ പാകത്തിന് നേരാംവിധം പരിഭാഷ ചെയ്തുകൊടുത്തു. എന്നാൽ വെള്ളൂർ കെ.ജെ.യുടെ ചോദ്യത്തിന് വ്യക്തമായ ഉറപ്പു നൽകുവാൻ നേതൃത്വം തയ്യാറായില്ല.

☞ 7-ാം ഡിമാന്റിന്മേലുള്ള ചർച്ചയിൽ പിന്നോക്ക വിഭാഗങ്ങൾക്ക് പ്രമോഷൻ നൽകുക എന്ന വാദഗതിക്ക് കൗൺസിൽ നിരത്തിയ മറുവാദം തികച്ചും നിരുത്തരവാദപരമായിട്ടുള്ളതായിരുന്നു. മതിയായ അപേക്ഷ പിന്നോക്ക വിഭാഗങ്ങളിൽ നിന്നു കേന്ദ്ര ഓഫീസിലേയ്ക്കെത്തിയില്ലെന്നും, അങ്ങനെ പ്രമോഷന് അർഹതയുള്ളവർ ഡിസ്ട്രിക്ട് പാസ്റ്ററുടെ സമ്മതപത്രത്തോടെ അപേക്ഷ സമർപ്പിച്ചാലും ഇവ്വിധ ശുശ്രൂഷകൾക്ക് നടത്താറുള്ള പരീക്ഷ പാസ്സായെങ്കിൽ മാത്രമേ പ്രമോഷൻ സാധ്യമാകയുള്ളൂ എന്നും ശുശ്രൂഷാപരമായ ആത്മീയഗുണങ്ങൾ, ശുശ്രൂഷാ വിജയം ഉള്ളവർക്കു മാത്രമേ പ്രമോഷനർഹതയുള്ളൂ എന്നും വർഷപാരമ്പര്യവും ശുശ്രൂഷയിലെ സീനിയോറിറ്റിയും അല്ലാ പ്രമോഷന്റെ യോഗ്യതകളെന്ന് കൗൺസിൽ പ്രസ്താവിച്ചു. അതോടെ വർഷങ്ങളായി ശുശ്രൂഷാ പാരമ്പര്യമുള്ളവരും ദൈവസഭയ്ക്ക് വേണ്ടി സഭകൾ സ്ഥാപിച്ചവരുമായ പിന്നോക്ക വിഭാഗത്തിൽപ്പെട്ട

പാസ്റ്റർമാരുടെ പ്രമോഷൻ തടഞ്ഞ് ഉന്നത പദവിയിൽ എത്താതിരിക്കാനും സീനിയോറിറ്റി ഉല്ലാത്ത മുന്നോക്ക ക്രിസ്ത്യാനികൾക്ക് വളഞ്ഞ മാർഗത്തിലൂടെ പ്രമോഷൻ നേടാനുമുള്ള കുടില തന്ത്രമാണ് യോഗ്യതാപരീക്ഷ എന്ന് നിവേദക സംഘം മനസ്സിലാക്കി. ഈ നിർദ്ദേശത്തിൽ പ്രകോപിതനായ ചാക്കോ പുത്തേട്ട് "ദൈവസഭയിലെ ഭൂരിപക്ഷം സഭകളും സ്ഥാപിച്ച പിന്നോക്ക സമുദായത്തിലെ ശുശ്രൂഷകരുടെ തലയിൽ ചവിട്ടി അവരുടെ സഭയിൽ വളഞ്ഞവഴിയിലൂടെ വന്നു ഭരിക്കാൻ നാണമില്ലേ" എന്ന് ഉറക്കെ ചോദിച്ചു. അദ്ദേഹത്തിന്റെ "നാണ മില്ലേ" എന്ന വാക്കിൽ പിടിച്ച് നിവേദക സംഘവും കൗൺസിൽ മെമ്പർമാരും പരസ്പരം കൊമ്പുകോർത്തു.

നിവേദക സംഘത്തിന് വേണ്ടി നിലകൊള്ളുവാൻ കൗൺസിലിൽ നിന്നും ആരുമുണ്ടായില്ല. 1970 ജൂൺ 22 രാവിലെ 10നു കൂടിയ കൗൺസിൽ യോഗം ഏകദേശം 4.30ഓടെ പര്യവസാനിക്കുമ്പോൾ നടപ്പിലാക്കിത്തരാം എന്ന് ഉറപ്പു പറഞ്ഞ കാര്യങ്ങൾ രേഖാമൂലം മിനിറ്റ്സിൽ ചേർക്കണമെന്ന കെ. സി. ജോസഫ് ചേലക്കരയുടെ ആവശ്യത്തിന് കൗൺസിൽ മൗനം ഭജിച്ചു. അതോടെ എം. പി. മത്തായി കൂരോപ്പട മേശയിൽ ശക്തമായി അടിച്ചുകൊണ്ട് നിങ്ങളുടെ വാക്ക് ഞങ്ങൾ വിശ്വസിക്കുന്നു, എന്നാൽ നിങ്ങൾ ഉറപ്പു തന്ന കാര്യം മിനിറ്റ്സിൽ രേഖപ്പെടുത്താത്തതെന്തേ എന്ന ചോദ്യത്തിന് നമ്മൾ സഹോദരങ്ങളല്ലേ എന്തിന് ഈവിധമുള്ള കാര്യങ്ങൾക്ക് എഴുതി തയ്യാറാക്കിയ രേഖ എന്ന് കൗൺസിലിലെ ഒരു പ്രതിനിധി പറഞ്ഞതിൻപ്രകാരം നിവേദക സംഘം ശാന്തരായി. തുടർന്ന് ദൈവസഭയുടെ ഉപദേശങ്ങൾക്കും പഠിപ്പിക്കലുകൾക്കും, ഭരണ ക്രമത്തിനും വിപരീതമായി സ്റ്റേറ്റ് റെപ്രസെന്റേറ്റീവിന്റെ അറിവോ അനുമതിയോ കൂടാതെ ആത്മീയ ശുശ്രൂഷകൾക്കല്ലാതെ യോഗങ്ങൾ വിളിച്ചു കൂട്ടുവാനോ പ്രസ്താവനകൾ ഇറക്കുവാനോ പാടില്ലാത്തതാകുന്നു എന്നും ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം നിങ്ങളുടെ മേൽ നടപടിയെടുക്കുവാൻ സ്റ്റേറ്റ് കൗൺസിലിന് അധികാരമുണ്ട് എന്നുമുള്ള കാര്യം സ്റ്റേറ്റ് സെക്രട്ടറി നിവേദക സംഘത്തോട് ഓർമ്മിപ്പിക്കുകയുണ്ടായി. തങ്ങളുടെ നിർദ്ദേശങ്ങൾ അംഗീകരിച്ചാൽ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന യാതൊരു കാര്യങ്ങളിലും ഇടപെടില്ലാ എന്ന ഉറപ്പിന്മേൽ നാലംഗ നിവേദക സംഘം സീയോൻ കുന്നിൽ നിന്ന് പടിയിറങ്ങി.

ജൂൺ 25 ന് നിവേദക സംഘവുമായി ദൈവസഭയുടെ കൗൺസിൽ നടത്തിയ ചർച്ചയിലെ ആശയത്തിൽ നിന്ന് നേതൃത്വം പിന്നോട്ടുപോയത് ചർച്ച ചെയ്യുന്നതിനായി ജൂലൈ മാസം വെള്ളൂർ കെ. ജെ. ഒരു രഹസ്യയോഗം വിളിക്കുകയുണ്ടായി. മെമ്മോറാണ്ടത്തിനുമേൽ നടത്തിയ ചർച്ചയുടെ വിശദാംശം വ്യക്തമാക്കിക്കൊണ്ട് കേന്ദ്ര നേതൃത്വം പുറപ്പെടുവിച്ച കത്ത് ഒട്ടുമുക്കാൽ സഭകളിലും വായിച്ചതിൻ പ്രകാരം നമുക്ക് തന്ന ഉറപ്പുകളൊന്നും തന്നെ നടപ്പിൽ വരുത്തുവാൻ പോകുന്നില്ലെന്നു അതുമാത്രവുമല്ല പ്രസ്തുത കത്തിന്റെ അവസാന ഭാഗത്ത് വർഗ്ഗീയ ചിന്ത വച്ചുകൊണ്ട് നമ്മുടെ ജനതയെ അധിക്ഷേപിക്കുന്ന തരത്തിലുള്ള പരാമർശങ്ങൾ നടത്തിയ സ്റ്റേറ്റ് റെപ്രസെന്റേറ്റീവിന്റെ നപടിക്ക് അതേ നാണയത്തിൽ തിരിച്ചടിക്കണമെന്നുള്ള ചിന്ത യോഗത്തിൽ ഉയർന്നു വന്നു. കേന്ദ്രം സഭകൾക്ക് അയച്ച് കത്തിൽ പ്രസിഡന്റിന്റെ വിശദീകരണം എന്ന ഭാഗത്ത് ദൈവസഭാ സ്റ്റേറ്റ് റെപ്രസെന്റേറ്റീവ് പിന്നോക്ക വിഭാഗങ്ങളെ കുറിച്ചു നടത്തിയ പരാമർശം ചുവടെ ചേർക്കുന്നു.

"പിന്നോക്ക സമുദായങ്ങളിൽ നിന്നുള്ളവർ നമ്മുടെ സഭകൾ ആരാധനയിൽ മാത്രമല്ല അവരുടെ ദൈനംദിന ജീവിതത്തിലും ഒരു ഉന്നത ആത്മീയ നിലവാരം പുലർത്തേണ്ടതുണ്ട്. ലൗകികവും ജഡികവുമായ രീതികളിൽ ഇടപെട്ടു കഴിയുന്നവർ അവയെ ഉപേക്ഷിച്ച് വിശുദ്ധ ജീവിതം നയിക്കുവാൻ ഉത്സാഹിക്കേണ്ടതാകുന്നു. അതിനു തയ്യാറാകാത്ത പക്ഷം അങ്ങനെയുള്ളവരെ കൂട്ടായ്മയിൽ നിന്ന് വിടർത്തേണ്ടതുമാകുന്നു."

ദൈവസഭയുടെ ഔദ്യോഗിക കത്തിൽ പിന്നോക്ക വിഭാഗങ്ങളുടെ ജീവിത വിശുദ്ധിയെ ചോദ്യം ചെയ്ത പ്രസിഡന്റിന്റെ നടപടിയെ അതേ നാണയത്തിൽ തന്നെ തിരിച്ചടി കൊടുക്കുവാൻ നിവേദക സംഘം തീരുമാനിച്ചു. 1940 ആഗസ്റ്റ് 31-ന് ആലോചിച്ചെടുത്ത തീരുമാനപ്രകാരം കേന്ദ്ര നേതൃത്വത്തിന്റെ വിലക്ക് വകവയ്ക്കാതെ വെള്ളൂർ കെ. ജെ. യുടെ നേതൃത്വത്തിലുള്ള നിവേദക സംഘം കേന്ദ്ര നേതൃത്വത്തെ നിശിതമായി വിമർശിച്ചുകൊണ്ട് പ്രസ്താവന പുറപ്പെടുവിച്ചു. പെന്തക്കോസ്തിന്റെ യഥാർത്ഥ അവകാശികളായ തങ്ങൾ പടുത്തുയർത്തിയ പ്രസ്ഥാനത്തിനുവേണ്ടി തങ്ങൾ കഷ്ടപ്പെട്ട കാലത്ത് ഞങ്ങളെ കളിയാക്കിയ സവർണ്ണ ജാതി എന്നു സ്വയം അഹങ്കരിച്ചു നടന്നവർ എന്തിന് ഈ പ്രസ്ഥാനത്തിൽ കയറിക്കൂടി ? വിശുദ്ധ ജീവിതം നയിക്കുന്ന അവരുടെ ആളുകൾ കൂടുന്ന പ്രസ്ഥാനത്തിൽ പോകാതെ നമ്മുടെ പ്രസ്ഥാനത്തിൽ വന്നവരെ നാം സഹോദരങ്ങളെന്ന കണക്കാക്കി തക്കയോഗ്യമായ സ്ഥാനം നൽകി.

ഇപ്പോൾ നമ്മുടെ വിശുദ്ധിയെ ചോദ്യം ചെയ്യാൻ തക്കവണ്ണം ഇവർ വളർന്നുവോ?

ദൈവസഭയിലെ സവർണ്ണ ക്രിസ്ത്യാനികൾ ഇടക്കാലം കൊണ്ട് വന്നവരാണെന്നുള്ള നിവേദക സംഘത്തിന്റെ പ്രസ്താവന കേന്ദ്ര നേതൃത്വത്തിന്റെ അതൃപ്തിക്കിടയാക്കി. തങ്ങളും പ്രസ്ഥാന ത്തിനു വേണ്ടി അദ്ധ്വാനിച്ചവരാണെന്ന രീതിയിലുള്ള സംസാരങ്ങൾ മുന്നോക്ക വിഭാഗങ്ങൾ ഉയർത്തിക്കൊണ്ടുവന്നെങ്കിലും അത് ഇവിടെ വിലപോകില്ലെന്ന മറുപടിയാണ് നിവേദകരുടെ സംഘം പ്രസ്താവന യിലൂടെ കാരണസഹിതം നൽകിയത്.

**കേരളത്തിലെ ദൈവസഭയിൽ പിന്നോക്ക വിഭാഗത്തിന്റെ ഇടയിൽ ചലനം സൃഷ്ടിച്ച പ്രസ്താവനയുടെ ഏതാനും വരികൾ ചുവടെ ചേർക്കുന്നു :**

പ്രിയരേ കഴിഞ്ഞ ദിവസങ്ങളിലായി കേന്ദ്ര നേതൃത്വത്തിന്റെ ഭാഗത്ത് നിന്നുള്ള കത്ത് വായിച്ചു കാണുമല്ലോ. നമ്മൾ പിന്നോക്ക വിഭാഗക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിലേക്ക് ഏഴ് ആവശ്യങ്ങളടങ്ങിയ മെമ്മോറാണ്ടം സമർപ്പിക്കുകയും നിവേദക സംഘവുമായി നടന്ന ചർച്ചയിൽ ചില ഉറപ്പുകൾ ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ ആ ഉറപ്പുകളെക്കുറിച്ചൊന്നും പ്രസ്തുത കത്തിൽ പ്രതിപാദിക്കുന്നില്ല. പകരം നമ്മൾ ലൗകികവും ജഡിക വുമായ കാര്യങ്ങളെ ഉപേക്ഷിച്ച് വിശുദ്ധ ജീവിതം നയിക്കുവാൻ ഉത്ബോധിപ്പിച്ചുകൊണ്ടുള്ള നേതൃത്വത്തിന്റെ കത്ത് അവജ്ഞയോടെ തള്ളിക്കളയണമെന്ന് ഇതിനാൽ അപേക്ഷിക്കുന്നു. ദൈവസഭ കേരളക്കരയിൽ നട്ടുപിടിപ്പിച്ച് വളർത്തിയെടുത്തവരായ പിന്നോക്ക സമുദായങ്ങളിൽ നിന്നുള്ള ദൈവജനമേ, പൂർവ്വകാലങ്ങളിൽ നമ്മുടെ പിതാക്കന്മാർ കുക്ക് സായ്പ്പിനോട് ചേർന്ന് പ്രവർത്തിച്ച കാലഘട്ടങ്ങളിൽ ഇവിടുത്തെ പാരമ്പര്യ ക്രിസ്ത്യാനികളും, കുലശ്രേഷ്ടതയുള്ളവരും ഈ പ്രസ്ഥാനത്തെ അവജ്ഞയോടെ കണ്ട് താഴ്ന്നവന്റെ പ്രസ്ഥാനമെന്ന് പറഞ്ഞ് ആക്ഷേപിച്ചപ്പോൾ നമ്മുടെ പിതാക്കന്മാർ ഇവിടെ സഭകളിലും പെന്തിക്കോസ്ത് പ്രവർത്തന ങ്ങളിലും വ്യാപൃതരായിരുന്നു. അവരുടെ വിശുദ്ധിയും വേർപാട് ജീവിതവും കണ്ടാണ് മുന്നോക്ക സമുദായവും ഇതിൽ കുടിയേറിയത്.

പ്രിയരേ, അതുകൊണ്ട് പെന്തിക്കോസ്തുകാരായ നാം ഇവിടെ ആരുടെയും പ്രസ്ഥാനത്തിൽ ചേർന്നതല്ല. മറിച്ച് നാം പ്രസ്ഥാനം ഉണ്ടാക്കുകയും അതിലേക്ക് സവർണ്ണ സമുദായത്തിലുള്ളവർ വന്നു ചേർന്നതുമാണ്. നാം നാളിതുവരെ വിഭാഗീയത കാട്ടാതെ തികഞ്ഞ ദൈവസ്നേഹത്തിൽ തന്നെത്താൻ താഴ്ത്തി നമുക്കു പിന്നാലെ

മുന്നോക്ക സമുദായങ്ങളിൽ നിന്നും വന്നവരായ നമ്മുടെ സഹോദരങ്ങളെ വിശ്വസ്തരൊന്നെണ്ണി ദൈവസഭയുടെ ഭരണച്ചുമതല ഏല്പിക്കുകയുണ്ടായി. ഇക്കാലമത്രയും അവരുടെ നേതൃത്വത്തിൽ നാം വിധേയപ്പെട്ടുപോന്നു. നമ്മുടെ പിതാക്കന്മാർ ബഹുമാനപ്പെട്ട കുക്ക് മിഷനറിയോട് ചേർന്ന് ദൈവസഭയുടെ പ്രവർത്തനങ്ങൾ 40 -ൽപരം വർഷങ്ങളായി മുന്നോട്ട് നയിച്ചു. സത്യസന്ധരും കാലുമാറ്റം നടത്താത്തവരും ദൈവസഭയെ ഉപജീവനമാർഗമായി കാണാതെ സഭയുടെ നിലനിൽപിനും വളർച്ചയ്ക്കും വേണ്ടി ത്യാഗം സഹിപ്പാൻ സന്നദ്ധതയുളളവരും കഴിവും പ്രാപ്തിയുമുളളവരും നമ്മുടെ ഇടയിലുമുണ്ട് അവരുടെ നേതൃത്വം കൂടെ നമുക്കാവശ്യമത്രെ. നാം മോമ്മോറാണ്ടം കൊടുത്തതു കൊണ്ടുള്ള താത്ക്കാലിക ഭീഷണികൾക്ക് മുമ്പിൽ മുട്ടുമടക്കാതെ അടിയന്തിരാവശ്യങ്ങൾ നടപ്പിലാക്കണമെന്നുള്ള ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കാതെ ഐക്യമായി നിന്നുകൊണ്ട് പ്രവർത്തിക്കാം

## കേന്ദ്ര നേതൃത്വത്തിന്റെ ഉറപ്പിൽ നിന്നുള്ള പിൻവാങ്ങലും നിവേദന സംഘത്തിന്റെ തിരിച്ചടിയും

1970 ജൂൺമാസം 25-ാം തീയതി നേതൃത്വ നൽകിയ വിലക്കുകളെ മറികടന്നുകൊണ്ട് നിവേദക സംഘം പുറപ്പെടുവിച്ച ഈ പ്രസ്താവന കേരളത്തിലെ എല്ലാ സഭകളിലും എത്തുകയും, പിന്നോക്ക വിഭാഗക്കാർക്ക് ഭൂരിപക്ഷമുള്ള സഭകളിൽ, സഭായോഗാനന്തരം പരസ്യമായി വായിക്കുകയും ചെയ്തു. ഈ പ്രസ്താവന മറ്റ് പെന്തക്കൊസ്ത് നേതാക്കളുൾപ്പെടെ എല്ലാ സമുദായ സംഘടനകൾക്കും അയച്ചുകൊടുത്തതോടെ കേരളത്തിലെ പെന്തിക്കൊസ്ത് വിഭാഗങ്ങൾക്കിടയിൽ പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിലൊന്നായി മാറി. ഇതോടെ കേന്ദ്ര നേതൃത്വം പിന്നോക്ക വിഭാഗങ്ങൾക്കിടയിൽ തന്നെ കുത്തിത്തിരിപ്പുണ്ടാക്കുവാനുളള ശ്രമങ്ങളാരംഭിച്ചു. അതിനു വേണ്ടി പിന്നോക്ക വിഭാഗങ്ങളിലെ ഒരു സെന്റർ പാസ്റ്ററെ കയ്യിലെടുക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു വിഘടനഗ്രൂപ്പ് ഉണ്ടാക്കിയെടുക്കുകയും ചെയ്തു. നേതൃത്വത്തിന് പൂർണ്ണമായും പിന്തുണ കൊടുക്കുന്ന പിന്നോക്ക വിഭാഗങ്ങളിലെ ഈ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഒപ്പ്ശേഖരണം നടത്തി ഒരു മെമ്മോറാണ്ടം കൗൺസിലിന് നൽകുകയുണ്ടായി. പ്രത്യുത മെമ്മോറാണ്ടത്തിൽ പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു വരുന്ന നിവേദക സംഘം എന്നറിയപ്പെടുന്ന ഗ്രൂപ്പ് സമർപ്പിച്ച

മെമ്മോറാണ്ടവുമായി തങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്നും ചിലർക്ക് നേതാക്കന്മാരാകാനുള്ള തന്ത്രമാണിതെന്നുമുള്ള പ്രമേയത്തിൽ കേരളത്തിൽ അറിയപ്പെടുന്ന പിന്നോക്ക സമുദായത്തിലെ സെന്റർ പാസ്റ്റർമാർ ഒപ്പിട്ട് നൽകുകയുണ്ടായി അങ്ങനെ പിന്നോക്ക സമുദായത്തിൽ നിന്ന് രണ്ട് അഭിപ്രായമുള്ള ഗ്രൂപ്പുകൾ ഉയർന്നു വന്നു. എന്നാൽ ഭൂരിപക്ഷം ജനങ്ങളും നിവേദകസംഘത്തോട് അനുഭാവം പുലർത്തു ന്നവരാകയാൽ അവരുടെ പ്രവർത്തനങ്ങൾ ശക്തമായി തന്നെ മുന്നോട്ട് പോയി.

## നിവേദക സംഘം മാപ്പു പറയുന്നു.

1971 ജനുവരി 11 തിങ്കളാഴ്ച മയേഴ്സ് മെമ്മോറിയൽ ഹാളിൽ നടന്ന പ്രതിപുരുഷ സമ്മേളനം പലവിധമായ ചർച്ചകൾക്ക് വഴിയൊരുക്കി. പ്രസ്തുത സമ്മേളനത്തിനിടയിൽ തങ്ങളുടെ ആവശ്യങ്ങളടങ്ങിയ മെമ്മോറാണ്ടം ചർച്ച ചെയ്യപ്പെടമമെന്ന് വെള്ളൂർ കെ.ജെ. ആവശ്യപ്പെട്ടു. അതിന്മേലുള്ള ചർച്ച പുരോഗമിക്കവേ ദൈവസഭയുടെ കെട്ടുറപ്പിന് ഇരുകൂട്ടരും ഒന്നിച്ചു പോകണമെന്ന നിർദ്ദേശം മിഷ്യൻ ബോർഡിന്റെ ഭാഗത്ത് നിന്നുണ്ടായി. തുടർന്ന് നടന്ന ചർച്ചയിൽ പാസ്റ്റർ യു. തോമസ് എഴുന്നേൽക്കുകയും തന്റെ സ്വതസിദ്ധ ശൈലിയിൽ സഹോദരന്മാരെ മുടക്ക് ഭീഷണികൾ മറ്റും മുഴക്കാതെ അവർ സായ്പിന്റെ കാലം മുതൽ ഈ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുള്ളതാകയാൽ അവരെക്കൂടി നമ്മോടൊപ്പം കരുതേണ്ടതുണ്ട്, അവരുടെ ആവശ്യങ്ങൾ നടത്തിക്കൊടുപ്പാൻ നാം ബാധ്യസ്ഥരത്രെ എന്ന് നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ ചില പാസ്റ്റർമാർ ഇതിന് ഘടകവിരുദ്ധമായ രീതിയിൽ സംസാരിക്കയുണ്ടായി. അന്നു തന്നെ ജനറൽ ബോഡിയിൽ ഇരുകൂട്ടരും ശക്തമായ വാദഗതികൾ മുന്നോട്ടു വച്ചതിനാൽ പ്രശ്നങ്ങൾക്ക് തീരുമാനമാകാതെ യോഗം പിരിഞ്ഞു. കേരളത്തിലെ സ്ഥിതിവിശേഷങ്ങൾ ഗവേണിംഗ് ബോഡി വേൾഡ് മിഷന് അറിയിച്ചതിൻ പ്രകാരം കാര്യങ്ങൾ വിശദമായി പഠിക്കുന്നതിനായി, മിഷൻ ബോർഡ് പ്രതിനിധികളായി കാരി സായിപ്പിനെയും, റവ, ഫോറസ്റ്റിനെയും കേരളത്തിലേക്കയച്ചു. മുളക്കുഴ പ്രതിനിധി സമ്മേളനത്തിന്റെ മൂന്ന് ദിവസങ്ങൾക്ക് ശേഷം കൗൺസിൽ നിവേദക സംഘത്തെ മുളക്കുഴയിലേയ്ക്ക് വിളിച്ചുവരുത്തി വിസ്തരിക്കുവാൻ തീരുമാനിച്ചതിൻ പ്രകാരം 1970 ജനുവരി 14-ാം തീയതി നിവേദക

## ഇന്ത്യാ ദൈവസഭാ വിശ്വാസികളുടെ അറിവിന്

ഇൻഡ്യാ പൂർണ്ണ സുവിശേഷ ദൈവസഭയിൽ ചേർന്നുനിൽക്കുന്ന പിന്നോക്ക വിഭാഗങ്ങളിൽ നിന്നുമുള്ള 31 സഭകളും ശുശ്രൂഷകന്മാരും ചേർന്ന് സമർപ്പിച്ച മെമ്മോറാണ്ഡം കൗൺസിൽ കൈകാര്യം ചെയ്തപ്പോൾ മേലിൽ സ്റ്റേററ് പ്രസന്റേററിവിന്റെ അറിവോ അനുമതിയോ കൂടാതെ ആത്മീകശുശ്രൂഷകൾക്കല്ലാത്ത യോഗങ്ങൾ വിളിച്ചുകൂട്ടുകയോ ആത്മീകശുശ്രൂകൾക്കായിട്ടുള്ളതല്ലാത്ത ഏതെങ്കിലും പ്രസ്താവനകൾ ഇറക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു എന്നും ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം ആയതു കുററകരമായി കണക്കാക്കുന്നതാണെന്നും മെമ്മോറാണ്ഡം സമർപ്പിച്ച കമ്മററിക്കു കൗൺസിൽ നിർദ്ദേശം നൽകിയിരുന്നു. എങ്കിലും ആയതു വകവയ്ക്കാതെ കൗൺസിലിന്റെ തീരുമാനങ്ങളെ നിഷേധിച്ചു വീണ്ടും സർക്കുലർ പ്രസിദ്ധീകരിച്ചതിനാലും പിന്നോക്ക വിഭാഗങ്ങളിൽനിന്നും ദൈവസഭയിൽ ഉൾപ്പെട്ടു നിൽക്കുന്നവരിൽ ഗണ്യമായ ഒരു വിഭാഗം, മെമ്മോറാണ്ഡവും അതിലെ ഉദ്ദേശങ്ങളും ദൈവസഭയുടെ ഉപദേശത്തിനും ഐക്യത്തിനും യോജിച്ചതല്ല എന്ന അഭിപ്രായക്കാർ ആകയാൽ അവരെ പ്രതിനിധീകരിച്ചുകൊണ്ട് ചിലർ, മെമ്മോറാണ്ഡം അംഗീകരിക്കുകയോ അതനുസരിച്ചു നിയമനം നടത്തുകയോ ചെയ്‌വാൻ പാടില്ല എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവേണിംഗ് ബോഡിയിൽ സമർപ്പിച്ച പെററീഷൻ അംഗീകരിച്ചും, മെമ്മോറാണ്ഡവും, സർക്കുലറും പ്രസിദ്ധീകരിച്ച കമ്മററി രേഖാമൂലം മെമ്മോറാണ്ഡവും സർക്കുലറും പിൻവലിച്ചു ക്ഷമായാചനം ചെയ്യേണ്ടതാണെന്നും അല്ലാത്തപക്ഷം ഈ കമ്മററിയുടെമേൽ ശിക്ഷണനടപടി സ്വീകരിക്കേണ്ടതാണെന്നും 1971 ജനുവരി 14-ാം തീയതി കൂടിയ കൗൺസിൽ തീരുമാനിക്കയുണ്ടായി. മാത്രമല്ല മേലിൽ പിന്നോക്കവിഭാഗങ്ങളിൽ നിന്നുള്ളവർ ദൈവസഭയുടെ ഉപദേശങ്ങൾക്കും, ഐക്യതയ്ക്കും, നിലനിൽപിനും കേടുവരത്തക്കവണ്ണം എന്തെങ്കിലും പ്രവർത്തിക്കയോ, പ്രസിദ്ധീകരിക്കയോ ചെയ്യുന്നപക്ഷം അങ്ങനെയുള്ളവരെ ഒരു വിചാരണ കൂടാതെ സഭാബന്ധത്തിൽ നിന്നും വിടർത്തുന്നതായിരിക്കും എന്നും തീരുമാനിക്കയുണ്ടായി.

മെമ്മോറാണ്ഡവും സർക്കുലറും പ്രസിദ്ധീകരിച്ച കമ്മററിയെ 1971 ജനുവരി 14-ാം തീയതി കൗൺസിൽ മുമ്പാകെ വരുത്തി കൗൺസിലിന്റെ ഈ തീരുമാനം അറിയിക്കയും അതനുസരിച്ച് പ്രസ്തുത കമ്മററി മെമ്മോറാണ്ഡവും സർക്കുലറും പിൻവലിച്ചു ക്ഷമായാചനം ചെയ്കയും ചെയ്ത രേഖ ചുവടെ ചേർക്കുന്നു.

ഇൻഡ്യാ ദൈവസഭാ കേരളാ സ്റ്റേററ് കൗൺസിൽ മുൻപാകെ താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്നവർ സമ്മതിച്ചു ബോധിപ്പിക്കുന്നത്:-

കേരളത്തിലുള്ള പിന്നോക്ക സമുദായങ്ങളിൽ നിന്നും ഇൻഡ്യാ പൂർണ്ണസുവിശേഷദൈവസഭയിൽ ദൈവത്താൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ള ദൈവജനങ്ങളും പ്രവർത്തകരും ചേർന്ന് ദൈവസഭാ കൗൺസിലിനും മിഷ്യനറിക്കും കൊടുത്ത മെമ്മോറാണ്ഡത്തിലും കേരളത്തിലുള്ള പിന്നോക്ക സമുദായങ്ങളിൽ നിന്നും ഇൻഡ്യാ പൂർണ്ണസുവിശേഷ ദൈവസഭയിൽ ഉൾപ്പെട്ടു നിൽക്കുന്ന ദൈവജനങ്ങളും കർതൃശുശ്രൂഷകന്മാരും അറിഞ്ഞിരിക്കേണ്ടതിലേക്കു 31-8-1970ൽ പുറപ്പെടുവിച്ച രഹസ്യ സർക്കുലറിലും ക്രിസ്തീയസ്നേഹത്തിനും ദൈവസഭയുടെ ഉപദേശങ്ങൾക്കും പഠിപ്പിക്കലുകൾക്കും ഭരണക്രമത്തിനും വിപരീതമായി അന്ധമായ ജാതിതിരിവ് വർഗ്ഗീയ വ്യത്യാസം ഇവ പ്രചരിപ്പിക്കുന്നതിനുമുള്ള ഉപാധികൾ അടങ്ങിയിരിക്കുന്നു എന്ന് ഇപ്പോൾ ബോദ്ധ്യമായിരിക്കുന്നതിനാൽ ഞങ്ങളുടെ തെററു സമ്മതിച്ച് പ്രസ്തുത മെമ്മോറാണ്ഡവും രഹസ്യസർക്കുലറും ഇതിനാൽ നിരുപാധികം പിൻവലിച്ച് മാപ്പ് അപേക്ഷിക്കുകയും മേലാൽ ഈ മാതിരി പ്രവർത്തനങ്ങളിൽ ഇടപെടുകയില്ലെന്നു കൗൺസിലിനു ഉറപ്പു നൽകുകയും ചെയ്യുന്നു.

എന്ന്

മുളക്കുഴ, നിവേദക സംഘം

14-1-1971,

| | | |
|---|---|---|
| കെ. ജെ. ജോസഫ്, | വെള്ളൂർ | (ഒപ്പ്) |
| പി. കെ. ചാക്കോ; | പുത്തേട്ട്; ചീന്തലാർ | ( ,, ) |
| എം. പി. മത്തായി, | കൂരോപ്പട | ( ,, ) |
| കെ. ജെ. മർക്കോസ് | | ( ,, ) |
| കെ. സി. ജോസഫ് | | ( ,, ) |

നിവേദകസംഘം മാപ്പു പറഞ്ഞു എന്നതിന് തെളിവായി മുളക്കുഴയിൽ നിന്ന് നേതൃത്വം പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ്

സംഘത്തിലെ പ്രധാനികൾ മുളക്കുഴയിലെ ഓഫീസിലെത്തി. എന്നാൽ രാവിലെ തന്നെ മുളക്കുഴയിലെത്തിയ നിവേദക സംഘത്തിലെ അംഗങ്ങളെ ഉച്ച കഴിഞ്ഞിട്ടും കൗൺസിൽ വിളിക്കാതെ ഇരുന്നപ്പോൾ പാസ്റ്റർ വെള്ളൂർ കെജെ. ശക്തിയായി വാതിലിൽ തൊഴിച്ച്തുറന്നകത്തു പ്രവേശിച്ചു. പിന്നീട് അവരെ ഉൾപ്പെടുത്തി ചർച്ച ആരംഭിച്ചു. എന്നാൽ ചർച്ച പരാജയപ്പെടുത്തേണ്ടതിന് കൗൺസിൽ മെമ്പർന്മാരായ പിന്നോക്ക വിഭാഗത്തിലെ പാസ്റ്റർമാരെ നേതൃത്വം കാലെക്കൂട്ടി കൈയ്യിലെടുത്തിരുന്നു. അങ്ങനെ കൗൺസിൽ യോഗത്തിൽ നിവേദക സംഘത്തിനനുകൂലമായി പിന്നോക്ക വിഭാഗത്തിലെ കൗൺസിൽ മെമ്പർമാർ നിശബ്ദത പാലിക്കുകയും ചില സന്ദർഭങ്ങളിൽ നിവേദക സംഘത്തിനെതിരെ ശബ്ദമുയർത്തുകയും ചെയ്തു. ഇരുവിഭാഗവും രൂക്ഷമായ വാഗ്വാദങ്ങളിലേർപ്പെട്ടു. ഇതിനിടയിൽ സ്റ്റേറ്റ് റപ്രസെന്റേറ്റീവ് നിങ്ങൾ ദൈവ സഭയുടെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായ പ്രവർത്തനമാണ് ചെയ്യുന്നതെന്നും ജാതീയ ചിന്ത ചെലുത്തി കലക്കമുണ്ടാക്കി സഭയുടെ കെട്ടുറപ്പിന് വിരുദ്ധമായി പ്രവർത്തിക്കുന്ന നിങ്ങൾ ശിക്ഷയ്ക്കർഹരാണെന്നും ശിക്ഷിക്കപ്പെടാതിരിക്കാൻ മെമ്മോറാണ്ടം നിരുപാധികം പിൻവലിച്ച് മാപ്പു പറഞ്ഞാൽ വെറുതെ വിടാമെന്നും പറഞ്ഞതോടെ കൗൺസിലിന്റെ ഭീഷണിക്കു മുൻപിൽ ഒരു നിമിഷം നിവേദക സംഘം പതറിപ്പോയി. നിങ്ങളുടെ നേതാവാരാണെന്ന ചോദ്യത്തിനു മുൻപിൽ സംഘാംഗങ്ങൾ പതറിപ്പോയപ്പോൾ വെള്ളൂർ കെ.ജെ. മുന്നോട്ട് വന്ന് ഞാനാണിവരുടെ നേതാവെന്നും നടപടിയെടുക്കാൻ താത്പര്യമുള്ളവർ എനിക്കെതിരെ എടുത്തുകൊള്ളൂ എന്ന് സധൈര്യം പറഞ്ഞു. ഇതിൽ അതൃപ്തനായ ഒരു പിന്നോക്ക വിഭാഗത്തിൽ നിന്നുള്ള കൗൺസിൽ മെമ്പർ ചാടിയെഴുന്നേൽക്കുകയും സ്വയം നേതാവ് ചമയുന്ന ഇദ്ദേഹം ഞങ്ങളുടെ വിഭാഗത്തിന്റെ നേതാവല്ലെന്ന പരാമർശം വെള്ളൂർ കെ.ജെ. ക്കു വിഷമമുണ്ടാക്കി. നടപടി ഒരാൾക്ക് മാത്രമല്ല എല്ലാവർക്കും ബധകമാണെന്ന് പാസ്റ്റർ എ.വി., എബ്രഹാം പറഞ്ഞതോടെ മെമ്മോറാണ്ടം പിൻവലിച്ചതായി രേഖാമൂലം എഴുതി നൽകി. കടുത്ത നിരാശയോടെ നിവേദക സംഘം മുളക്കുഴയിൽ നിന്ന് പിൻവാങ്ങി.

# പാറടി സഭയിലെ മീറ്റിംഗും കൗൺസിൽ തെരഞ്ഞെടുപ്പും

ജനുവരി 18-ാം തീയതി മുളക്കുഴയിൽ വച്ചു നടന്ന കൗൺസിൽ വിസ്താരത്തിന്റെ യഥാർത്ഥ വശം പറഞ്ഞു മനസ്സിലാക്കേണ്ടതിന് വിളിച്ച് ചേർത്ത യോഗത്തിൽ വലിയൊരു ജനാവലി സന്നിഹിതരായിരുന്നു. പാസ്റ്റർ എം.പി. മത്തായി അന്നു നടന്ന ചർച്ചയുടെ വിശദാംശങ്ങൾ പ്രസ്താവിക്കുകയും പിന്നോക്ക വിഭാഗത്തിൽപ്പെട്ട കൗൺസിൽ മെമ്പർമാർ യാതൊരു പിന്തുണയും നമുക്ക് തരാതിരിക്കുന്നത് മുമ്പോട്ടുള്ള ഗമനത്തിന് വിഘാതമുണ്ടാക്കുന്നു എന്ന അഭിപ്രായപ്പെടുകയും ചെയ്തു. അതിന്റെ വെളിച്ചത്തിൽ വരുന്ന ജനറൽ കൺവെൻഷനു നടക്കുന്ന കൗൺസിൽ തെരഞ്ഞെടുപ്പിൽ നമ്മുടെ ഓർഡിനേഷൻ പാസ്റ്റർമാർക്ക് വോട്ട് നൽകാതെ പരാജയപ്പെടുത്തിയാൽ മാത്രമേ നമ്മുടെ ശക്തി അവർക്ക് മനസ്സിലാകൂ എന്ന ചിന്ത ഉരിത്തിരിഞ്ഞുവന്നു. അതിൻപ്രകാരം നല്ല രീതിയിൽ പ്രവർത്തനം നടത്തുവാൻ തക്ക ഒരു ടീമിനെ തിരഞ്ഞെടുക്കുവാൻ പാസ്റ്റർ വെള്ളൂർ കെ.ജെയെ ചുമതലപ്പെടുത്തി. വെള്ളൂർ കെ.ജെ. വി.എം. വർക്കി വാലയിൽ, പി.ജെ. ജോസഫ്(അയ്യപ്പൻ കോവിൽ) തുടങ്ങിയ ദൈവ ദാസന്മാരുടെ നേതൃത്വത്തിൽ പിന്നോക്ക വിഭാഗത്തിലുള്ളവരും നേതൃത്വത്തോട് കൂറ് പുലർത്തുന്നവരുമായ ദൈവദാസന്മാരെ തോൽപ്പിക്കുവാനുള്ള വ്യാപകമായ പ്രവർത്തനങ്ങൾ ആരംഭിച്ചു. നിവേദക സംഘത്തോട് കൂറ് പുലർത്തുന്നതും മെമ്മോറാണ്ടത്തെ സപ്പോർട് ചെയ്യുന്നതുമായ എല്ലാ സഭകൾക്കും കത്തുമുഖേന കാര്യങ്ങളുടെ നിജസ്ഥിതി അറിയിച്ചു. നേതൃത്വത്തോട് കൂറ് പുലർത്തുന്നവരുമായി ഒപ്പിട്ടു നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് നിവേദക സംഘത്തിന് മാപ്പ് പറയേണ്ടി വന്നതെന്ന കാര്യം മനസ്സിലാക്കിയതോടെ ഓർഡിനേഷൻ സ്ഥാനാർത്ഥികളായി കൗൺസിലിലേയ്ക്ക് മൽസരിക്കുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ട സെന്റർ പാസ്റ്റർമാരുടെ കാര്യം പരുങ്ങലിലായി.

1971ലെ ജനറൽ കൺവൻഷനിലെ കൗൺസിൽ തിരഞ്ഞെടുപ്പ് പാറടി സഭയിൽ എടുത്ത തീരുമാനപ്രകാരം നിവേദകസംഘത്തോട് കൂറ് പുലർത്താതെ അവർക്കെതിരെ സംസാരിച്ച പിന്നോക്ക വിഭാഗത്തിൽപെട്ട ഓർഡിനേഷൻ പാസ്റ്റർമാരെ തോൽപിക്കുവാൻ

വാലേൽ വർക്കിയുടെ നേതൃത്വത്തിൽ പാസ്റ്റർമാർ രംഗത്തിറങ്ങുകയും അവരുടെ കൂടെ പി.ജെ. ജോസഫ് (അയ്യപ്പൻകോവിൽ) വെള്ളൂർ കെ.ജെ., എം.പി. മത്തായി തുടങ്ങിയ ദൈവദാസന്മാർ ഇറങ്ങി പ്രവർത്തിച്ചതോടെ ഇലക്ഷനു മുമ്പുതന്നെ പിന്നോക്ക വിഭാഗത്തിലെ ദൈവദാസന്മാർ തോൽവി മണത്തു ഇലക്ഷൻ ആരംഭിച്ചു. അന്നത്തെകാലത്ത് 50% വോട്ട് നേടുന്നവർക്ക് മാത്രമേ കൗൺസിലിൽ മെമ്പർമാരാകാൻ യോഗ്യത ഉള്ളൂ എന്നിരിക്കെ മൃഗീയ ഭൂരിപക്ഷമുള്ള പിന്നോക്ക വിഭാഗത്തിലെ പാസ്റ്റർമാർ സവർണ വിഭാഗത്തിലെ ഓർഡിനേഷനിൽ പാസ്റ്റർമാരെ ജയിപ്പിച്ചു കയറ്റി പിന്നോക്ക വിഭാഗത്തിലെ പാസ്റ്റർമാർക്ക് 50% എന്ന കടമ്പ കടക്കാനാവാതെ വീണ്ടും വീണ്ടും ബാലറ്റ് ഇടേണ്ടിവന്നു. തുടർന്ന് വൈ. സഖറിയ എഴുന്നേറ്റ് ഇവർക്ക് 50% വോട്ട് കിട്ടുന്നതുവരെ ഇലക്ഷൻ തുടർന്നാൽ സമയം പോകുമെന്നും ഭൂരിപക്ഷ വോട്ടുള്ളവരെ കൗൺസിലേക്ക് പരിഗണിക്കമെന്ന ആവശ്യം മുന്നോട്ട് വച്ചു. ഇതിനെ ഖണ്ഡിച്ച് പാ.വി.എം. വർക്കി വാലേൽ എഴുന്നേൽക്കുകയും ദൈവസഭയുടെ ഭരണഘടന മാറ്റാൻ കഴിയില്ലെന്നും ഇത് തുടരട്ടെ എന്നും മറുവാദം മുന്നോട്ടുവച്ച് ഇലക്ഷൻ സമാപിച്ചപ്പോൾ പിന്നോക്ക വിഭാഗത്തോട് കൂറ് പുലർത്താത്ത എല്ലാ ഓർഡിനേഷൻ പാസ്റ്റർമാരും പരാജയം രുചിച്ചു.

1971-ലെ ജനറൽ കൺവെൻഷൻ അക്ഷരാർത്ഥത്തിൽ ഇരുകൂട്ടരുടെയും നിലനിൽപ്പിന്റെ പോരാട്ടമായിരുന്നു ജനറൽ കൺവെൻഷന്റെ സമാപന ദിവസം. വി. എം. വർക്കിയുടെയും, വെള്ളൂർ കെ.ജെ.യുടെയും നേതൃത്വത്തിൽ നടത്തിയ നോട്ടീസ് വിതരണം അക്ഷരാർത്ഥത്തിൽ നേതൃത്വത്തെ വിറപ്പിച്ചു. അതിലേയ്ക്ക് നയിച്ച ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു. 1970ലെ മെമ്മോറാണ്ടവും അതിനെ തുടർന്നുണ്ടായ സംഭവങ്ങളും ദൈവസഭയിലെ വലിയൊരു വിഭാഗത്തിന്റെ പിന്തുണയോടെ നടക്കുന്ന അവകാശ പ്രഖ്യാപന സമരമുറകളും മിഷ്യൻ ബോർഡിന്റെ പ്രതിനിധികളായി കാരി സായ്പും ഫോറസ്റ്റ് സായ്പും ഇന്ത്യയിലെത്തിയകാര്യം മേൽ സൂചിപ്പിച്ചുവല്ലോ. അവർ മീറ്റിംഗ് വിളിച്ചു കേരളത്തിലെ ദൈവസഭയുടെ പ്രശ്നങ്ങളെക്കുറിച്ച് വിശദമായ ചർച്ച ചെയ്തതിന്റെ വെളിച്ചത്തിൽ അന്ന് മീറ്റിംഗിൽ ഉണ്ടായിരുന്ന ചില അംഗങ്ങൾ പ്രശ്നങ്ങൾ വഷളാകാതിരിക്കാൻ അവർക്കുവേണ്ടി പ്രത്യേകമായ ഭരണ സംവിധാനം ഒരുക്കിക്കൂടേ എന്ന ആശയത്തിന്മേൽ ചെറിയ ചർച്ച ചെയ്തു. അന്നവിടെ കൂടിയിരുന്ന ആന്ധ്രയിലെ പ്രതിനിധി

ആക്ഷൻ കൗൺസിൽ പ്രസിഡന്റ് കെ.ജെ. മർക്കോസിന്റെ ബന്ധു ആയിരുന്നു പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേക ഭരണ സംവിധാനമൊരുക്കണമെന്ന് അവിടെ ഉരുത്തിരിഞ്ഞ ചിന്ത കത്തുമുഖേന വെള്ളൂർ കെ.ജെ.യെ അറിയിക്കുകയും അദ്ദേഹം തന്റെ സുഹൃത്തും, ശിഷ്യനുമായ വി.എം. വർക്കിയുമായുമൊത്ത് ജനറൽ കൺവെൻഷന്റെ സമാപന ദിവസത്തിന്റെ തലേന്ന് ദൈവസഭയിൽ പുതിയൊരു ഭരണ സംവിധാനത്തിന്റെ ആവശ്യമില്ലെന്ന് ഉന്നയിച്ചുകൊണ്ടുള്ള നോട്ടീസ് അച്ചടിച്ചിറക്കുകയും ചെയ്തു. കൺവെൻഷന്റെ സമാപന ദിവസത്തെ ആരാധനയ്ക്ക് ശേഷം പിന്നോക്ക വിഭാഗത്തിൽപ്പെട്ട വലിയൊരു വിഭാഗം ചെറുപ്പക്കാർ കൗൺസിൽ പന്തലിലേക്ക് കയറി ഈ നോട്ടീസ് വിതരണം ചെയ്തു. എന്നാൽ ഇതിന്റെ സൂത്രധാരൻ വെള്ളൂർ കെ.ജെ. ആണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കൺവെൻഷനിൽ അതിക്രമിച്ചു കടന്നു നോട്ടീസ് വിതരണം നടത്താൻ ചെറുപ്പക്കാരെ പ്രേരിപ്പിച്ചു എന്നാരോപിച്ച് വെള്ളൂർ കെ.ജെ.ക്കെതിരെ മിഷൻ ബോർഡിന് കേന്ദ്ര നേതൃത്വം പരാതി കൊടുത്തു.

പരാതി കിട്ടിയതിൽ പ്രകാരം അന്നു രാത്രി തന്റെ വസതിയായ മുളക്കുഴ ബംഗ്ലാവിൽ വന്ന് വിശദീകരണം തരണമെന്ന് വെള്ളൂർ കെ.ജെ.യോട് ബഹു. മിഷനറി പോസ്ഫിസിൽ കത്ത് മുഖേന അറിയിച്ചു. ഞായറാഴ്ച രാത്രി വെള്ളൂർ കെ.ജെ സായ്പിന്റെ വസതിയായ ബംഗ്ലാവിൽ കൃത്യ സമയത്തു തന്നെ എത്തിച്ചേർന്നു. തന്റെ വാദം ന്യായീകരിച്ചു സംസാരിച്ചു പരിഭാഷകനായി. പാസ്റ്റർ എം.വി ചാക്കോ ആ മുറിയിലുണ്ടായിരുന്നു. അന്നു രാത്രി സായിപ്പിന്റെ ബംഗ്ലാവിൽ അലയടിക്കപ്പെട്ടത് പാസ്റ്റർ വെള്ളൂർ കെ.ജെയുടേതല്ല താൻ പ്രതിനിധാനം ചെയ്യുന്ന ജനവിഭാഗത്തിന്റെ ശബ്ദമായിരുന്നു. കൺവെൻഷൻ പന്തലിൽ നടന്ന സംഭവത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ട് ക്ഷമചോദിച്ചുകൊണ്ടായിരുന്നു തന്റെ വിശദീകരണം. മുളക്കുഴയിലെ എല്ലാ സൗഭാഗ്യങ്ങൾക്കും ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും കാരണക്കാരായ അടിസ്ഥാന ജനവിഭാഗത്തിന്റെ ന്യായമാകുന്ന അവകാശങ്ങൾ സംരക്ഷിക്കണമെന്നും തങ്ങൾക്കായുള്ള ഒരു ഭരണകേന്ദ്രമല്ല തങ്ങൾ വളർത്തിയ പ്രസ്ഥാനത്തിൽ സവർണ്ണ വിഭാഗങ്ങൾക്കൊപ്പം ഇരുന്നുകൊണ്ടുള്ള ഭരണപ്രാതിനിധ്യമാണ് തങ്ങൾക്ക് വേണ്ടതെന്നും അതിന്റെ അടിസ്ഥാനത്തിലിറക്കിയ നോട്ടീസ് തങ്ങളുടെ പൊതു വികാരമാണെന്നും പറഞ്ഞു നിർത്തി. വെള്ളൂർ കെ.ജെ.യുടെ മറുപടി

തൃപ്തികരമെന്ന് തോന്നിയതിനാൽ അദ്ദേഹത്തിനെതിരെ നടപടിയെടുക്കുവാൻ സായ്പ്പ് തുനിഞ്ഞില്ല.

1971-ലെ ജനറൽ കൺവെൻഷനിൽ പിന്നോക്ക വിഭാഗങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കേണ്ട തരത്തിലേക്ക് കാര്യങ്ങൾ നീങ്ങി. നിവേദക സംഘത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ പലസ്ഥലങ്ങളിലും നടന്നു. അമരാവതി. കൂരോപ്പട, പാറടി ഈ മൂന്ന് സഭകളിലെ നേതൃത്വത്തിലായിരുന്നു വിശാലമായ പ്രവർത്തനങ്ങൾ നടന്നിരുന്നത്. എം.പി. മത്തായി കൂരോപ്പ, എം. സ്റ്റീഫൻ, കെ.ജെ. ജോൺ, മാത്യു ജോർജ്ജ്, പി.സി. ജോസഫ്, ഇ.സി. ജോസഫ്, ദാനിയേൽ കെ. തോമസ്, പി. കെ. ചാക്കോ. എ.സി. ജോൺ, വി.എം. വർക്കി തുടങ്ങിയവർ ശക്തമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് നീങ്ങി. പല പാസ്റ്റർമാരും വിശ്വാസികളും ഇവരോട് ചേർന്നു പ്രവർത്തിച്ചു. ഇവരുടെയെല്ലാം പ്രവർത്തനങ്ങൾ ഒരു ചട്ടക്കൂടിലാക്കണമെന്ന ചിന്ത പലരുടെയും മനസ്സിലുദിച്ചു. അങ്ങനെ ഫെബ്രുവരി മാസം അമരാവതിയിൽ ഒരു വിവാഹ തലേന്ന് പിന്നോക്ക വിഭാഗത്തിൽ നിന്നുള്ള പാസ്റ്റർമാരും വിശ്വാസികളും ഒത്തുചേർന്ന് തീരുമാനങ്ങൾ എടുത്തു. അമരാവതി സഭയിൽ കൂടിയ അമരാവതി സമ്മേളനം ദൈവസഭയുടെ ചരിത്രത്തിന്റെ ഒരു നാഴികക്കല്ലായിരുന്നു.

## അമരാവതി സമ്മേളനം

ദൈവസഭയുടെ വിഭജനത്തിന് ആക്കം കൂട്ടിയ സമ്മേളനം എന്നാണ് അമരാവതി സമ്മേളനത്തെ വിശേഷിപ്പിക്കുന്നത്. ഓവർസീയറുടെ പ്രസ്താവന പുറത്തു വന്നതോടുകൂടി സംഘം ചേരാനോ, ഒരിമിച്ചിരുന്നു ചർച്ച ചെയ്യുവാനോ സാധിച്ചിരുന്നില്ല. കാരണം . അച്ചടക്കത്തിന്റെ വാൾ അവരുടെ മേൽ ഉയർന്നു നിന്നു. ആ സന്ദർഭത്തിലാണ് അമരാവതിയിൽ ഒരു വിവാഹത്തിന്റെ പേരിൽ പിന്നോക്കക്കാർ എല്ലാവരും കൂടിയിരുന്നത്. വിവാഹാനന്തരം അത്താഴവിരുന്ന് കഴിഞ്ഞ് പുരുഷന്മാരെല്ലാവരും സഭാഹാളിലേക്ക് കടന്നു വരണമെന്ന് പാസ്റ്റർ കെ.ജെ. മർക്കോസിന്റെ ആഹ്വാനമുണ്ടായി. അദ്ദേഹം പറഞ്ഞതിൻപ്രകാരം കൂരോപ്പട അരീപ്പറമ്പ്, വാഴൂർ, കണിച്ചുകുളം എന്നീ സഭകളിലെ വിശ്വാസികളു, പീരുമേട് സെന്ററിലെ സഹോദരൻമാരും ഒത്തുചേർന്നു. അമരാവതി ഹൈറേഞ്ച് മേഖലയായതിനാൽ ആ കാലഘട്ടങ്ങളിൽ

ഹൈറേഞ്ചിലുള്ള പതിമൂന്ന് സഭകളിൽ നിന്നും പ്രതിനിധികളായി സെക്രട്ടറിമാർ, കമ്മറ്റിക്കാർ മുതലായവർ സംബന്ധിക്കണമെന്ന് നിർബന്ധമുണ്ടായതിനാൽ അപ്രകാരം എത്തിച്ചേർന്ന അൻപതിലധികം പുരുഷന്മാർ കൂടി വന്നിരുന്നു. ആയതിനാൽ അമരാവതി സമ്മേളനം പിന്നോക്കക്കാരുടെ ശക്തി സമ്മേളനമായി മാറി.

1969 ഫെബ്രുവരി 16 രാത്രി നടന്ന പ്രസ്തുത സമ്മേളനം പാസ്റ്റർ വെള്ളൂർ കെ.ജെ. അധ്യക്ഷത വഹിച്ചു. ഈ മീറ്റിംഗിൽ മെമ്മോറാണ്ടം പിൻവിലക്കാനുള്ള സാഹചര്യങ്ങളെക്കുറിച്ചും ഓവർസീയറുടെ പ്രസ്താവനയെക്കുറിച്ചും നിവേദകസംഘത്തിലെ അംഗങ്ങൾ താങ്കളുടെ നിലപാടറിയിച്ചു. തുടർന്ന് സ്വീകരിക്കേണ്ടതായ നിലപാടിനെക്കുറിച്ച് ചൂടേറിയ ചർച്ച നടന്നു.

നമ്മുടെ തലമുറയുടെ ഭാവി ഇരുളടഞ്ഞതായി തീരുമെന്നും ആയതിനാൽ അറച്ചു നിൽക്കാതെ സഭകളിൽ കടന്നു ചെന്ന് ജനങ്ങളെ ഉത്ബോധിപ്പിക്കണമെന്നും അതുവഴി ശക്തമായ ഒരു പിന്നണിയെ ഉറപ്പാക്കി യുവജനങ്ങളെ ശക്തമാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും അങ്ങനെ വരുമ്പോൾ പിരിച്ചുവിടലുകളോ മറ്റു ശിക്ഷണ നടപടികളോ ഉണ്ടായാൽ ജനത്തെക്കൊണ്ടുതന്നെ ചെറുത്തുനിൽപ്പ് നടത്താമെന്നും ശക്തമായ ധാരണയിൽ എത്തിച്ചേർന്നു. ഈ മീറ്റിംഗിലെ മറ്റൊരു ശക്തമായ തീരുമാനമായിരുന്നു ബി.സി.സി.എഫ്. എന്ന സംഘടനയുമായുള്ള ബന്ധം.

## ആക്ഷൻ കൗൺസിൽ രൂപീകരണം

അമരാവതി സമ്മേളനത്തിലാണ് ആക്ഷൻ കൗൺസിൽ രൂപീകരിക്കപ്പെടുന്നത്, പിന്നോക്ക വിഭാഗങ്ങൾക്ക് ശക്തമായി മുന്നേറണമെങ്കിൽ ഒരു സമിതി രൂപികരിക്കണമെന്ന ചിന്ത അമരാവതിയിൽ കൂടിയ വിശ്വാസികൾക്കിടയിൽ ഉടലെടുത്തു. ആ ചിന്തയാണ് ആക്ഷൻ കൗൺസിൽ രൂപീകരണത്തിൽ ചെന്നെത്തിയത്. ആശയപരമായ ഐക്യവും പ്രവർത്തനങ്ങളുടെ ഏകീകരണവും ഉറപ്പാക്കുവാൻ ഒരു സ്ഥിരം സമിതി രൂപീകരിക്കാനുമുള്ള ആശയം വിജയകരമായിരുന്നു.

ആക്ഷൻ കൗൺസിൽ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ആര് വരണമെന്ന് ആലോചിക്കേണ്ടി വന്നില്ല. ആ നിയോഗം കെ.ജെ.

മർക്കോസി (കുന്നുംചിറ)നെത്തേടിയെത്തി. ദൈവസഭയിലെ സീനിയർ മിനിസ്റ്ററും പ്രായം കൊണ്ടും പക്വതകൊണ്ടും ഒരു ജനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുവാൻ തന്നെക്കാളും പ്രഗത്ഭൻ വേറൊരാൾ ഇല്ല എന്നതു കൊണ്ടാവാം പ്രസിഡന്റ് സ്ഥാനത്ത് അദ്ദേഹത്തെ അവരോധിച്ചത്. സെക്രട്ടറി സ്ഥാനത്തേക്ക് വെള്ളൂർ കെ.ജെ.യെപ്പോലൊരു തന്ത്രശാലിയെ മാറ്റി നിർത്താൻ കഴിയില്ല എന്നത് മനസ്സിലാക്കി വെള്ളൂർ കെ.ജെ. ആക്ഷൻ കൗൺസിൽ സെക്രട്ടറിയായി 1968 ലെ ആദ്യ മീറ്റിംഗ് മുതൽ എല്ലാ തന്ത്രങ്ങൾക്കും പിന്നിൽ നിന്നത് വെള്ളൂർ കെ.ജെ. ആണ് എന്ന് പരിഗണിക്കപ്പെട്ടു. ഏത് സദസ്സിലും ആർക്ക് നേരെയും ഘനഗംഭീരമായി അതിശക്തമായി സംസാരിക്കുവാൻ തന്നോളം കഴിവ് മറ്റാർക്കുമില്ലായിരുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളുടെ വിശാലതയ്ക്കുവേണ്ടി എം.പി. മത്തായി (ട്രഷർ) ചാക്കോ പുത്തേട്ട് (അസി. സെക്രട്ടറി) എന്നിവരെ അന്നു ചേർന്ന വിശ്വാസികൾ നോമിനേറ്റ് ചെയ്തു.

## കീഴ് ഘടകങ്ങൾ രൂപീകരിക്കുന്നു

ആക്ഷൻ കൗൺസിലിനെ സഹായിക്കുവാൻ സെന്ററടിസ്ഥാനത്തിലും, ഏരിയാ, സഭ, ഡിസ്ട്രിക്ട് അടിസ്ഥാനത്തിലും കമ്മറ്റികൾ രൂപീകരിക്കുവാൻ നിർദ്ദേശം നൽകി. പാമ്പാടിയെ പ്രതിനിധീകരിച്ച് എം.പി. മത്തായി, കൂരോപ്പട, ചങ്ങനാശേരിയെ പ്രതിനിധീകരിച്ച് കെ.ജെ. ജോസ് വെള്ളൂർ, പീരുമേട് കട്ടപ്പന മുതലായ കുടിയേറ്റ പ്രദേശങ്ങളെ കണക്കിലെടുത്ത് ചാക്കോ പൂത്തേട്ടിനെയും തിരഞ്ഞെടുക്കുകയുണ്ടായി. സെന്റർ ലീഡറായി പി. ജെ. ജോസഫ് പള്ളിവാതിൽക്കലിനെയും, വി.എം. കുര്യാക്കോസ് ഇടുക്കിയെയും തെരഞ്ഞെടുത്തു. അങ്ങനെ പീരുമേട്ടിലന്നുണ്ടായിരുന്ന പതിനാല് സഭകളെയും പ്രതിനിധീകരിച്ച് രണ്ട് ആക്ഷൻ കൗൺസിലുകളും രണ്ട് സെന്റർ ലീഡർമാരും തെരഞ്ഞെടുക്കപ്പെട്ടു. മാസത്തിൽ ഒന്നോ രണ്ടോ തവണകളിൽ ലോക്കൽ സഭകൾ സന്ദർശിച്ച് മീറ്റിംഗുകൾ നടത്തി സെന്റർ ലീഡർമാരെയും സബ് കമ്മറ്റികളെയും തിരഞ്ഞെടുക്കണമെന്നും കൊട്ടാരക്കര, കുമരകം സെന്ററുകളെ പ്രതിനിധീകരിച്ച് അവിടെ വച്ച് നടത്തപ്പെടുന്ന മീറ്റിംഗിലൂടെ വോട്ടിട്ട് ലീഡർമാരെ തിരഞ്ഞെടുക്കണമെന്നും തീരുമാനിച്ചു. കൂടാതെ തിരഞ്ഞെടുക്കപ്പെട്ടവരുടെ പ്രവർത്തനങ്ങളും പ്രവർത്തന മേഖലകളും ആക്ഷൻ കൗൺസിലിന്റെ ഉന്നതാധികാര സമിതിയുടെ സമ്മത

പ്രകാരവും അംഗീകാരത്തിനു വിധേയമാകണമെന്ന് തീരുമാനിച്ചു.

തിരഞ്ഞെടുക്കപ്പെട്ട സമിതിയുടെ കീഴിൽ പ്രസ്താവന ഇറക്കണമെന്ന് തോന്നിയാൽ ആക്ഷൻ കൗൺസിലിന്റെ പേരിൽ ഇറക്കാമെന്ന അനുവാദവും കൊടുത്തു. കൂടാതെ ആക്ഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി ജനങ്ങളിലേക്ക് ആഴ്ന്നിറങ്ങിച്ചെല്ലുന്നതിന് വേണ്ടി കോട്ടയത്ത് ഒരു പത്രസമ്മേളനം നടത്തുവാനും ഇതര പെന്തിക്കോസ്ത് പ്രസ്ഥാന ങ്ങളുടെ നേതൃത്വങ്ങളെ സ്ഥിതിഗതികൾ അറിയിച്ച് അവരുടെ സഹകരണം ഉറപ്പാക്കുവാനും തീരുമാനമായി.
അങ്ങനെ സുപ്രധാനമായ പല തീരുമാനങ്ങളും ഉരുത്തിരിഞ്ഞ രാത്രിയായിരുന്നു അമരാവതി സഭയിൽ നടന്ന മീറ്റിംഗ്. മീറ്റിംഗിൽ സംസാരിച്ച പലരും വികാരാധീനരായിരുന്നു. ഒരിക്കൽപോലും ഒരു വിഭജനമായിരുന്നില്ല ഭരണത്തിൽ ഒരു തുല്യ പങ്കാളിത്തം ഉറപ്പു വരുത്തണമെന്നുള്ള വികാരമാണ് അവിടെ പ്രകടമായത്.

ദൈവസഭയിലെ ഭൂരിപക്ഷമായ ഒരു വിഭാഗത്തിന്റെ പ്രത്യേകിച്ച് കുക്ക് സായ്പിനോട് ചേർന്ന് ദൈവസഭാ പ്രവർത്തനങ്ങളിൽ മുന്നിൽ നിന്ന ജനവിഭാഗത്തിന്റെ വികാരം കണ്ടില്ലെന്നു നടിക്കുന്നവരെ അടിച്ചമർത്താൻ ശ്രമിക്കുന്ന വരേണ്യ വർഗത്തിന് ശക്തമായ ഒരു താക്കിത് നൽകുവാൻ അമരാവതി സമ്മേളനത്തിന് സാധിച്ചു. ആക്ഷൻ കൗൺസിലിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളുടെ സാമ്പത്തിക ആവശ്യങ്ങളിലേക്ക് ഒരു ഫണ്ട് അന്നു തന്നെ രൂപീകരിച്ചു. ഫണ്ടിലേക്ക് 250 രൂപാ സ്വരൂപിക്കപ്പെട്ടു. അടുത്ത മീറ്റിംഗിന്റെ സ്ഥലമായി കണിച്ചുകുളം തീരുമാനിച്ചുകൊണ്ട് പ്രസ്തുത സമ്മേളനം അന്നത്തേക്ക് പിരിഞ്ഞു.

## ആക്ഷൻ കൗൺസിലിന്റെ അധികാരങ്ങളും പ്രവർത്തനങ്ങളും

ആക്ഷൻ കൗൺസിലിന്റെ പ്രധാന ദൗത്യമായി കണ്ടത് പിന്നോക്ക വിഭാഗങ്ങളെ ഉത്ബുദ്ധരാക്കുക എന്നതായിരുന്നു. ആക്ഷൻ കൗൺസിൽ രൂപീകരിക്കാനിടയായ സാഹചര്യമെന്താണ്, നമ്മുടെ ലക്ഷ്യമെന്താണ് തുടങ്ങി ഒട്ടനവധി ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ട ബാധ്യത ആക്ഷൻ കൗൺസിൽ പ്രവർത്തകർക്കുണ്ടായി. കൂടുതൽ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നതായിരുന്നു മറ്റൊരു ദൗത്യം. ജനങ്ങളോട് സത്യാവസ്ഥ

അറിയിക്കുവാൻ ആവശ്യമായ പ്രചരണവേലകൾ ചെയ്യുക, സെന്റർ പ്രവർത്തനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ സെന്റർ ലീഡർമാരെയും അവരുടെ കീഴിൽ യുവജനങ്ങളടങ്ങിയ പ്രവർത്തക സമിതിയെയും സംഘടിപ്പിച്ച് സമിതിയുടെ പ്രവർത്തനങ്ങൾ വിശാലമാക്കുക, മാസത്തിൽ ഒന്നോ രണ്ടോ തവണ പ്രവർത്തനങ്ങളില്ലാത്ത ലോക്കൽ സഭകളിൽ കടന്നു ചെന്ന് ലീഡർമാരെയും സബ് സെക്രട്ടറിമാരെയും തെരഞ്ഞെടുക്കുക. വോട്ടിംഗിലൂടെയുള്ള മാർഗ്ഗം സ്വീകരിച്ചും നേതാക്കളെ തിരഞ്ഞെടുക്കാം എന്ന നിർദ്ദേശവും ആക്ഷൻ കൗൺസിൽ മുന്നോട്ടുവച്ചു. പ്രസ്താവന ഇറക്കണമെന്ന് തോന്നിയാൽ ആക്ഷൻ കൗൺസിലിന്റെ അംഗീകാരത്തോടും, കൗൺസിലിന്റെ പേരിലും ആയിരിക്കണമെന്നും, ആക്ഷൻ കൗൺസിൽ നിർദ്ദേശിക്കുകയുണ്ടായി.

## അമരാവതി സമ്മേളനത്തിന്റെ നേർചിത്രം

സുപ്രധാനമായ പല തീരുമാനങ്ങളും എടുത്ത രാത്രിയായിരുന്നു അമരാവതിയിലേത്. അന്ന് സംസാരിച്ചവരിൽ പലരും വികാരാധീനരായിരുന്നു. വിഭജനത്തിന് അമരാവതി സമ്മേളനം ഒരു കാരണമായെങ്കിലും വിഭജനം എന്ന ഒരു വാക്ക് അവിടെ ഉരുത്തിരിഞ്ഞിരുന്നില്ല. സവർണ്ണ വിഭാഗത്തിന്റെ ആധിപത്യം അവസാനിപ്പിക്കുക, അതല്ലെങ്കിൽ പിന്നോക്ക വിഭാഗങ്ങൾക്ക് സഭാഭരണരംഗത്ത് തുല്യത ഉറപ്പാക്കുക എന്നതായിരുന്നു ലക്ഷ്യം. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിന്നിരുന്ന ഒരു ജനതയുടെ മുന്നേറ്റത്തിന് ഇത് ആവശ്യമായിരുന്നു. അധികാരത്തിന്റെ ലഹരി സവർണ്ണ വിഭാഗത്തിന്റെ കുത്തകയാണെന്ന തത്വം നുള്ളിക്കളയുക. ജാതീയ ചിന്ത കുത്തിവച്ച് വിദ്വേഷം പരത്തുക എന്ന ലക്ഷ്യമാണ് ഇവർക്കുള്ളത് എന്ന ആക്ഷേപം ഉന്നയിക്കുന്നവരോട് സൗമ്യതയുടെ ആത്മാവിൽ മറുപടി പറയുവാൻ അവർ ആവുംവിധം ശ്രമിച്ചുവന്നു. ഒരുവൻ രക്ഷിക്കപ്പെട്ട് പാപത്തിന്റെ അടിമത്വത്തിൽ നിന്ന് പുറത്തുവന്നാൽ മനസ്സിന് മാറ്റം വരുമ്പോൾ ക്രിസ്തുവിൽ സഹോദരനായി അവനെ കാണുവാനാണ് പൗലോസ് പറയുന്നത്. ദൈവത്തിന്റെ കരുണ പ്രാപിച്ചവർക്ക് അങ്ങനെയേ കഴിയൂ. ന്യായമായത് ആര് ചോദിച്ചാലും ചെയ്തുകൊടുക്കുവാൻ ക്രിസ്തുവിൽ മനം മാറ്റം വന്നവന് സാധിക്കണം. അത് സാധിക്കാത്തിടത്തോളം

കാലം അസമാധാനത്തിന്റെ അഗ്നിപർവ്വതം സ്ഫോടനമാം വിധം പുകഞ്ഞുകൊണ്ടേയിരിക്കും. ദൈവത്തിന് മുൻപിൽ പിന്നോക്കമെന്നോ മുന്നോക്കമെന്നോ ഇല്ല. ക്രിസ്തുവിൽ ഏവരും ഒന്നത്രേ. ഈ തത്വം ലംഘിക്കപ്പെടുമ്പോൾ പ്രതിസന്ധികൾ രൂപപ്പെടുന്നത് സ്വാഭാവികം. ചോദ്യം ചെയ്യാതെ വികാരങ്ങൾക്ക് കൂച്ചുവുലങ്ങിടുക എന്നത് ഏറ്റവും വലിയ അടിമത്വം. എന്ന് തത്വചിന്തകൻ ഹേർ ഓർമ്മിപ്പിക്കുന്നു. ഇതാണ് ഇവിടെയും സംഭവിച്ചത്. പിന്നോക്ക വിഭാഗങ്ങൾ എന്തുകൊണ്ട് ഒത്തുകൂടി? എന്നു ചോദിച്ചാൽ ഹേറിന്റെ ചിന്തകൾ കടമെടുക്കേണ്ടി വരും. ചോദ്യം ചെയ്യാതെ വികാരങ്ങൾക്ക് കൂച്ചുവിലങ്ങിട്ട് അടിമകളാകുവാൻ ഒരുക്കമായിരുന്നില്ല. അധ്വാനിച്ച് ജോലി ചെയ്യുന്നവനേ സമാധാനത്തോടെ ഉറങ്ങാൻ കഴിയൂ. അധ്വാനിക്കാതെ വിശപ്പടക്കുന്നവന് ഉറങ്ങാൻ കഴിയില്ല. എന്നാൽ അധ്വാനിക്കുന്നവന് ഉറങ്ങാൻ കഴിയണം. ദൈവസഭയുടെ വളർച്ചയ്ക്കായി അധ്വാനിച്ച അടിസ്ഥാന വർഗ ജനവിഭാഗത്തിന് അതിന്റെ നന്മ അനുഭവിക്കുവാൻ കഴിയാതെ വന്നാൽ അവർ പ്രതികരിക്കും. അമരാവതിയിലെ ചരിത്ര പ്രാധാന്യമുള്ള മീറ്റിംഗിൽ കൂടിവന്ന നൂറിലധികം വരുന്ന വിശ്വാസികൾ നേതൃത്വത്തിനെതിരെ പ്രതികരിച്ചതിനെ കുറ്റംപറയാൻ കഴിയുമോ? പലരും വികാരാധീനരായി സംസാരിച്ചു. പലരുടെ കണ്ഠങ്ങളിടറി. അമരാവതി സമ്മേളനരാത്രി കേരളത്തിലെ ദൈവസഭയുടെ ചരിത്രത്തിലെ പ്രാധാന്യമർഹിക്കുന്ന ദിവസങ്ങളിലൊന്നായി രേഖപ്പെടുത്തേണ്ടി വരും. രാത്രി രണ്ടരവരെ മീറ്റിംഗ് നീണ്ടുപോയെന്നാണ് ചരിത്ര രേഖകൾ പറയുന്നത്.

## ആക്ഷൻ കൗൺസിലിന്റെ ശക്തിപ്പെടലും കേന്ദ്ര നേതൃത്വത്തിന്റെ ഇടപെടലും

ആക്ഷൻ കൗൺസിലിന്റെ രൂപീകരണം കേരളത്തിലെ ദൈവസഭയുടെ ചരിത്രത്തിൽ പ്രധാന്യമുള്ള ഏടുകളിൽ ഒന്നാണ്. ആക്ഷൻ കൗൺസിലിന്റെ രൂപീകരണത്തോടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാകുന്ന കാഴ്ചക്കാണ് ദൈവസഭ സാക്ഷ്യം വഹിച്ചത്. സെന്റർ ലീഡർമാരുടെയും, പ്രവർത്തകരുടെയും കീഴിൽ പ്രസ്താവനകളും, നോട്ടീസുകളും ഇറങ്ങി. ഇനി വരും കാലങ്ങളിൽ സവർണ ക്രിസ്ത്യാനികളുടെ ആജ്ഞാനുവർത്തികളാവാൻ കഴിയില്ലെന്നും ഞങ്ങളുടെ ജനത്തെ ഇനിയും കണ്ടില്ലെന്ന് നടിച്ചാൽ

പ്രത്യാഘാതം ഗുരുതരമാണെന്നും, അധികാര സ്ഥാനങ്ങളിൽ പിന്നോക്ക വിഭാഗങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകിയില്ലെങ്കിൽ ശക്തമായ തിരിച്ചടി നൽകുമെന്നുമുള്ള മുന്നറിയിപ്പ് എല്ലാ പ്രസ്താവനകളിലും നിഴലിച്ചു നിന്നു. പ്രസ്താവനകൾ കൊണ്ട് അവസാനിച്ചില്ല, പത്രങ്ങളിൽ വാർത്തകളും, പരസ്യങ്ങളും വന്നുകൊണ്ടിരുന്നു. പലസ്ഥലങ്ങളിൽ ഗ്രൂപ്പ് യോഗങ്ങൾ നടത്തപ്പെട്ടു. ജനങ്ങളുടെ പൊതുവികാരം ആക്ഷൻ കൗൺസിലിനൊപ്പമായിരുന്നു. കൂടുതൽ ജനങ്ങളെ പ്രബുദ്ധരാക്കുവാൻ ആക്ഷൻ കൗൺസിലിന് കഴിഞ്ഞു. ദൈവസഭയിലെ പിന്നോക്ക വിഭാഗങ്ങൾ ആക്ഷൻ കൗൺസിലിനു പിറകിൽ അണിചേർന്നത് മുന്നോക്ക ക്രിസ്ത്യനികളിൽ പരിഭ്രാന്തി പരത്തി. ഇത് മുന്നോട്ട് പോയാൽ അധികാരങ്ങൾ കൈവിട്ടുപോകുമെന്ന ഭയം അവരുടെ ഉറക്കം കെടുത്തി.

## ആക്ഷൻ കൺസിലിൽ ബി.സി. സി. എഫ് ബന്ധം

അമരാവതി സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ ആശയമായിരുന്നു ആക്ഷൻ കൗൺസിൽ പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നതിന് ശ്രീ. വി.ഡി ജോൺ സെക്രട്ടറിയായുള്ള ബി.സി.സി.എഫുമായി ബന്ധം സ്ഥാപിക്കുക എന്നത്. ഒരപക്ഷേ ബി.സി.സി.എഫ് എന്താണെന്ന് ഇന്നത്തെ സമൂഹത്തിന് അത്ര പരിചിതമായിരിക്കില്ല. 1930-35 കാലഘട്ടങ്ങളിൽ ദളിത് ക്രൈസ്തവർക്ക് വേണ്ടി രൂപംകൊണ്ട ഒരു സംഘടനയാണിത്. പട്ടിക ജാതിക്കാർക്ക് ലഭിക്കാവുന്ന പല


വി ഡി ജോൺ

ആനുകൂല്യങ്ങളും മാറിവരുന്ന ഗവണ്മെന്റു കളുടെ ഉത്തരവിനാൽ അട്ടിമറിക്കപ്പെട്ടു. സമുദായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ ജാഗ്രത കുറവ് കൊണ്ട് സംഭവിച്ചതാണിതൊക്കെ. പിന്നോക്ക ക്രൈസ് തവർ പല പ്രസ്ഥാനങ്ങളിലായി ചിതറിക്കിട ക്കുന്നതി നാൽ അവരെ ഒന്നിപ്പിച്ച് ഒത്തുചേരു ന്നതി നുള്ള ഒരു വേദിയാണ് ബി.സി.സി.എഫ് ഒരുക്കി യെടുത്തത്. എല്ലായിടങ്ങളിലും മാറ്റി നിർത്ത പ്പെട്ട പിന്നോക്ക ക്രൈസ്തവരെ അവകാശ ബോധമുള്ള ജനതയാക്കി മാറ്റുന്നതിന് ബിസിസിഎഫ് വഹിച്ച പങ്ക്

നിസ്തുലമാണ്. പിന്നോക്ക ക്രൈസ്തവരെ സംഘടിപ്പിക്കുന്ന തിനും രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ ചലനം സൃഷ്ടിക്കുന്നതിനും 1950-70 കാലഘട്ടങ്ങളിലെ പിന്നോക്ക ക്രൈസ്തവരെ തിരഞ്ഞുപിടിച്ച് തിരികെ ഹിന്ദു സമുദായത്തിലേക്ക് ചേർക്കുന്നതിനായുള്ള, ഹിന്ദുവിന്റെയും സർക്കാരിന്റെയും കുടില തന്ത്രങ്ങളെ ചെറുത്തു തോൽപിക്കുവാനും ഈ പ്രസ്ഥാനത്തിനായിട്ടുണ്ട്. കേവലം രാഷ്ട്രീയ സാമുദായിക സംഘടനകളുടെ പതിവ് അവകാശ വാദങ്ങളിൽ നിന്ന് വ്യത്യസ്തമായ തികഞ്ഞ രാഷ്ട്രീയ മുദ്രാവാക്യങ്ങളായിരുന്നു ബിസിസിഎഫ് മുന്നോട്ട് വച്ചത്. ക്രൈസ്തവ സഭയുടെ നിയന്ത്രണത്തിന് വെളിയിൽ ദളിത് ക്രൈസ്തവർക്ക് സ്വതന്ത്രമായി അണി ചേരുന്നത് അംഗീകരിച്ചുകൊടുക്കുവാൻ പല സഭകളുടെയും നേതൃത്വം തയ്യാറായിരുന്നില്ല. ക്രൈസ്തവരുടെ സ്വതന്ത്ര സമുദായമെന്ന ബിസിസിഎഫ് ലക്ഷ്യത്തെ ഇത് തുരങ്കം വെയ്ക്കാൻ കാരണമായി. അന്നത്തെ കാലത്തെ പല പിന്നോക്ക ക്രൈസ്തവരും ബിസിസിഎഫ്മായി ചേർന്നു നിൽക്കുവാൻ തയ്യാറായിരുന്നില്ല. സഭാ നേതൃത്വങ്ങളുടെ എതിർപ്പായിരുന്നു അതിന്റെ പ്രധാന കാരണം. ബിസിസിഎഫിന്റെ പ്രവർത്തനം ശക്തമായി മുന്നോട്ടു പോകുന്ന കാലത്താണ് ദൈവസഭയിൽ പിന്നോക്ക ക്രൈസ്തവരും, സവർണ്ണ ക്രൈസ്തവരും തമ്മിലുള്ള പൊരുത്തക്കേട് രൂപപ്പെട്ടത്, ദൈവസഭയിലെ പിന്നോക്ക വിഭാഗങ്ങൾക്ക് സംഘടനാ ശേഷി കുറവായിരുന്നതിനാൽ രാഷ്ട്രീയ, സാമൂഹ്യ, സാമുദായിക പിന്തുണ നേടിയെടുക്കേണ്ടത് ആവശ്യമായിരുന്നു. വി.ഡി. ജോൺ അടക്കമുള്ള മറ്റു നേതാക്കളുടെ പൂർണ്ണപിന്തുണയും, സഹകരണവും ദൈവസഭയിലെ പിന്നോക്ക വിഭാഗങ്ങൾക്ക് കൂടുതൽ ശക്തി പകരുന്നതായിരുന്നു. ഇതൊരു അവശക്രൈസ്തവ പ്രശ്നമാണെന്ന് പൊതു സമൂഹത്തിന് മുമ്പിൽ സ്ഥാപിക്കുവാൻ ബിസിസിഎഫ് ബന്ധത്തിലൂടെ ആക്ഷൻ കൗൺസിലിന് സാധിച്ചു. കൂടാതെ, ആക്ഷൻ കൗൺസിലംഗം ശ്രീ എബ്രഹാം തെക്കേതിൽ അന്നത്തെ കാലത്ത് ബിസിസിഎഫിലെ സമുന്നത നേതാവായിരുന്നു.

## വിഭജനത്തിന് വഴിവച്ച മുട്ടമ്പലം സമ്മേളനം

1969 സെപ്റ്റംബർ 23-ാംതീയതി മുട്ടമ്പലത്ത് വച്ച് നടന്ന സമ്മേളനം ദൈവ സഭയുടെ വിധി നിർണ്ണയിച്ച് മീറ്റിംഗിലൊന്നായിരുന്നു. ഈ മീറ്റിംഗിന്റെ അലയൊലികൾ

ദൈവസഭയെ ആകമാനം പ്രകമ്പനം കൊള്ളിച്ചു, വിശ്വാസികളും ദൈവദാസന്മാരും, ദൈവസഭയുടെ പുറത്തുള്ള നേതാക്കന്മാരുമടക്കം വലിയൊരു സദസ്സ് മുട്ടമ്പലം ഓഡിറ്റോറിയത്തിൽ വന്നു ചേർന്നിരുന്നു. ബിസിസിഎഫ് ജനറൽ സെക്രട്ടറി ശ്രീ. വി.ഡി. ജോൺ, ഫാ. തോമസ് പുല്ലാടി, കേരളാ പെന്തിക്കോസ്ത് നേതാവ് കെ.എം. ജോസഫ്, ശ്രീ മാങ്ങാനം പി.പി. ജോൺ പിന്നോക്ക വിഭാഗങ്ങളിലെ മറ്റ് പ്രതിനിധികൾ എന്നിങ്ങനെ വലിയൊരു നിര അന്നത്തെ സമ്മേളനത്തിനു സന്നിഹിതരായിരുന്നു. എന്നാൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ട എട്ട് സെന്റർ പാസ്റ്റർമാർ കേന്ദ്രത്തിന്റെ നടപടികളെ പേടിച്ച് സമ്മേളനത്തിന് വരാതെ വിട്ടു നിന്നത് ഏവരുടെയും അസംതൃപ്തിക്ക് കാരണമായി. എന്നിരുന്നാലും നിശ്ചയിക്കപ്പെട്ട സമയത്ത് ശ്രീ എബ്രഹാം തെക്കേതിലിന്റെ അധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. വിശിഷ്ടാതിഥികളെ കടാതെ ഇരുപത് പ്രാസംഗികർ ആക്ഷൻ കൗൺസിലിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് അനുമോദന പ്രസംഗങ്ങൾ നടത്തി.

ഉച്ച തിരിഞ്ഞ് രണ്ട് പേർ അവതരിപ്പിച്ച പ്രമേയത്തിന്മേൽ വിശദമായ ഒരു ചർച്ച നടത്തുകയുണ്ടായി. ചർച്ചയിൽ പലവിധ അഭിപ്രായങ്ങൾ ഉയർന്നതിന്റെ വെളിച്ചത്തിൽ ഇതൊരു അവശ ക്രൈസ്തവ പ്രശ്നമാണെന്നും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി നിയമപരമായി നീങ്ങാമെന്നുള്ള അഭിപ്രായം പാറടിയിൽ നിന്നുള്ള മത്തായി സാർ അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ നിയമപരമായി നീങ്ങിയാൽ കാലതാമസം ഉണ്ടാവുമെന്നും ഒരു നല്ല വക്കീലുണ്ടായാൽ മാത്രമേ നമുക്ക് മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ എന്നും മുന്നോട്ടു നീങ്ങുവാനുള്ള സാമ്പത്തിക ഭദ്രത നമുക്കില്ലെന്നും വെറൊരഭിപ്രായം ഉയർന്നുവന്നു. കോട്ടയത്തുള്ള ശങ്കുണ്ണി വക്കീലിനെ ആക്ഷൻ കൗൺസിലിലെ ചില ദൈവദാസന്മാർ കണ്ട് നിയമപരമായ വശങ്ങൾ ചോദിച്ചറിഞ്ഞതിൻപ്രകാരം ഈ സമരമുഖങ്ങൾക്ക് മാധ്യമശ്രദ്ധ തേടിത്തരുവാൻ ഒരു കൂട്ട ഉപവാസം മുളക്കുഴ ഓഫീസിന്റെ മുൻപിൽ നടത്തുവാൻ പറഞ്ഞതിൻ പ്രകാരം പ്രസ്തുത യോഗത്തിൽ ഈ നിർദ്ദേശം മുന്നോട്ട് വച്ചു. സമ്മേളനഹാളിൽ കൂടിയിരുന്നവരെല്ലാം ഈ നിർദ്ദേശത്തെ അനുകൂലിച്ച് കൈകളുയർത്തി. വി.എം. വർക്കി (വലയിൽ) യുടെ നേതൃത്വത്തിൽ ഒരു ഉപവാസമിരിക്കുവാനുള്ള സംഘത്തെ രൂപീകരിച്ചു യോഗം പിരിഞ്ഞു.

# മുട്ടമ്പലം സമ്മേളനത്തിൽ അവതരിപ്പിച്ച് സാധുവാക്കിയ പ്രമേയം

വി.എം.കുര്യാക്കോസ് രാവിലത്തെ സെക്ഷനിൽ അവതരിപ്പിച്ച പ്രമേയം ചുവടെ ചേർക്കുന്നു. സഹോദരന്മാരെ ദൈവസഭയിലെ നമ്മുടെ ഭാവിതലമുറയുടെ സ്വാതന്ത്ര്യത്തെ കരുതി നാം സ്വീകരിച്ചു പോരുന്ന നടപികളെടും നിലപാടുകളോടും എതിരായി പറയുകയും പ്രസംഗിക്കുകയും ചെയ്യുന്ന പിന്നോക്ക വിഭാഗക്കാരായ കർതൃദാസന്മാർക്ക് നമ്മുടെ വരുമാനങ്ങൾ കൊടുക്കാതെ സെക്രട്ടറിമാർ അത് ശേഖരിച്ച് ആക്ഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കായി ഏൽപ്പിക്കണമെന്നും ഇനിമേൽ ഉചിതമായൊരു നടപടി സ്വീകരിച്ചു നടപ്പിൽ വരുത്തണമെന്നും ഞാൻ ആവശ്യപ്പെടുന്നു. ഈ പ്രമേയം കൈയ്യടിച്ചു പാസ്സാക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് വി. എം. വർക്കി വാലയിൽ മറ്റൊരു പ്രമേയം അവതരിപ്പിച്ചു സംസാരിക്കുകയുണ്ടായി. ദൈവസഭയിലെ പിന്നോക്ക വിഭാഗങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി വളരെയേറെ ത്യാഗം സഹിച്ചും നടത്തപ്പെടുന്ന ഈ മീറ്റിംഗിൽ പങ്കെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടും നോട്ടീസയച്ചിട്ടും ഈ മീറ്റിംഗിൽ പങ്കെടുക്കാതെ മറ്റെവിടെയോ നടത്തപ്പെടുന്ന മീറ്റിംഗിൽ സംബന്ധിക്കുന്നതിന് കടന്നു പോയിരിക്കുന്ന നമ്മുടെ പാസ്റ്റർമാർ നമ്മുടെ സഭകളിൽ ഇനി കടന്ന് വന്ന് യാതൊരു ആത്മീയ ശുശ്രൂഷകളും നടത്തുവാൻ അനുവദിച്ചുകൂടാത്തതും ത്രൈമാസ സ്തോത്രക്കാഴ്ച ദശാംശം മുതലായ വരുമാനങ്ങൾ അവർക്ക് നൽകാതിരിക്കയും വേണ്ടതാണെന്ന് ഈ പ്രമേയം വഴി ഞാൻ ആവശ്യപ്പെടുന്നു.

സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾക്കൊള്ളി ച്ചുകൊണ്ട് പൊതുജനങ്ങൾക്ക് മനസ്സിലാക്കേണ്ടതിനായി വെള്ളൂർ കെ.ജെ.യുടെ നേതൃത്വത്തിൽ ഒരു പത്രക്കുറിപ്പ് തയ്യാറാക്കി. ആക്ഷൻ കൗൺസിൽ പ്രസിഡന്റ് കെ.ജെ. മർക്കോസിനെ ഏൽപിക്കുകയും അദ്ദേഹം അത് മനോരമ പത്രത്തിൽ വാർത്തയായി പ്രസിദ്ധപ്പെടു ത്തുവാൻ കൊടുക്കുകയും ചെയ്തു. 1971 ഏപ്രിൽ 29-ാം തീയതി മുട്ടമ്പലം സമ്മേളനത്തിലെടുത്ത തീരുമാനങ്ങളടങ്ങിയ പത്രവാർത്ത പുറത്ത് വന്നതോടെ പൊതുജന മാധ്യമശ്രദ്ധയിലേക്ക് വിഷയം നീങ്ങി എന്നാൽ പത്രവാർത്തയുടെ അവസാന വരിയിൽ ആക്ഷൻ കൗൺസിലിനുവേണ്ടി കൺവീനർ എന്ന വരിക്ക് താഴെ കെ.ജെ മർക്കാസിന്റെ പേര് വന്നതിനാൽ ദൈവസഭ ഭരണനേതൃത്വം

കൗൺസിൽ കൂടി കെ.ജെ. മർക്കോസിനോട് വിശദീകരണം തരാൻ ആവശ്യപ്പെടുന്ന പ്രമേയം പാസാക്കി എന്നാൽ പേപ്പറിൽ കൊടുക്കാൻ തയ്യാറാക്കിയ പത്രക്കുറിപ്പിന്റെ താഴെ ആക്ഷൻ കൗൺസിലിന് വേണ്ടി കൺവീനർ എന്നു മാത്രമേ കൊടുത്തിരുന്നുള്ളു. ആർക്കെതിരെയും നടപടിവരാതിരിക്കാനാണ് അങ്ങനെയൊരു പത്രക്കുറിപ്പ് തയ്യാറാക്കിയത്. എന്നാൽ പാ. കെ.ജെ. മർക്കോസ് കൺവീനറിന്റെ താഴെ തന്റെ പേര് അബദ്ധത്തിൽ ചേർത്തതിനാൽ അത് പ്രശ്നങ്ങൾക്ക് വഴി തെളിച്ചു. വിശദീകരണം ആവശ്യപ്പെട്ട് കൗൺസിൽ അയച്ച കത്തിൽ പ്രകാരം മെയ് മാസം 11 പകൽ ഒരു മണിക്കും രണ്ട് മണിക്കും ഇടയ്ക്കുള്ള സമയം ആഫീസിൽ ഹാജരാകാനായിരുന്നു നിർദ്ദേശം. കത്ത് തന്റെ കയ്യിൽ കിട്ടിയത് വൈകുന്നേരം 6.25 ന് തന്നെ കുടുക്കുവാൻ ബോധപൂർവ്വം നടത്തിയ ശ്രമമാണിതെന്നു മനസ്സിലാക്കിയ കെ. ജെ. മർക്കോസ് തന്റെ പരിഭവം നേതൃത്വത്തെ അറിയിച്ചു. ദൈവസഭയുടെ പ്രവർത്തനങ്ങൾക്കെതിരെ പത്ര പരസ്യം നൽകി, അതിനുള്ള വിശദീകരണം നൽകുവാൻ കൗൺസിൽ നൽകിയ ദിവസം ഹാജരാകാതിരുന്നതിൻ പ്രകാരം ദൈവസഭയുടെ ശുശ്രൂഷകനെന്ന നിലയിൽ കെ. ജെ. മർക്കോസിനെ മുടക്കിയതായുള്ള കത്ത് ദൈവസഭയുടെ എല്ലാ സഭകളിലേക്കും നേതൃത്വം അയച്ചു കൊടുത്തു, ആക്ഷൻ കൗൺസിൽ പ്രസിഡന്റ് കെ. ജെ. മാർക്കോസിനെ ദൈവസഭയിൽ നിന്ന് മുടക്കി എന്ന വാർത്ത കേട്ടവരെല്ലാം നേതൃത്വത്തിനെതിരെ തിരിഞ്ഞു. ദൈവസഭയുടെ പ്രാരംഭ പ്രവർത്തകനും കുക്ക് സായിപ്പിനൊപ്പം ദൈവസഭയെ വളർത്തുവാൻ മുൻനിരയിൽനിന്ന ദൈവസഭയുടെ സ്ഥാപക നേതാക്കളിൽ ഒരാളായ കെ. ജെ.മർക്കോസിനെതിരായ നടപടി ഗുണങ്ങളേക്കാൾ ദോഷമാണ് വരുത്തിവച്ചത്. ഈ നടപടിക്കെതിരെ ആക്ഷൻ കൗൺസിൽ ദൈവസഭാകൗൺസിലിലേക്ക് കത്ത് അയയ്ക്കുകയുണ്ടായി. കേരളത്തിലെ ദൈവസഭയെ നട്ടുപിടിപ്പിച്ച പിന്നോക്ക വിഭാഗക്കാരെ വംശച്ഛേദം വരുത്തി അധികാരം നിലനിർത്തുവാനുള്ള ആദ്യ നടപടിയാണോ ഈ മുടക്കു കത്തെന്ന് ചോദിച്ചുകൊണ്ട് വസ്തുതകൾ നിരത്തി കൗൺസിൽ നടപടി തികച്ചും തെറ്റാണെന്നു അവരുടെ കത്തിൽ വ്യക്തമാക്കി മെയ്മാസം 11-ാം തീയതി പകൽ ഒരു മണിക്കും രണ്ടു മണിക്കും ഇടയ്ക്കുള്ള സമയം ആഫിസിൽ ഹാജരാകേണ്ടതായ കെ.ജെ. മർക്കോസിന് 11 നു വൈകിട്ട് 6.25 ന് കിട്ടത്തക്കവണ്ണം കമ്പി അയച്ചു. നേതൃത്വത്തിന്റ നടപടി തീർത്തും തെറ്റെന്നും, ചിങ്ങവനം പോസ്റ്റാഫീസിൽ താങ്കളുടെ കമ്പി എത്തുന്നത് തന്നെ 3.40 ആണെന്നിരിക്കെ കൃത്യസമയത്ത് വന്ന് തന്റെ

വിശദീകരണം നൽകിയില്ല എന്ന കാരണമാരോപിച്ച് കെ. ജെ. മർക്കോസിനെ മുടക്കിയ നടപടി അങ്ങേയറ്റം ശരിയല്ല എന്ന കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് മൂന്ന് പേപ്പറിലുള്ള കത്ത് കെ. ജെ. മർക്കോസിന്റെ പിറകിൽ ജനസമൂഹമുണ്ടെന്ന് വ്യക്തമായ സന്ദേശം തന്നെയുണ്ടായിരുന്നു. ആക്ഷൻ കൗൺസിൽ പ്രസിഡന്റ് കെ. ജെ. മർക്കോസിനെ മുടക്കിയത് സംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്യുവാൻ കൂടിയ യോഗത്തിലെ തീരുമാനമനുസരിച്ച് മിഷൻ ബോർഡിന് കാര്യങ്ങൾ ബോധിപ്പിച്ചുകൊണ്ടൊരു കത്തയയ്ക്കുവാൻ തീരുമാനിച്ചു. കേരളത്തിൽ നിന്ന് പിന്നോക്ക വിഭാഗത്തിൽപ്പെട്ട ദൈവദാസന്മാരും, വിശ്വാസികളും സംഘം ചേർന്നും, വ്യക്തിപരമായും കത്തുകളയച്ചു കെ. ജെ. മർക്കോസിന്റെ ജനസമ്മതിയും ദൈവസഭയ്ക്കുവേണ്ടി താൻ നടത്തിയ ത്യാഗങ്ങളും കത്ത് മുഖേന മനസ്സിലാക്കിയ മിഷൻ ബോർഡ് കെ. ജെ. മർക്കോസിന് നൽകികൊണ്ടിരിക്കുന്ന വിട്ടലവൻസും സഹായവും എത്രയും വേഗം നൽകാൻ കേരളത്തിലെ നേതൃത്വത്തോട് ആവശ്യപ്പെട്ടു മാത്രമല്ല മുടക്കു സംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്തു പരിഹാരം വരുത്തുവാനും നിർദ്ദേശം നൽകുകയുണ്ടായി. മിഷൻ ബോർഡിന്റെ നിർദ്ദേശം വന്നതിനെ തുടർന്ന് മാസം തോറുമുള്ള മിഷൻ ബോർഡിന്റെ ധനസഹായം കെ.ജെ. മർക്കോസിന് പുനസ്ഥാപിച്ചു. മുടക്ക് സംബന്ധമായ കാര്യങ്ങൾ പിന്നിട് ചർച്ച ചെയ്ത് പരിഹാരമാക്കാമെന്ന് ധാരണയായി. മുട്ടമ്പലം സമ്മേളത്തിന്റെ അലയൊലികൾ കെ. ജെ. മർക്കോസിന്റെ പ്രശ്നത്തോടെ രൂക്ഷമാകുകയാണ് ചെയ്തത് എന്നാൽ പ്രാധാന്യമർഹിക്കുന്ന മുട്ടമ്പലം സമ്മേളനത്തിൽ നിന്ന് വിട്ടു നിന്ന പിന്നോക്ക വിഭാഗക്കാരായ പാസ്റ്റർമാർക്കെതിരായുള്ള ജനവികാരം ശക്തമായി. മുട്ടമ്പലം സമ്മേളത്തിനു ശേഷം നേതൃത്വവും പ്രതികാര നടപടിയുമായി മുന്നോട്ട് നീങ്ങി. അതിനിടയാക്കിയ പ്രശ്നം കണിച്ചുകുളം സംഭവുമായി ബന്ധപ്പെട്ടതായിരുന്നു. ചില പ്രശ്നങ്ങളുടെ പേരിൽ കണിച്ചുകുളം സഭയിൽ രൂക്ഷമായ വിഭാഗിയത ഉടലെടുക്കുകയും സ്ഥലം സഭാ പാസ്റ്ററുടെ അഭാവത്തിൽ പാസ്റ്റർ എം. സ്റ്റീഫനെ കണിച്ചുകുളം സഭയിലേക്ക് ആക്ഷൻ കൗൺസിൽ അയക്കുകയുണ്ടായി. പിന്നോക്ക വിഭാഗങ്ങളുടെ ശക്തമായ പിന്തുണയുള്ളതിനാൽ പ്രസ്തുത സഭയിൽ ശുശ്രൂഷിക്കുവാൻ പ്രിയ ദൈവദാസന് തടസ്സമുണ്ടായിരുന്നില്ല. എന്നാൽ സഭ പിടിച്ചെടുത്ത് വിമത പ്രവർത്തനം നടത്തുന്നു എന്ന കുറ്റമാരോപിച്ച് ചങ്ങനാശ്ശേരി സ്റ്റ്ഷനിൽ ഹെഡ് കോൺസ്റ്റബിൾ ഉൾപ്പെടെയുള്ള സംഘം കേന്ദ്ര

നേതൃത്വത്തിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷിക്കുകയും എന്നാൽ ഈ വിവരം മണത്തറിഞ്ഞ് എം. സ്റ്റീഫൻ സ്ഥലത്ത് നിന്ന് മാറിയതിനാൽ ദൈവദാസനെ പോലീസ് സംഘത്തിന് കാണാൻ കഴിഞ്ഞില്ല. ഇതേ സംഭവം പാറടി സഭയിലും നടക്കുകയുണ്ടായി. പാറടി സഭ പിടിച്ചെടുത്ത് വിമതസ്വരം അടിച്ചൊതുക്കുവാനുള്ള കേന്ദ്ര നേതൃത്വത്തിന്റെ ദൗത്യം ഏറ്റെടുത്ത് സ്ഥലംമാറ്റ ലെറ്ററുമായി ശുശ്രൂഷിക്കുവാൻ വന്ന ദൈവദാസന്റെ വീട്ടുപകരണങ്ങൾ കോമ്പൗണ്ടിൽ കയറ്റുവാൻ പോലും സമ്മതിക്കാതെ ജനങ്ങൾ എതിർത്ത് നിന്നു. ഓവർസിയറാകട്ടെ ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷനിൽ നിന്നും വലിയ സംഘമടങ്ങുന്ന പോലീസുകാരെ വിളിച്ചുവരുത്തി പാസ്റ്റർക്ക് പാറടി സഭയിൽ കയറുവാനുള്ള സാഹചര്യം ഒരുക്കുവാനുള്ള ശ്രമം നടത്തി. പാറടിയിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഒരു സംഘം ആളുകളുടെ ശക്തമായ എതിർപ്പ് കാരണം പ്രശ്നത്തിൽ ഇടപെടാതെ പോലീസ് സംയമനം പാലിച്ചു. പോലിസിനെ കയ്യിലെടുത്ത് പിന്നോക്ക വിഭാഗത്തിന്റെ അവകാശങ്ങൾക്ക് വേണ്ടിയുള്ള ശബ്ദം അടിച്ചൊതുക്കാമെന്ന ഓവർസിയറടക്കമുള്ളവരുടെ ധാരണ അമ്പേ പാളുന്നതായ കാഴ്ചയ്ക്ക് ദൈവസഭ സാക്ഷ്യം വഹിച്ചു.

## മുട്ടമ്പലം സമ്മേളനത്തിന്റെ പരിണിതഫലം

മുട്ടംബലം സമ്മേളനത്തിന്റെ അലയടികൾ കേരളത്തിലെ എല്ലാ സഭകളിലേക്കും വ്യാപിച്ചു. പിന്നാക്ക വിഭാഗത്തിന് ഭൂരിപക്ഷമുള്ള എല്ലാ സഭകളും സമ്മേളനത്തിൽ പാസാക്കിയ പ്രമേയം നടപ്പിലാക്കി തുടങ്ങി, സമ്മേളനത്തിൽ നിന്ന് വിട്ടുനിന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ട ദൈവദാസന്മാരെ വിശ്വാസികൾ ബഹിഷ്ക്കരിച്ചു. ആത്മീയ ശുശ്രൂഷകൾ അവരെകൊണ്ട് നടത്തിക്കാതെയും, അവർക്ക് സാമ്പത്തിക നന്മകളിൽ നിന്ന് നൽകാതെയും വിശ്വാസികളും ആക്ഷൻ കൗൺസിലും ശക്തമായ നടപടികളുമായി മുന്നോട്ടു പോയി, കൂറുമാറിയ പല ദൈവ ദാസന്മാരും വെട്ടിലായി. സഭകളിൽ ചേരി തിരിഞ്ഞുള്ള സംഭാഷണങ്ങളും, തർക്കങ്ങളും നടന്നു. ട്രാൻസ്ഫർ ആയി വരുന്ന ദൈവദാസന്മാരെ പിന്നോക്കക്കാരായ വിശ്വാസികൾ സഭകളിൽ കയറ്റാതെ ബഹിഷ്കരിച്ചു. പല ദൈവദാസന്മാരും പ്രത്യേകാൽ പിന്നോക്ക വിഭാഗത്തിൽ നിന്ന് കൂറുമാറിയവർ പരാതിയുമായി മുളക്കുഴയിലെത്തി. നേതൃത്വം ആക്ഷൻ

കൗൺസിലിനെതിരെ ശക്തമായ നടപടിയെടുക്കാൻ നിർബന്ധിതമായി.

കേന്ദ്രനേതൃത്വത്തിന്റെ ഉപായങ്ങളൊന്നും ഫലിക്കുന്നില്ലെന്നു മനസ്സിലാക്കിയ ഭരണ നേതൃത്വം കൗൺസിലുമായുള്ള കൂടിയാലോചനക്ക് ശേഷം പ്രശ്ന പരിഹാരത്തിനായി പാസ്റ്റർമാരുടെയും പ്രതി പുരുഷന്മാരുടെയും സമ്മേളനം വിളിച്ചുകൂട്ടാൻ തീരുമാനിച്ചു. 1971 ഒക്ടോബർ 2–ാം തീയതി മുഖ്യ ആസ്ഥാനമായ മുളക്കുഴയിൽ എല്ലാ സഭകളിൽ നിന്നും രണ്ട് അംഗങ്ങൾ വീതമടങ്ങുന്ന പ്രതിനിധികൾ രാവിലെ എത്തിച്ചേരണമെന്ന അറിയിപ്പുകൊടുത്തു. നിശ്ചിത അറിയിപ്പിൻ പ്രകാരം ക്ഷണിക്കപ്പെട്ട എല്ലാ പ്രതിനിധികഴും മുളക്കുഴയിലെത്തി. എന്നാൽ പാസ്റ്റർ കെ.ജെ. മർക്കോസിന്റെ മുടക്ക് കത്ത് പിൻവലിക്കാതെ ഹാളിൽ കടക്കുന്നില്ലെന്നുറച്ച് ആക്ഷൻ കൗൺസിലിനോടനുഭാവമുള്ള പാസ്റ്റേഴ്സും വിശ്വാസികളും ഹാളിൽ കടക്കാതെ പ്രതിഷേധം രേഖപ്പെടുത്തി നിന്നതിനാൽ സമ്മേളന ഹാൾ അൽപസമയം ശബ്ദമുഖരിതമായി. കത്തിന്റെ പ്രശ്നം പാസ്റ്റർ കെ.ജെ. മർക്കോസുമായി സംസാരിച്ച് പരിഹരിച്ചു എന്ന വാദം ഓവർസീയർ ഉയർത്തി നോക്കി. എന്നാൽ സഭാമധ്യേ പറയണമെന്ന ആവശ്യത്തിന് ഓവർസീയർക്ക് ഒടുവിൽ വഴങ്ങേണ്ടി വന്നു. ഇതോടെ എല്ലാവരും ഹാളിൽ പ്രവേശിക്കുകയും, ഓവർസീയറുടെ അധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിക്കുകയും ചെയ്തു.

ഓവർസീയർ തന്റെ ഉപക്രമപ്രസംഗത്തിൽ മീറ്റിംഗ് വിളിക്കാനുണ്ടായ സാഹചര്യത്തെപ്പററി പ്രസ്താവിക്കുകയുണ്ടായി. പ്രസ്ഥാനത്തിലെ പിന്നോക്ക വിഭാഗക്കാരുടെ വകയായി സമർപ്പിക്കപ്പെട്ട മെമ്മോറാണ്ടം പിൻവലിച്ചു എങ്കിലും അതിന്റെ ചുവടുപിടിച്ച് അവകാശവാദങ്ങൾ മുഴക്കി. ജനത്തെ തങ്ങളുടെ പക്ഷത്താക്കി നേതൃത്വത്തിനെതിരെ ഒരു പ്രക്ഷോഭവുമായി ഒരു വിഭാഗം ഒരുമ്പെട്ടു വരുന്നതെന്നു മനസ്സിലാക്കി അതുസംബന്ധമായ പൊതുജനാഭിപ്രായം അറിയുന്നതിന് പിന്നോക്ക പ്രതിനിധികളായ രണ്ടുപേർക്കും ആക്ഷൻ കൗൺസിലിനോടനുഭാവമുള്ള രണ്ടുപേർക്കും 15 മിനിറ്റ് വീതം സംസാരിക്കാമെന്നും. കഴിവതും വിദ്വേഷങ്ങൾ ഒഴിവാക്കി പരസ്പര ബഹുമാനത്തോടെ സംസാരിക്കണമെന്ന് അദ്ദേഹം റൂളിംഗ് നൽകി.

അന്നത്തെ സമ്മേളന വേദിയിലേക്ക് ആക്ഷൻ കൗൺസിലിന്റെ

പ്രതിനിധിയായി വന്നത് എം. പി. മത്തായി ആയിരുന്നു. പിന്നോക്കക്കാരുടെ ശബ്ദമായി മാറേണ്ട ദൗത്യം ശിരസ്സാ വഹിച്ച് എം. പി. മത്തായി അസന്നിഗ്ദ്ധമായി പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിക്കേണ്ട അവകാശങ്ങളെക്കുറിച്ച് എണ്ണിയെണ്ണി പറഞ്ഞു. അദ്ദേഹത്തിന്റെ മർമ്മപ്രാധാന്യമുള്ള പ്രസംഗ വരികൾ ചുവടെ ചേർക്കുന്നു. സഹോദരങ്ങളെ കഴിഞ്ഞ ഒന്നര വർഷങ്ങൾക്ക് മുമ്പേ ദൈവസഭയിലെ പിന്നോക്കക്കാർക്ക് ലഭിക്കേണ്ടതായ അവകാശങ്ങൾ ഉന്നയിച്ച് ഒരു മെമ്മോറാണ്ടം അവർ നൽകിയിരുന്നതായും പിന്നെ അത് പിൻവലിച്ചതായും അധ്യക്ഷൻ ഇവിടെ സൂചിപ്പിച്ചുവല്ലോ. അതേ മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ ഇന്നും പരിഗണിക്കപ്പെടാതെ ദൈവസഭയിൽ നിലനിന്നു പോരുകയാണ്. അത് ഇന്നല്ലങ്കിൽ നാളെ ഞങ്ങൾക്ക് ലഭിച്ചേ മതിയാകൂ. കാരണം അത് ഞങ്ങളുടെ മൗലിക അവകാശമാണ്. അതിനെ നിഷേധിച്ചുകൊണ്ട് ആരിവിടെ ഭരണം നടത്തിയാലും അത് ഉചിതമാകുകയില്ല. കുക്ക് സായ്പ്പ് ഇവിടെ വന്ന് വേലയാരംഭിച്ച കാലം മുതൽ ഞങ്ങളുടെ പിതാക്കന്മാരും ഞങ്ങളും അടിയും ഇടിയും നിന്ദയും പരിഹാസവും സഹിച്ചു കുടിയിറക്കപ്പെട്ടും പട്ടിണി കിടന്നും കഷ്ടനഷ്ടങ്ങൾ സഹിച്ചും ഉള്ള ധനം കൊണ്ട് പ്രസ്ഥാനം വളർത്തിയിട്ട് ഞങ്ങൾക്ക് പ്രസ്ഥാനത്തിൽ യാതൊരു അവകാശമില്ലാ എന്ന ആർക്ക് പറയാൻ കഴിയും, അതിനെ നിഷേധിച്ചുകൊണ്ട് ആര് ഭരണം നടത്തിയാലും ഞങ്ങൾ സ്തംഭിപ്പിക്കും. ഞങ്ങളുടെ ജനം ആ കാഴ്ചപ്പാടിലേക്ക് വന്നിരിക്കുന്നതിനാൽ വ്യവഹാരത്തിലേക്കോ മറ്റു സമര മാർഗങ്ങളിലേക്കോ ദൈവസഭയുടെ കെട്ടുറപ്പിന് കോട്ടം വരുത്തുന്ന സംരംഭങ്ങളിലേക്കോ ജനത്തെ തള്ളിവിടാതെ സമാധാനപരമായി കാര്യങ്ങൾക്ക് പരിഹാരം വരുത്തുന്നതായിരിക്കും ഉചിതമെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നു.

നേതൃത്വത്തിനെതിരെ ആഞ്ഞടിച്ചുകൊണ്ട് പിന്നോക്ക വിഭാഗങ്ങളുടെ മൗലിക അവകാശങ്ങൾക്കായി ഘനഗംഭീര ശബ്ദത്തോട് പാസ്റ്റർ എം. പി. മത്തായി നടത്തിയ പ്രസംഗം സദസ്സിനായാകെ പ്രകമ്പനം കൊള്ളിച്ചു. നേതൃത്വത്തിന്റെ അച്ചടക്ക നടപടിയെ വെല്ലുംവിധം ഉറച്ചതായിരുന്നു ആ ശബ്ദം. പിന്നീട് വാദ പ്രതിവാദങ്ങൾ കൊണ്ട് മുഖരിതമായ അന്തരീക്ഷത്തിൽ സമ്മേളനം നീട്ടിക്കൊണ്ടു പോകുന്നത് ഉചിതമല്ല എന്നു കരുതി ബാക്കി ചർച്ചകൾ അടുത്ത മീറ്റിംഗിലാവാം എന്ന് അധ്യക്ഷന്റെ പ്രസ്താവനയെ മാനിച്ച് അന്നത്തെ മീറ്റിംഗ് അവസാനിപ്പിച്ചു.

# ആക്ഷൻ കൗൺസിലിനെ കൂച്ചുവിലങ്ങിടാനുള്ള ശ്രമം

ആക്ഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ ദിനംപ്രതി കരുത്തോടെ മുന്നേറുന്ന കാഴ്ചയാണ് ദൈവസഭ പിന്നീട് കണ്ടത്. പിന്നോക്ക വിഭാഗത്തെ ഒരുമിച്ച് ഒരൊറ്റ കൊടിക്കീഴിലാക്കുന്ന ആക്ഷൻ കൗൺസിലിനെ വരുതിയിലാക്കിയാൽ മാത്രമേ പ്രക്ഷോഭത്തെ ഇല്ലാതാക്കാൻ കഴിയൂ എന്ന ചിന്ത നേതൃത്വത്തെ ഭരിച്ചു. ഈ ചിന്ത ആക്ഷൻ കൗൺസിലിനെതിരെ പ്രവർത്തിക്കാൻ സഭാ നേതൃത്വത്തെ പ്രേരിപ്പിച്ചു. ആക്ഷൻ കൗൺസിലിനെ കൂച്ച് വിലങ്ങിടണം എന്ന ഉദ്ദേശ്യത്തോടെ അന്നത്തെ ഓവർസീയർ കോട്ടയത്തെ ഒരു വക്കിലിനെക്കൊണ്ട് സൊസൈറ്റി ഭരണഘടന എഴുതി തയ്യാറാക്കി അതിൻപ്രകാരം ഏകെങ്കിലും ഒരു വ്യക്തിയോ കുടുംബമോ ഗ്രൂപ്പോ മാതൃസംഘടന വിട്ടുപോയാൽ ടി. ആളുകൾക്ക് മാതൃസംഘടനയുമായി യാതൊരുവിധ അവകാശവുമുണ്ടായിരിക്കുന്നതല്ല എന്ന പുതിയൊരു ക്ലോസ് എഴുതിച്ചേർത്തു. ആക്ഷൻ കൗൺസിലിനോട് ചേർന്നു പ്രവർത്തിക്കുന്ന സഭകളെ ഒരു വിമത ഗ്രൂപ്പായി വേർതിരിച്ച് നിർത്തി അവരെ മാത്രമായി പുറത്തു ചാടിക്കാം എന്ന ഉദ്ദേശം ഇതിന് പുറകിലുണ്ടായിരുന്നു.

1971 ഒക്ടോബർ മാസത്തിൽ മുളക്കുഴയിൽ മുൻ തീരുമാന പ്രകാരം ഓവർസീയർ എ.വി. എബ്രഹാമിന്റെ അധ്യക്ഷതയിൽ നടന്ന മീറ്റിംഗിലെ ഉപക്രമ പ്രസംഗത്തിൽ തന്റെ കൈയിലുണ്ടായിരുന്ന ഭരണഘടന കൈയ്യെഴുത്തു പ്രതി വായിച്ചു കഴിഞ്ഞപ്പോൾ അതിലെ നിഗൂഢ സ്വഭാവമുള്ള പുതിയ വകുപ്പ് തങ്ങളെ പുറത്ത് ചാടിക്കുവാനുള്ള തന്ത്രമാണെന്ന് മനസ്സിലാക്കിയ ആക്ഷൻ കൗൺസിലംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റു വിശദമായ ചർച്ച വേണമെന്നാവശ്യപ്പെട്ടു.

അമേരിക്കയിലും ഇന്ത്യയിലും അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു ഭരണഘടന നിലനിൽക്കുമ്പോൾ തന്നെ പുതിയൊരു ഭരണഘടനയുടെ ആവശ്യമെന്താണെന്നും 28-ാം നമ്പറിൽ പറയുന്ന പ്രകാരം സൊസൈറ്റിവിട്ടു പുറത്ത് പോകുവാൻ ഞങ്ങളാഗ്രഹിക്കുന്നില്ലെന്നും പുതിയ ഭരണഘടനയുടെ അലകും പിടിയും ഞങ്ങൾ ഉപേക്ഷിച്ചിരിക്കുന്നു എന്നും പാസ്റ്റർ വെള്ളൂർ കെ. ജെ. ശക്തമായി പറഞ്ഞു. ഇതിന്മേലുള്ള വാദപ്രതിവാദങ്ങൾ അവസാനിക്കവെ

പുതുപ്പള്ളിയിൽ നിന്നുള്ള ഹൈസ്കൂൾ അധ്യാപകനായ ഇ.വി. ജോർജ്ജ് പുതിയൊരു വാദം പുറത്തിട്ടു. ദൈവസഭയിൽ മുന്നോക്കക്കാരനെന്നോ പിന്നോക്കക്കാരനെന്നോ ഒന്നുമില്ലെന്നും അതിനാൽ ഒരു വിഭാഗത്തിന് മാത്രമായി പ്രത്യേക പരിഗണന കൊടുക്കേണ്ടതിന്റെ ആവശ്യമുണ്ടോ എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. അതിന്റെ മറുപടിയെന്നോണം ക്രിസ്തീയ സംഘടനകളിലും അവശ ക്രൈസ്തവ ജനവിഭാഗവും അവരുടെ അവകാശങ്ങൾ സംരക്ഷിച്ചു പ്രവർത്തിക്കുന്ന ഒരു അവശക്രൈസ്തവ ഫെഡറേഷനമുണ്ടെന്നും വേണ്ടിവന്നാൽ അവർ ഈ പ്രശ്നത്തിൽ ഇടപെടുമെന്നും പാസ്റ്റർ റ്റി.കെ. എബ്രഹാം പറഞ്ഞു. ബഹുമാനപ്പെട്ട ജോർജ്ജ് സാറിന്റെ സ്കൂളിലെ അഡ്മിഷൻ രജിസ്റ്ററിൽ എന്റെ കുട്ടിയുടെ പേരിനൊപ്പം ജാതി രേഖപ്പെടുത്തുമ്പോൾ താങ്കൾ എന്തെഴുതി ചേർക്കുമെന്ന ചോദ്യത്തിന് അത് സർക്കാർ കാര്യമാണെന്ന് പറഞ്ഞ് അദ്ദേഹം ഒഴിഞ്ഞുമാറി. ബുദ്ധിപരമായി സമർത്ഥിച്ച ടി. കെ. എബ്രഹാമിന്റെ മറുപടിയിൽ ഉത്തരംമുട്ടി തന്ത്രപരമായി ഒഴിഞ്ഞുമാറാൻ ഇ. വി. ജോർജ്ജ് ശ്രമിച്ചു. പറഞ്ഞ മറുപടിയിൽ പ്രകോപിതനായ വെള്ളൂർ കെ. ജെ. റ്റി. കെ . എബ്രഹാമിന്റെ ന്യായമായ വാദത്തിന് ശരിയുത്തരം പറയാതെ തോന്ന്യാവാസം പറയാൻ ഇ.വി. ജോർജ്ജിനെ അനുവദിച്ചിരിക്കുകയാണോ എന്ന ചോദ്യമുന്നയിച്ചതോടെ സഭ വീണ്ടും പ്രക്ഷുബ്ധമായി അവഹേളനപരമായി സംസാരിച്ച വെള്ളൂർ കെ.ജെ. സമ്മേളനഹാൾ വിട്ട് പുറത്ത് പോകണമെന്ന് ഓവർസീയർ എ.വി. എബ്രഹാമിന്റെ വാദം വെള്ളൂർ കെ. ജെ. തള്ളിക്കളഞ്ഞു.

## അന്വേഷണ കമ്മീഷൻ രൂപവത്ക്കരിക്കുന്നു

ഉച്ചകഴിഞ്ഞ് ഭക്ഷണത്തിനു ശേഷം സമ്മേളനം പുനരാരംഭിക്കുകയും പാസ്റ്റർ റ്റി. എം. വർഗീസ് സംസാരിക്കുവാൻ എഴുന്നേറ്റു. നമ്മുടെ ചർച്ചകൾ നീണ്ടുപോയാൽ അത് ഗുണകരമാകില്ലെന്നും സ്ഥിതിഗതികൾ പൂർണ്ണമായി പഠിച്ച് എല്ലാ സ്ഥലം സഭകളുടെയും സ്റ്റേറ്റ്മെന്റ് അറിയുന്നതിനായി ഒരു അന്വേഷണ കമ്മീഷനെ വയ്ക്കാം എന്നും അദ്ദേഹം ഒരു നിർദ്ദേശം മുന്നോട്ടുവച്ചു. അന്വേഷണ കമ്മീഷനെ ഇപ്പോൾ തന്നെ തിരഞ്ഞെടുക്കുകയും അദ്ദേഹം സഭകളുടെ നിലപാട് പഠിച്ചശേഷം രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കട്ടെ എന്നും ആ റിപ്പോർട്ടിൽ മേൽ ചർച്ച നടത്തിയശേഷം

യഥാവിധം ദൈവസഭയുടെ മിഷൻ ബോർഡിനെ ധരിപ്പക്കണം എന്നുമുള്ള ധാരണയിൽ എല്ലാവരും സമ്മതിച്ചു. പാസ്റ്റർ റ്റി. എം. വർഗീസ് മുന്നോട്ടുവച്ച ഈ നിർദ്ദേശം പിന്നോക്ക വിഭാഗ ങ്ങൾക്ക് കൂടുതൽ സന്തോഷത്തിനിട നൽകി. കമ്മീഷന്റെ അന്വേഷണം നടത്തിയാൽ താങ്ങൾ ഉന്നയിച്ച അവകാശവാദങ്ങൾ വെറും വാദങ്ങൾ അല്ലായിരുന്ന് എന്ന് പൊതുജന സമക്ഷം സമർത്ഥിക്കാം എന്നവർ കരുതി. അന്വേഷണ കമ്മീഷൻ ആരായിരിക്കണമെന്നതായി അടുത്ത തർക്കം. ബഹുമാനപ്പെട്ട കാനം അച്ചനെ അന്വേഷണ കമ്മീഷൻ ആക്കാമെന്ന റ്റി. കെ. എബ്രഹാം നിർദ്ദേശിച്ചു. ചില തടസ്സ വാദങ്ങളുന്നയിച്ച് ആ നിർദ്ദേശം തള്ളിക്കളഞ്ഞു. മാവേലിക്കരക്കാരൻ ജേക്കബ് സാറിന്റെ പേരു നിർദ്ദേശിച്ചുവെങ്കിലും വേണ്ടത്ര പിന്തുണ ലഭി ക്കാതെ പോയി. ഒടുവിൽ കോട്ടയത്തുകാരൻ പുളിക്കൽ ജോൺ സാർ (പി. എം.ജോൺ) അവർകൾ ഭൂരിപക്ഷ അഭിപ്രായം പ്രകാരം അന്വേഷണ ചെയർമാനായി പി. എം. ജോൺ തെരഞ്ഞെടുക്കപ്പെട്ടു. അവിടെ കൂടിയിരുന്ന സകലരും അദ്ദേഹത്തിന് ആശംസകൾ അറിയിച്ചു. അദ്ദേഹത്തെ സഹായിക്കുന്നതിനായി പാസ്റ്റർ എ. പി. മത്തായിയെയും കൂട്ടായി തെരഞ്ഞെടുത്തു. 30 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കേണ്ടതിനാൽ എല്ലാ ദിവസവും രാവിലെ 9 മുതൽ വൈകുന്നേരം 4 മണിവരെ കോട്ടയത്തിലെ ഓഫീസിലേക്ക് ദൈവസഭയിലെ എല്ലാ സഭകളും തങ്ങളുടെ സ്റ്റേറ്റ്മെന്റ് എത്തിച്ചു നല്കേണ്ടതാണ്. ഒരു സഭയിലെ എത്ര കുടുംബം? അതിൽ പിന്നോക്കക്കാർ എത്ര മുന്നോക്കക്കാർ? എത്ര സ്ത്രീകളെത്ര? പുരുഷന്മാരെത്ര ? തുങ്ങിയ വിവരങ്ങളടങ്ങിയ പ്രോപ്പർ സ്റ്റേറ്റ്മെന്റ് എല്ലാ സഭകളും കൃത്യമായി തയ്യാറാക്കണമെന്ന നിർദ്ദേശവും മുന്നോട്ട് വച്ചു.

1971 ഒക്ടോബർ ൽ കൂടിയ മീറ്റിംഗ് പര്യവസാനിക്കുമ്പോൾ ഇതോടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന ചിന്തയാണ് പലരെയും ഭരിച്ചത്. പക്ഷേ ദൈവസഭയുടെ വിഭജനത്തിന് ആക്കം കൂട്ടുന്ന നടപടികളിൽ ഒന്നായിരുന്നു അന്വേഷണ കമ്മീഷൻ നിയമനം.

മുളക്കുഴ മീറ്റിംഗ് കഴിഞ്ഞതിന്റെ പിറ്റേദിവസം മുതൽ അന്വേഷണ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചു. ഓരോ സഭയും അതതിന്റെ സ്ഥിതി വിവരണങ്ങൾ സ്ഥല സഭാ പാസ്റ്ററുടെ ഒപ്പോടുകൂടി എൻക്വയറി ഓഫീസിലേക്ക് അയച്ചു. റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടി സ്ഥലം സഭകൾ കമ്മറ്റിയും, പൊതു



**പാസ്റ്റർ റ്റി. എം. വർഗീസ്**
കുക്കിന്റെ മകൾ ബ്ലോസത്തെ മലയാള ഭാഷ പഠിപ്പിക്കുവാൻ വന്ന റ്റി. എം. വർഗീസ് കുക്കിന്റെ പരിഭാഷകനായുമന്ന താൻ 1929 ആഗസ്റ്റ് 22 ന് രക്ഷാനിർണ്ണയം പ്രാപിച്ചു.

1936 മുതൽ 1966 വരെ ദൈവസഭയുടെ സ്റ്റേറ്റ് ഫീൽഡ് സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പിന്നോക്ക വിഭാഗങ്ങളുടെ അവകാശങ്ങൾ പരിഗണിക്കുന്നതിനുവേണ്ടി പരിഹാരമെന്നോണം അന്വേഷണ കമ്മീഷൻ രൂപവത്ക്കരിക്കാൻ ശുപാർശ ചെയ്തത് റ്റി. എം. വർഗീസ് ആണ്.


യോഗങ്ങളും വിളിച്ചു ചേർത്തു. ഓരോ സഭയും സ്വന്തം വരുതിക്ക് നിർത്തുവാൻ പിന്നോക്ക വിഭാഗക്കാരും, മുന്നോക്ക വിഭാഗക്കാരും ശക്തമായ അണിയറ പ്രവർത്തനങ്ങൾ നടത്തി. റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സ്ഥലം സഭകളുടെ മീറ്റിംഗുകൾ, പിന്നോക്ക വിഭാഗക്കാരുടെ ശക്തി പ്രകടനമായി മാറി. ഏകദേശം 88 സഭകളുടെയും 14 വ്യക്തികളുടെയും സ്റ്റേറ്റ്മെന്റുകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 1971 ഡിസംബർ 5-ാം തീയതി കമ്മീഷൻ റിപ്പോർട്ട് ഗവേണിംഗ് ബോഡി ചെയർമാൻ റവ: എൽ. ആർ കാരിയുടെ പക്കൽ സമർപ്പിക്കപ്പെട്ടു.

സമർപ്പിക്കപ്പെട്ട കമ്മീഷൻ റിപ്പോർട്ട് പിന്നോക്ക വിഭാഗങ്ങളുടെ വാദങ്ങളെ സാധൂകരിക്കുന്നവയായിരുന്നു, ഇന്ത്യ പൂർണ സുവിശേഷ ദൈവസഭയുടെ ആരംഭകാലം മുതലുള്ള ഭൂരിപക്ഷ പ്രവർത്തകരും വിശ്വാസികളും (2/3 ഭാഗം) പിന്നോക്ക വിഭാഗക്കാർ തന്നെയാണെന്നും ഇപ്പോഴുള്ളവരിൽ ഭൂരിഭാഗവും രണ്ടാം തലമുറയാണെന്നും ദൈവസഭയുടെ പ്രവർത്തനങ്ങളിൽ വിശാലതയ്ക്ക് കാരണക്കാരായവർ ഇവർ തന്നെയാണെന്നും. എന്നാൽ കണക്കുകൾ പ്രകാരം പദവികളിലോ, സ്ഥാനമാനങ്ങളിലോ, സ്ഥിതി വിവരക്കണക്കനുസരിച്ച് അവർക്ക് തുല്യത ലഭ്യമായിട്ടില്ലെന്നും ശമ്പള തസ്തികയിൽ ഒരെണ്ണംപോലും അവർക്ക് ലഭിക്കാത്ത തിന്മേലുള്ള

അസംതൃപ്തിയാണ്പിന്നീടുള്ള പല തർക്കങ്ങൾക്കും കാരണമെന്നും വിശ്വാസം സംബന്ധിച്ചിട്ടുള്ള ഒരു തർക്കവും ഇല്ലെന്നും അവരുടെ അവകാശങ്ങൾ അനുവദിച്ചു നൽകിയാൽ സമാധാന പരമായി മുന്നോട്ട് പോകാൻ കഴിയുമെന്നും ഉള്ള ശുപാർശകളോടെ ഗവേണിംഗ് ബോഡി ചെയർമാൻ റവ: എൽ. ആർ. കാരി കമ്മീഷൻ മിഷൻ ബോർഡിന് റിപ്പോർട്ട് സമർപ്പിച്ചു. പിന്നീട് മിഷൻബോർഡിന് സമർപ്പിക്കപ്പെട്ട എൻക്വയറി റിപ്പോർട്ടിന്മേൽ ഉചിതമായ നടപടി എടുക്കുവാൻ കാണുവാൻ നിർദ്ദേശിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോയമ്പത്തൂരിൽ കൂടിയ ഗവേണിംഗ് ബോഡി യോഗത്തിൽ പ്രസ്തുത എൻക്വയറി റിപ്പോർട്ട് ചർച്ച ചെയ്യപ്പെട്ടു. ഇരു വിഭാഗവും വിട്ടുവീഴ്ചക്ക് തയ്യാറാവാതെ മുന്നോട്ടു പോകുക യാണെങ്കിൽ ഭരണസൗകര്യാർത്ഥം തുല്യ അധികാരങ്ങളോട് കൂടിയ രണ്ട് ഭരണ കേന്ദ്രങ്ങൾ സംഘടിപ്പിച്ചു. പ്രശ്നം പരിഹരിക്കണമെന്ന നിർദ്ദേശം മുന്നോട്ടു വന്നു. ദൈവസഭയുടെ സ്ഥാപക വിഭാഗമായ ജനതയെ തള്ളിക്കളയാൻ മിഷൻബോർഡ് തയ്യാറായിരുന്നില്ല. ഇരുവിഭാഗ ക്കാർക്ക് തൃപ്തികരമാകും വിധമുള്ള ഗവേണിംഗ് ബോഡി നിർദ്ദേശം നടപ്പാക്കുന്ന ഉത്തരവാദിത്വം മിഷൻ ബോർഡ് എൽ. ആർ. കാരിയെ ഏൽപിച്ചു. മിഷൻ ബോർഡിന്റെ നിർദ്ദേശപ്രകാരം 1971 നവംബർ 17-ാം തീയതി സഭാ പ്രതിനിധികളുടെയും വേലക്കാരുടെയും മീറ്റിംഗ് വിളിക്കുവാൻ കേരളത്തിലെ നേതൃത്വം തീരുമാനിച്ചു. ഈ മീറ്റിംഗിൽ ചർച്ച ചെയ്ത് പരിഹാരം കണ്ടില്ലെങ്കിൽ മാത്രം രണ്ട് ഭരണകേന്ദ്രം എന്ന ഗവേണിംഗ് ബോഡി തീരുമാനം നടപ്പിലാക്കിയാൽ മതിയെന്ന ധാരണയായി.

# ദൈവസഭയുടെ വിഭജനവും, സ്വാതന്ത്ര്യ പ്രഖ്യാപനവും

1971 നവംബർ 17-ാം തീയതി മുളക്കുഴ ആസ്ഥാനം ജനനിബിഡമായി, സംഘർഷഭരിതമായ രംഗങ്ങൾ ഉണ്ടായേക്കുമോ എന്ന് പലരും ശങ്കിച്ചു കൃത്യസമയത്ത് സ്റ്റേറ്റ് റെപ്രസെന്റീറ്റീവും കൗൺസിൽ മെംബേഴ്സും സന്നിഹിതരായി, ആക്ഷൻ കൗൺസിൽ പ്രസിഡന്റ് കെ. ജെ. മർക്കോസും, സെക്രട്ടറി വെള്ളൂർ കെ. ജെ. അടക്കമുള്ളവർ സമ്മേളന ഹാളിൽ നേരത്തെ നിലയുറപ്പിച്ചിരുന്നു. പിന്നോക്ക വിഭാഗങ്ങളിലെ എല്ലാ പാസ്റ്റർമാരും നിർബന്ധമായി പങ്കെടുക്ക ണമെന്ന നിർദ്ദേശം ആക്ഷൻ കൗൺസിലിന്റെ ഭാഗത്ത് നിന്നുണ്ടായിരുന്നു. മുളക്കുഴ മൗണ്ട് സീയോൻ ഹാളിന്റെ വെളിയിൽ പിന്നോക്ക വിഭാഗത്തെ അനുകൂലിക്കുന്ന ചില സംഘടനകളും നേതാക്കളും നിലയുറപ്പിച്ചിരുന്നു. കൃത്യസമയത്ത് ഏഷ്യൻ സൂപ്രണ്ട് എൽ. ആർ. കാരിയും, ടേണറും സമ്മേളന ഹാളിലെത്തിയതോടെ മീറ്റിംഗ് ഔദ്യോഗികമായി ആരംഭിച്ചു. അദ്ധ്യക്ഷന്റെ പ്രസംഗത്തിൽ ഓവർസീയർ എ. വി. എബ്രഹാം മിഷൻബോർഡിന്റെ തീരുമാനങ്ങൾ അറിയിക്കുന്നതിനായി നിയോഗിക്കപ്പെട്ട പ്രതിനിധി ഇവിടെ വന്നിട്ടുണ്ടെന്നും അദ്ദേഹം ചില നിമിഷങ്ങൾ നിങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കുമെന്നും പറഞ്ഞ് അധ്യക്ഷപ്രസംഗം അവസാനിപ്പിച്ചു.



എൽ. ആർ. കാരി

മയേഴ്സ് മെമ്മോറിയൽ ഹാൾ രാവിലെ ശബ്ദമുകിരിത മായിരുന്നു. ശക്തമായ സുരക്ഷ ക്രമീകരണങ്ങളും അവിടെ ഒരുക്കിയിരുന്നു. സെന്റർ പാസ്റ്റർമാരുടെ നിർദ്ദേശവും ഒപ്പും ഉള്ളവരെ മാത്രമേ സമ്മേളനഹാളിലേക്കു കയറ്റി വിട്ടിരുന്നുള്ളു. അതിനാൽ ആക്ഷൻ കൗൺസിലിന്റെ ഭൂരിപക്ഷം പേരും ഹാളിലേക്കു പ്രവേശിപ്പാൻ കഴിയാതെ വെളിയിൽ നിന്നു. രാവിലത്തെ സെക്ഷന്റെ പ്രാരംഭ നടപടികളിലേക്ക് ഓവർസിയർ എ. വി. എബ്രഹാം

കടന്നതോടെ ചൂടേറിയ വാഗ്വാദങ്ങൾക്ക് സഭ സാക്ഷ്യം വച്ചിച്ചു. വെള്ളൂർ കെ. ജെ നേതൃത്വത്തിനെതിരെ ആദ്യം ശരം തൊടുത്തുവിട്ടു. ദൈവസഭയുടെ ചരിത്രം മുന്നോട്ടു വച്ചുകൊണ്ട് ആക്ഷൻ കൗൺസിൽ സെക്രട്ടറി വെള്ളൂർ കെ. ജെ. നേതൃത്വത്തിനെതിരെ തിരിഞ്ഞു. ദൈവസഭയുടെ രൂപീകരണത്തിന് ആദ്യകാലങ്ങളിൽ കുക്ക് സായിപ്പിനൊപ്പം നിന്ന പിന്നോക്ക വിഭാഗങ്ങളാണെന്നും അവർക്ക് ഭരണത്തിൽ തുല്യ പങ്കാളിത്തം വേണമെന്നാവശ്യപ്പെട്ടു. എം. സ്റ്റീഫൻ തന്റെ സ്വതസിദ്ധമായ ശൈലിയിൽ പരിഭാഷകരിലാതെ ഇംഗ്ലിഷിൽ തന്നെ ദൈവസഭയുടെ സ്ഥാനങ്ങളിൽ മുന്നോക്കകാരോടൊപ്പം തങ്ങളെയും പരിഗണിക്കണമെന്നാവശ്യപ്പെട്ടു. ഇതിനെ ഖണ്ഡിച്ചു കൊണ്ട് ദൈവസഭയിൽ പിന്നോക്കമോ മുന്നോക്കമോ ഇല്ലാ യോഗ്യതയാണ് മാനദണ്ഡമെന്നും ഇതിന്റെ അടിസ്ഥാനത്തിലെ സ്ഥാനമാനങ്ങൾ നൽകാവു എന്നും നേതൃത്വം ശക്തമായി വാദിച്ചു. വാദപ്രതിവാദങ്ങൾ നടക്കവേ മിഷനറി ടേണർ എഴുന്നേറ്റു. മദ്ധ്യസ്ഥത വഹിച്ചുകൊണ്ടുള്ള തന്റെ അഭിപ്രായം രേഖപ്പെടുത്തി. പിന്നോക്ക വിഭാഗങ്ങൾക്ക് ഒരു അസിസ്റ്റന്റ് ഓവർസിയർ പദവി നൽകി അവരെ കൂടി നേതൃത്വത്തിലേക്ക് പരിഗണിക്കാം എന്ന നിർദ്ദേശം മുന്നോട്ട് വെച്ചു. പാസ്റ്റർ കെ. സി. ജോസഫിന്റെ (മുക്കാഞ്ഞിരം) പേര് ടേണർ തന്നെ നിർദ്ദേശിച്ചു. അതിൻ പ്രകാരം ചർച്ചകൾ മുന്നോട്ട് പോകവെ തിരഞ്ഞെടുക്കപ്പെടുന്ന അസിസ്റ്റന്റ് ഓവർസിയർക്കായിരിക്കും അടുത്ത നേതൃസ്ഥാനത്തേക്ക് മിഷൻ ബോർഡ് പരിഗണിക്ക പ്പെടുന്നത് എന്ന് മിഷനറിയുടെ അഭിപ്രായം വന്നതും, അടുത്ത ടേമിൽ നേതൃസ്ഥാനങ്ങളിൽ നിന്ന് താഴേക്ക് പോകുന്നുവെന്ന ചിന്ത വന്നതോടെ മുന്നോക്ക വിഭാഗങ്ങൾ കൂട്ടത്തോടെ സദസിലേക്കു വരികയും തന്റെ അഭിപ്രായം സദസ്സിനോട് പറയാൻ മിഷനറിയെ സമ്മതിക്കാത്തവണ്ണം ശബ്ദകോലാഹാലം സൃഷ്ടിക്കുകയും ചെയ്തു. തുടർന്ന് ഉച്ചഭക്ഷണത്തിലേക്ക് കടന്ന സമ്മേളനം കുറച്ചു നേരം ശാന്തമായി. മറുവശത്ത് മിഷനറിമാർ അടിയന്തിര കൗൺസിൽ വിളിച്ചു കൂട്ടുകയും കൗൺസിലിന്റെ തീരുമാനം ആരായുകയും ചെയ്തു. കാര്യങ്ങൾ ഈ വിധം മുന്നോട്ടു പോകുന്നതിനാൽ ഉച്ചക്കഴിഞ്ഞു രണ്ടു വിഭാഗങ്ങളും തങ്ങളുടെ ആശയത്തിൽ ഉറച്ചു നിന്നാൽ ദൈവസഭയെ രണ്ടു ഭരണകേന്ദ്രങ്ങളായി മാറ്റികൊണ്ടുള്ള നിർദ്ദേശം മുന്നോട്ടുവെക്കാൻ കൗൺസിൽ മിഷനറിമാരെ ചുമതലപ്പെടുത്തി. രണ്ട് ഭരണകേന്ദ്രങ്ങളായി കേരളഘടകത്തെ മാറ്റികൊണ്ടുള്ള മിഷൻ ബോഡിന്റെ അനുമതി കത്ത് ഉച്ചക്കഴിഞ്ഞത്തെ സമ്മേളനത്തിനു വെയ്ക്കാൻ കൗൺസിൽ തീരുമാനിച്ചതോടെ പ്രശ്നങ്ങൾ

ശാന്തമാകുന്ന സ്ഥിതി സംജാതമായി. ഉച്ചക്കഴിഞ്ഞുള്ള സെക്ഷൻ ആരംഭിക്കുന്നതിനായി നടപടികൾ പുരോഗമിച്ചു. രണ്ടു മണിക്ക് തന്നെ ഇരുകൂട്ടരും തങ്ങളുടെ സ്ഥാനത്തുതന്നെ നിലയുറപ്പിച്ചു. ഉടൻ തന്നെ സ്റ്റേറ്റ് ഓവർസിയറുടെ നിർദ്ദേശമനുസരിച്ച് ബോർഡ് മിഷൻ പ്രതിനിധിയായി കാരി സായ്പ്പ് സ്റ്റേജിലേക്ക് കടന്നു വന്നു സദസിനെ കൂപ്പുകൈകളോടെ അഭിവാദ്യം ചെയ്തു. ആ സമയം സദസിലുണ്ടായിരുന്ന എല്ലാ ദൈവദാസന്മാരും, പ്രതിപുരുഷൻമാരും എഴുന്നേറ്റ് നിന്നു അദ്ദേഹത്തെ സ്വാഗതം ചെയ്തു. പരിഭാഷകനായി വേറൊരു ചെറുപ്പക്കാരൻ സ്റ്റേജിലേക്ക് വന്നു. തന്റെ സ്വതസിദ്ധമായ ശൈലിയിൽ മലയാളത്തിൽ സ്തോത്രം പറഞ്ഞും പിന്നാലെ എഴുതി തയ്യാറാക്കിയ പ്രസംഗം വായിച്ചു. കൂടെയുള്ള ചെറുപ്പക്കാരൻ പരിഭാഷപ്പെടുത്തികൊണ്ടിരുന്നു. ദൈവസഭയുടെ പ്രശ്നപരിഹാ രത്തിന് നിയോഗിച്ച കമ്മീഷന്റെ വിലയിരുത്തലുകൾ പഠിച്ചശേഷം മിഷൻബോഡിന്റെ ഭാഗത്തുനിന്നും കേരളത്തിലെ പ്രത്യേക അവസ്ഥ പരിഗണിച്ചു തയ്യാറാക്കിയ മർമ്മപ്രധാനമായ തീരുമാനം കാരിസായ്പ് പ്രഖ്യാപിച്ചു.

പ്രിയപ്പെട്ട ദൈവജനങ്ങളെ കുറെ നാളുകളായി നിങ്ങളുടെയിലുണ്ടായികൊണ്ടിരിക്കുന്ന അവകാശ വാദങ്ങളുടെയും, തർക്ക സംഗതികളെയും കുറിച്ച് മുഖ്യസ്ഥാനത്ത് നിന്ന് നിങ്ങൾ അയച്ചു തന്നിട്ടുള്ള രേഖകളിൽ നിന്നും എൻക്വയറി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ നന്നായി പഠിക്കുവാൻ എനിക്കു കഴിഞ്ഞു. ദൈവസഭയിൽ ഭൂരിപക്ഷം വരുന്ന നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരുടെ കാലം മുതൽ ദൈവസഭയ്ക്കു വേണ്ടി പ്രവർത്തിച്ചിട്ടുള്ളവരും ദൈവസഭ വിട്ടു പോകുവാൻ മനസ്സിലാതെ വണ്ണം ദൈവസഭയെ അകമഴിഞ്ഞ് സ്നേഹിക്കുന്നവരും ആകുന്നുവെന്ന് എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ ഇരുകൂട്ടരെയും അനുരഞ്ജനപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകാൻ സാധ്യത കുറവാണെന്ന വിവരം മിഷൻ ബോർഡിനെ ധരിപ്പിച്ചതിന്റെ വെളിച്ചത്തിൽ മിഷൻ ബോർഡിൽ നിന്നും പിന്നോക്ക വിഭാഗക്കാർക്ക് ഒരു സപ്പറേഷൻ അനുവദിച്ചു തന്നിരിക്കുന്നതായി മിഷൻ ബോർഡിന് വേണ്ടി നിങ്ങളെ അറിയിച്ചുകൊള്ളുന്നു. നിങ്ങൾക്കൊരു  കൗൺസിലും, ഓഫീസും പ്രവർത്തിക്കുന്നതിന് മിഷൻ ബോർഡിൽ നിന്നും നൽകികൊണ്ടിരിക്കുന്ന സഹായധനത്തിന്റെ ഒരു നല്ല അംശം നിങ്ങൾക്കു ലഭിച്ചു കൊണ്ടിരിക്കും. പുതിയ ഓഫീസ് കെട്ടിടം ഉണ്ടാക്കുന്നതുവരെ

സൗകര്യപ്രദമായ സ്ഥലത്ത് ഓഫീസ് പ്രവർത്തനം തുടങ്ങാവുന്നതാണ് വാടകയിനത്തിൽ ഒരു ഭാഗം കേന്ദ്രം നൽകി കൊണ്ടിരിക്കും. മെജൊരിറ്റി അടിസ്ഥാനത്തിൽ സഭകളെ വേർതിരിച്ചെടുക്കാവുന്നതാണ്. ഏതെങ്കിലും സഭയിലെ മൈനോരിട്ടിക്ക് അവിടെ ആരാധനയും അംഗത്വവും തുടരാവുന്നതുമാണ്. എന്നാൽ സഭാ ഭരണതലത്തിൽ മൈനോരിട്ടിക്ക് അവകാശമുണ്ടായിരിക്കുകയില്ല. അടുത്ത ജനറൽ കൺവൻഷനിൽ വെച്ച് വേലക്കാരുടെ സ്ഥലമാറ്റം സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുന്നതായിരിക്കും. എല്ലാ കാര്യങ്ങളും സൂപ്രണ്ടന്റിന്റെ ആഫിസ് മുഖാന്തിരം ബന്ധപ്പെടാവുന്നതാണ് എന്നാൽ ഓവർസിയർ നിയമനം ബോർഡ് നേരിട്ട് അറിയിക്കുന്നതായിരിക്കും. അടുത്ത കൺവൻഷനോടനുബന്ധിച്ച് നിങ്ങളുടെ കൗൺസിൽ തിരഞ്ഞെടുപ്പും വേലക്കാരുടെ സ്ഥലമാറ്റവും ഞാൻ തന്നെ തയ്യാറാക്കുന്ന മീറ്റിംഗിൽ വച്ചു നടത്തപ്പെടുന്നതായിരിക്കും. ഭരണഘടന വിധേയമല്ലാതെ യാതൊരു കത്തിടപാടുകളും അനുവദിക്കപ്പെടുന്നതല്ല, നിങ്ങളുടെ സപ്പ്റേഷൻ ഗ്രൂപ്പിന്, ഇന്ത്യ പൂർണ്ണ സുവിശേഷ ദൈവസഭ കേരള ഡിവിഷൻ എന്ന ഔദ്യോഗിക നാമത്തിലായിരിക്കും അറിയപ്പെടുക. ഇന്നത്തെ സാഹചര്യത്തിൽ നിന്ന് മാറ്റങ്ങൾ സംഭവിച്ച് നിങ്ങൾ ഒന്നിച്ചു പോകാൻ താല്പര്യപ്പെട്ടാൽ ജനറൽ ബോഡി കൂടി തീരുമാനമെടുത്ത് ബോർഡിനെ അറിയിക്കുവാൻ അത് മിഷൻ ബോർഡിന് സന്തോഷമായിരിക്കും. സമാധാനത്തിലും സഹവർത്തിത്വത്തിലും മുന്നോട്ടു പോകുവാൻ സകലവും നന്മക്കായി ഭവിക്കട്ടെ. ദൈവം ധാരളമായി അനുഗ്രഹിക്കുമാറാകട്ടെ ഹല്ലേല്ലൂയ എന്ന ശബ്ദത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് തന്റെ പ്രസംഗത്തിന് വിരാമം കുറിച്ചുകൊണ്ട് തന്റെ സീറ്റിലേക്ക് നടന്നു ചെറിയ മൗനം തളംകെട്ടി നിന്ന ആസമ്മേളന ഹാളിൽ ആരും പരസ്പരം മിണ്ടാതിരുന്നു. ഉടനെ റ്റി. വർഗ്ഗീസ് എഴുന്നേൽക്കുകയും അദ്ധ്യക്ഷന്റെ അനുവാദത്തോടെ പ്രാർത്ഥിച്ചു യോഗം പിരിച്ചുവിട്ടു. സംഘർഷഭരിതമായ മുളക്കുഴ സീയോൻ കുന്ന് വളരെ പെട്ടെന്ന് തന്നെ ശാന്തമായി. അവസാന മണിക്കൂറിലെ മിഷൻബോർഡിന്റെ തീരുമാനമറിഞ്ഞവരുടെ കണ്ണുകൾ നിറഞ്ഞ്, ഇനിയുമൊരു പ്രശ്നങ്ങൾക്ക് വഴിയുണ്ടാകേണ്ട എന്നു കരുതി ഇതോടെ പ്രശ്നങ്ങൾ അവസാനിക്കുമെങ്കിൽ അങ്ങനെയാവട്ടെ എന്നു കരുതിയാവാം മിഷനറിയുടെ തീരുമാനത്തിന് പിന്നോക്ക വിഭാഗങ്ങൾ എതിർപ്പ് പറഞ്ഞില്ല. അനേകർ എന്നാൽ പ്രായമുള്ളവരും പാരമ്പര്യ വിശ്വാസികളുമാക്കുന്ന ചില വിശ്വാസികൾ പുതിയ തീരുമാനത്തിൽ ദുഃഖിതരായിരുന്നു കുക്ക് സായ്പ്പുമൊത്തു

പ്രവർത്തിച്ചു വലുതാക്കിയ ഈ പ്രസ്ഥാനം തങ്ങളുടെ അവകാശ ഭൂമിയെന്ന് കരുതി സായ്പ്പിനൊപ്പം അടിസ്ഥാനമിട്ട മണിമന്ദിരങ്ങൾ ഇതൊക്കെ വിട്ടു ഇവിടെ നിന്നു മടങ്ങേണ്ടി വരുമല്ലോ എന്ന ചിന്ത പലരെയും വേദനപ്പെടുത്തി വൈകുന്നേരത്തോടെ ഏവരും മുള ക്കുഴ വിട്ടിറങ്ങി ഏകദേശം ഏകദേശം നാല് വർഷത്തോളം പിന്നോക്ക വിഭാഗങ്ങൾ ഭരണത്തിൽ തുല്യപങ്കാളിത്തം വേണമെന്ന അവകാശ വാദത്തിന് പരിസമാപ്തിയായി.

## പിൻവലിഞ്ഞു നിന്ന പിന്നോക്കവിഭാഗത്തിൽപ്പെട്ട പാസ്റ്റർമാരുടെ ക്ഷമാപണം

നവംബർ 17 മുളക്കുഴയിലെ മീറ്റിംഗിൽ സായിപ്പിന്റെ പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ ഇരുകൂട്ടരും ധാരണയിലെ ത്തിയതോടെ നേതൃത്വത്തോട് കൂറ് പുലർത്തുന്ന പാസ്റ്റർമാർ വിഷമത്തിലായി. ഇവർ കാരണകാര്യം സഹിതം ആക്ഷൻ കൗൺസിലിന് താങ്ങളുടെ അവസ്ഥ കാണിച്ചുകൊണ്ട് കത്ത് എഴുതി. ആ കത്തിൽ എഴുതിയിരിക്കുന്നതിൽ പ്രകാരം ദൈവസഭയുടെ ഔദ്യോഗിക പദവിയായി ഡിസ്ട്രിക്ട് പാസ്റ്റർമാരായ ഞങ്ങൾക്ക് നേതൃത്വത്തിനെതിരെ പരസ്യമായി രംഗത്തിറങ്ങിയാലുള്ള ബുദ്ധിമുട്ടും സാമ്പത്തികമായി പിന്നിൽ നിൽക്കുന്ന ഞങ്ങൾക്ക് ദൈനം ദിനകാര്യങ്ങൾ ഓരോ ദിവസവും നടത്തിക്കൊണ്ടുപോകുവാനുള്ള ചിലവും അവർക്കെതിരെ തിരിഞ്ഞാൽ ഇല്ലാതാകും. പാസ്റ്റർ ക.ജെ. മർക്കോസിന്റെ മുടക്ക് ഇതിനുദാഹരണമത്രേ. ആക്ഷൻ കൗൺസിൽ നടത്തിയ സമരങ്ങൾക്ക് വരാതിരുന്നതിന്റെ കാരണവുമിതു തന്നെ. എന്നാൽ മനസ്സുകൊണ്ട് പിന്നോക്ക വിഭാഗത്തിന്റെ കൂടെ ഞങ്ങളുണ്ടായിരുന്നു. ആയതിനാൽ തുടർന്നുള്ള പ്രവർത്തനങ്ങളിൽ ഞങ്ങളെയും ഉൾപ്പെടുത്തണമന്ന് വിഘടിച്ചു നിന്ന ചില പാസ്റ്റർമാരുടെ അഭ്യർത്ഥന മാനിച്ച് അവരുമായി വിശ്വാസികളെല്ലാവരും ചേർന്ന് പ്രവർത്തിക്കണമെന്ന് 27/1/1971-ൽ ആക്ഷൻ കൗൺസിൽ സെക്രട്ടറി വെള്ളൂർ കെ. ജെ. പുറപ്പെടുവിച്ച സർക്കുലർ ചുവടെ ചേർക്കുന്നു. അങ്ങനെ പിന്നോക്ക വിഭാഗത്തിലെ ഇരുകൂട്ടരും ഒരുമിച്ചു നിൽക്കുവാൻ പരസ്പരം ധാരണയായി.

## സഭകളുടെ വേർതിരിക്കൽ

സായ്പ്പിന്റെ പ്രഖ്യാപനം വന്നതോടെ ഇരു വിഭാഗവും സഭകൾ പിടിച്ചെടുക്കുവാനുള്ള നടപടികൾ ആരംഭിച്ചു. കേരള ഡിവിഷന് എത്ര സഭകളുണ്ടെന്ന് എഴുതി അയയ്ക്കണമെന്ന് ടേണർ പാസ്റ്റർ കെ.സി. ജോസഫിനോട് (മുക്കാഞ്ഞിരം) ആവശ്യപ്പെട്ടു. ഭൂരിപക്ഷാടിസ്ഥാനത്തിൽ സഭകൾ പിടിച്ചെടുക്കാമെന്നിരിക്കെ ഇരുകൂട്ടരും താങ്ങളുടെ വ്യക്തമായ ഭൂരിപക്ഷമുള്ള സഭകൾ പിടിച്ചെടുത്തു. തിരുവല്ലയിലെ സ്ഥിതിചെയ്യുന്ന പ്രധാന സഭ പിടിച്ചെടുക്കുവാൻ ഇരുകൂട്ടരും അക്ഷീണം പ്രവർത്തന നടത്തിയത് ബഹളത്തിനിടയാക്കി. അവിടെ 26 കുടുംബങ്ങളുള്ള മുന്നോക്ക വിഭാഗവും 25 കുടുംബങ്ങളുള്ള പിന്നോക്ക വിഭാഗങ്ങളും സഭ പിടിച്ചടക്കുവാനുള്ള ശ്രമങ്ങൾ നടത്തിയത് സംഘർഷത്തിനിടയാക്കി. പിന്നീട് സഭ മജോരിറ്റിയുടെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റിലേക്ക് ചേർക്കപ്പെട്ടു. കേരളത്തിൽ വിവിധ ഭാഗങ്ങളിൽ നടന്ന സഭയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് 1972 ജനുവരി പകുതിയോടെ തീരുമാനമായി. 65 സഭകൾ കേരളാ വിഷനിലേക്കും 40 സഭകൾ സ്റ്റേറ്റിലേക്കും ചേർക്കപ്പെട്ടു. ദൈവസഭ ഡിവിഷനു കിട്ടിയ സഭകളെല്ലാം തന്നെ സെമിത്തേരിയും പാഴ്സ്നേജുമടക്കമുള്ള ഹോളുകളായിരുന്നു. സഭാ വിഭജനത്തിൽ ഭൂരിപക്ഷം നഷ്ടപ്പെട്ട മൈനോരിറ്റി വിഭാഗക്കാർ സ്വന്തമായി സഭ ആരംഭിച്ചു. തങ്ങൾക്ക് യോജിക്കാവുന്ന ഡിവിഷന്റെയോ, സ്റ്റേറ്റിന്റെയോ ഭാഗവാക്കായി നിലകൊണ്ടു സഭകളുടെ തരംതിരിക്കലിൽ മിഷൻബോർഡ് യാതൊരു കൈകടത്തലും നടത്തിയിരുന്നില്ല. ആക്ഷൻ കൗൺസിലിന്റെ സ്വാധീനത്തിലുള്ള എല്ലാ സഭകളും ഡിവിഷന്റെ ഭാഗവാക്കായി ത്തീർന്നു. അമരാവതിയടക്കമുള്ള ഹൈറേഞ്ച് മേഖലകളിലെ സഭകൾ ഒന്നടങ്കം ഡിവിഷന്റെ ഭാഗവാക്കായി. കോട്ടയം മേഖലയിലെ പിന്നോക്ക വിഭാഗങ്ങളിലെ ശക്തി കേന്ദ്രമായ കൂരോപ്പട, പാമ്പാടി, പാറടി അടക്കമുള്ള സഭകൾ വ്യക്തമായ ഭൂരപക്ഷാടിസ്ഥാനത്തിൽ ഡിവിഷനോട് ചേർന്നു. പള്ളം സഭയുടെ നേതൃത്വത്തിൽ കുമരകം, കൊല്ലാട്, തിരുവള്ളൂർ തുടങ്ങിയ ആൾക്കൂട്ടമുള്ള സഭകൾ ദൈവസഭ ഡിവിഷനോട് ചേർന്നതോടെ ഏറെക്കുറെ ഡിവിഷന്റെ സഭകളുടെ പട്ടികയായി. ചേലക്കരയും, മന്നാകണ്ഡവും, അടൂരും ഡിവിഷന്റെ സ്വാധീനം വളർക്കി വരുന്ന ചെറുസഭകളായി കണക്കാക്കപ്പെട്ടു. കേരള ഡിവിഷനും, കേരള സ്റ്റേറ്റും താങ്ങളുടെ ഭൂരിപക്ഷാടിസ്ഥാനത്തിലുള്ള സഭകളുടെ ലിസ്റ്റ് കേന്ദ്ര നേതൃത്വം മിഷൻ ബോർഡിന് സമർപ്പിച്ചതോടെ വേൾഡ് മിഷന്റെ അംഗീകാരത്തോടെ ഏഷ്യൻ

സൂപ്രണ്ട് അടുത്ത നടപടികളിലേക്ക് തിരിഞ്ഞു. ജനുവരി അവസാനത്തെ ആഴ്ചയോടെ സംഘടനാപരമായ കാര്യങ്ങളിൽ വ്യക്തത വന്നതോടെ ദൈവസഭയുടെ അവസാനത്തെ സംയുക്ത കൺവെൻഷനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ഓവർസീയർ ഉണ്ടായിരുന്നെങ്കിലും സംഘടനാപരമായി കാര്യങ്ങൾ ചെയ്തു തീർക്കേണ്ട ഉത്തരവാദിത്വമുള്ളതിനാൽ ഏഷ്യൻ സൂപ്രണ്ട് തന്നെയായിരുന്നു എല്ലാ കാര്യങ്ങളുടെയും ചുമതല വഹിച്ചിരുന്നത്.

## ജനറൽ കൺവെൻഷനും വേർപിരിയലും

1971 നവംബർ 17-ാം തീയതിയാണ് കേരളാ ഡിവിഷൻ പ്രഖ്യാപിക്കപ്പെട്ടെങ്കിലും ഔദ്യോഗികകമായി പ്രഖാപിക്കപ്പെടുന്നത് ഫെബ്രുവരി 25 നാണ്. 1972-ൽ ജനറൽ കൺവെൻഷനുകളിൽ കേരളാ സ്റ്റേറ്റിലേക്കും, ഡിവിഷനിലേക്കുമുള്ള കൗൺസിൽ തിരഞ്ഞെടുപ്പ് നടക്കുകയും സ്ഥലമാറ്റം പ്രഖ്യാപിക്കുകയും ചെയ്തു. സ്റ്റേറ്റിലേക്കും ഡിവിഷനിലേക്കുമുള്ള പരസ്പര ട്രാൻസ്ഫർ നൽകിയ ശേഷമേ റിക്കാർഡുകൾ തുടങ്ങുവാൻ അനുവാദം നൽകുകയുള്ളൂ. എല്ലാ കത്തിടപാടുകളും മറ്റും മുളക്കുഴ വഴിയേ നടത്താൻ പാടുള്ളൂ എന്ന റൂൾ ഇറക്കിയെങ്കിലും പ്രതിഷേധം കാരണം നടന്നില്ല. ടേണർ സായ്പിന്റെ സാന്നിധ്യത്തിൽ മുളക്കുഴയിൽ വച്ചു നടന്ന കൗൺസിൽ തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പാസ്റ്റർ കെ. ജെ. ജോസഫ് വെള്ളൂർ
എം. പി. മത്തായി കൂരോപ്പട
എൻ.ജെ. ആൻഡ്രൂസ് ചെമ്പുതുരുത്ത്
എൻ. സി. ജോസഫ് തിരുവഞ്ചൂർ
പി.പി. മത്തായി കല്ലൂപ്പാറ
പി. എം. പത്രസ് കുന്നന്താനം
പി.ജെ. ജോസഫ് ചെമ്പുതുരുത്ത്

## ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നു

ദൈവസഭയ്ക്ക് പുതിയൊരു ഓഫീസ് പ്രവർത്തന മാരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് വേണ്ടി എം.പി. മത്തായിയെ ചുമതലപ്പെടുത്തിയതനുസരിച്ച് കോട്ടയം പാമ്പാടി ടൗണിൽ വൈദ്യൻപറമ്പിൽ മർക്കോസ് എന്ന വ്യക്തിയുടെ ഇരുനില കെട്ടിടം 150 രൂപയ്ക്ക് വാടകയ്ക്ക് എടുത്തുക്കൊണ്ട് ഓഫീസ് പ്രവർത്തനമാരംഭിച്ചു. സെക്രട്ടറിയായി വൈ. ജോസഫിനെ നിയമിക്കുകയും ചെയ്തു.

## പാസ്റ്റർ കെ.ജെ. ചാക്കോ പ്രഥമ ഓവർസീയറാകുന്നു

ദൈവസഭയുടെ ജനറൽ കൺവൻഷനിൽ കൗൺസിൽ മെമ്പർമാരുടെ തിരഞ്ഞെടുപ്പുണ്ടായെങ്കിലും ഓവർസീയർ തസ്തികയിലേക്ക് ആരെയും തന്നെ പരിഗണിക്കപ്പെട്ടിരുന്നില്ല. എന്നാൽ മിഷനറിമാർ ചില ചർച്ചകളും കൂടിയാലോചനകളും നടത്തിയിരുന്നു. അതിൻപ്രകാരംവെള്ളൂർ കെ.ജെ.യും, എം. സ്റ്റീഫനെയും നേതൃസംസ്ഥാനത്തേയ്ക്ക് പരിഗണിക്കപ്പെട്ടിരുന്നു. വെള്ളൂരിനെപ്പോലെ ശക്തനായ നേതാവിനെ തന്നെ പരിഗണി ക്കണമെന്ന പൊതുവികാരം ഉയർന്നു വന്നിരുന്നു എന്നാൽ നിഷ്പക്ഷനായ ഒരാളുടെ നേതൃത്വം ദൈവസഭയുടെ സുഗമമായ പ്രവർത്തനത്തിന് വഴിതെളിയ്ക്കുമെന്ന് ചൂണ്ടിക്കാണിച്ച് കേരളത്തിലെ ചില നേതാക്കൾ മിഷൻ ബോർഡിന് കത്തെഴുതി ഇതെല്ലാം പരിഗണിച്ച് തെലുങ്കാനയിൽ ദൈവസഭയുടെ പ്രവർത്തനത്തിൽ വ്യാപൃതനായ കെ. ജെ. ചാക്കോ അവർകളെ പ്രഥമ ഓവർസീയറായി നിയമിച്ചുകൊണ്ടുള്ള കത്ത് പാമ്പാടി ഓഫീസിൽ വരികയുണ്ടായി. മിഷൻ ബോർഡിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ വിളിച്ചുചേർക്കുകയും തെലുങ്കാനയിൽ നിന്ന് തന്റെ ജന്മദേശമായ മുളക്കുഴിയിൽ എത്തിയ പാസ്റ്റർ റവ. കെ. ജെ. ചാക്കോയെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനിച്ചതിൽ പ്രകാരം നിശ്ചയിക്കപ്പെട്ട ദിവസം പാസ്റ്റർ എം. പി. മത്തായി കുറ്റപ്പുഴയിലെത്തി റവ: കെ. ജെ. ചാക്കോയെ കൂട്ടിക്കൊണ്ടു വരികയും പാമ്പാടി ഓഫീസിൽ വച്ച് സ്വീകരണം നൽകുകയും ചെയ്തു. അന്നു രാത്രി വട്ടമലഹാളിൽ നടന്ന പൊതുസമ്മേളനത്തിൽ ദൈവസഭയുടെ

വിവിധ ഭാഗങ്ങളിൽ നിന്നുള്ള ജനപ്രതിനിധികളും, ദൈവദാസന്മാരും വിശ്വാസികളും അവിടെ എത്തിച്ചേർന്നിരുന്നു. സ്റ്റേറ്റിന്റെ പ്രതിനിധി കളായി റ്റി. എം. വർഗീസ് അടക്കമുള്ള പാസ്റ്റേഴ്സും ആശംസ അറിയി ക്കുവാനായി എത്തിയിരുന്നു. പാസ്റ്റർമാരുൾപ്പെടെ 8 പേർ അനുമോദന സന്ദശങ്ങൾ അറിയിക്കുകയും നിയുക്ത ഓവർസീയർ റവ. കെ.ജെ. ചാക്കോ മറുപടി പ്രസംഗം നടത്തി സമ്മേളനം പര്യവസാനം കുറിക്കുകയും ചെയ്തു.

## പാസ്റ്റർ കെ. ജെ. മർക്കോസ് (കുന്നംചിറ)

# ദൈവസഭയുടെ അഗ്രഗാമികൾ

1897 കോട്ടയം ജില്ലയിൽ പാമ്പാടിക്കരയിൽ ജനിച്ച പാ. കെ.ജെ. മർക്കാസിന്റെ മാതാപിതാക്കൾ ബ്രദറൺ വിശ്വാസത്തിലുള്ളവരായിരുന്നു. എന്നാൽ കുക്ക് സായ്പിന്റെ കാൽവെയ്പ്പോടെ കേരളക്കരയാകെ പെന്തക്കൊസ്തിന്റെ കാറ്റ് ആഞ്ഞടിച്ചപ്പോൾ1926-ൽ താൻ രക്ഷിക്കപ്പെടുകയും പെന്തക്കൊസ്ത് വിശ്വാസത്തിൽ അടിയുറച്ച് വിശ്വസിക്കുകയും ചെയ്തു. 1928 പാമ്പാടിയിൽ കുക്ക് സായ്പിന്റെ കൺവൻഷനിൽ പങ്കെടുക്കുകും സുവിശേഷ വേലയ്ക്കായി സമർപ്പിക്കുകയും ചെയ്തു. മുള ക്കുഴയിലെ ബൈ ബിൾ കോ ളേജിൽ പഠിച്ച് പൂർണ്ണ സുവിശേഷ വേലയ്ക്കായി ഇറങ്ങിത്തിരിച്ചു. പിന്നീട് ദൈവസഭയിൽ സുവിശേഷകനായി. സെന്റർ പാസ്റ്റർ ഓർഡിനേഷൻ സഭാശുശ്രൂഷകൻ എന്നീ നിലകളിൽ പ്രവർത്തിക്കുകയും ചെയ്തു. കുക്ക് സായ്പുമായി നല്ല ബന്ധമുണ്ടായിരുന്ന താൻ കോട്ടയത്തിന്റെ വിവിധ ഭാഗങ്ങളിൽ സായ്പ്പുമൊന്നിച്ച് അനവധി യോഗങ്ങൾ സംഘടി പ്പിച്ചിട്ടുണ്ട്. 1968-ലെ പിന്നോക്ക വിഭാഗങ്ങളുടെ വിമോചനസമരത്തിലെ മുന്നണി പോരാളിയായ താൻ ആക്ഷൻ കൗൺസിൽ പ്രസിഡന്റ് കൂടിയായിരുന്നു. ഇദ്ദേഹത്തെ മുടക്കി ക്കൊണ്ടുള്ള കേന്ദ്രനേതൃത്വത്തിന്റെ തീരുമാനം വൻ വിമർശ നങ്ങൾക്കിടയാക്കി. എന്നാൽ ഈ പ്രശ്നത്തിൽ മിഷൻബോർഡ് നേരിട്ട് ഇടപെട്ട് മുടക്ക് മരവിപ്പിക്കുകയുണ്ടായി.



മക്കൾ : കെ.എം. ജോൺ, കെ.എം. എബ്രഹാം.

# വെള്ളൂർ കെ.ജെ.
# എന്ന ഗർജ്ജിക്കുന്ന സിംഹം

1920-ൽ കോട്ടക്കുന്നേൽ ഔസേപ്പ് മറിയം ദമ്പതികളുടെ മകനായി ജനിച്ച കെ.ജെ. ജോസഫ് (വെള്ളൂർ കെ.ജെ.) 1948 ൽ മാനസാന്തരപ്പെട്ട് ദൈവത്തെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. സി.പി. എം. വിശ്വാസിയായ



താൻ 1954-ൽ കീഴൂർ ദൈവസഭകളുടെ അംഗത്വമെടുക്കുകയും 1957-ൽ മുളക്കുഴ ബൈബിൾ കോളേ ജിൽ ചേർന്ന് പഠി ക്കുകയും ചെയ്തു. തന്റെ പഠന നാളുകളിൽ തന്റെ അതേപേരുള്ള വേറൊരു വിദ്യാർത്ഥി ഉള്ളതിനാൽ വെള്ളൂർ കെ.ജെ. എന്ന വിളിപ്പേരിൽ അറിയപ്പെടുവാൻ തുടങ്ങി. 1958-ൽ മേരിക്കുട്ടി ജോസഫിനെ ജീവിത സഖിയാക്കി ആ വർഷം തന്നെ ദൈവസഭയുടെ ഔദ്യോഗിക ശുശ്രൂഷകനായി ദൈവ വേലയിൽ പ്രവേശിച്ചു. 1967-68 കാലങ്ങളിൽ ദൈവസഭയിൽ പിന്നോക്ക വിഭാഗങ്ങൾ നേരി ടുന്ന വെല്ലുവിളികൾ മനസ്സിലാക്കി സ്വയം നേതൃനിരയിലേക്ക് മുന്നോട്ടു വരികയും അവരുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും ചെയ്തു. ദൈവ സഭയുടെ പോരാട്ടങ്ങൾക്ക് തന്റെ ഒറ്റയാൻ പ്രവർത്തനങ്ങൾ പുതിയ തലമുറകൾക്ക് മറക്കാതിരിക്കാൻ കഴിയുകയില്ല. പിന്നോക്ക വിഭാഗങ്ങളുടെ ആവശ്യങ്ങൾ അനുഭാവ പൂർവ്വം പരിഗണിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് വില്ല്യം പോസഫിസിൽ സായ്പിന് അയച്ച

കത്തുകളും, സായ്പ്പ് തിരിച്ചയച്ച മറുപടി കത്തുകളും ഇന്നും തന്റെ ഭവനത്തിൽ നിധി പോലെ സൂക്ഷിച്ചിട്ടുണ്ട്. നേതൃത്വത്തിനെതിരെ നടത്തിയ രാഷ്ട്രീയ ശൈലിയിലുള്ള തന്റെ പ്രവർത്തനങ്ങൾ തന്നെ നേതാക്കന്മാരുടെ കണ്ണിലെ കരടാക്കി മാറ്റി. താൻ എഴുതി തയ്യാറാക്കിയ 7 വിധ ആവശ്യങ്ങളടങ്ങിയ മെമ്മോറാണ്ടത്തിന്റെ കോപ്പികളും, അതിന് പിന്തുണ അറിയിച്ചുകൊണ്ട് 33ൽപരം സഭകൾ ഒപ്പിട്ട് അയച്ച ചരിത്ര രേഖകളും തന്റെ ഭവനത്തിൽ ഇന്നും കേടുകൂടാതെ ഇരിപ്പുണ്ട്. ദൈവസഭയുടെ പിന്നോക്ക വിഭാഗങ്ങളുടെ പോരാട്ടങ്ങൾ എല്ലാം തന്നെ വെള്ളൂർ കെ.ജെ. എന്ന വ്യക്തിയിൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളായിരുന്നു. ദൈവസഭയുടെ വിഭജനത്തിന് എതിരായിരുന്ന താൻ സവർണ്ണനൊപ്പം ഇരുന്നുകൊണ്ട് തന്റെ ജനം മുളക്കുഴയിൽ ഇരുന്ന് ഭരിക്കുന്നത് കാണാൻ ആഗ്രഹിച്ച ഒരാളായിരുന്നു കെ. ജെ. ജോസഫ്. മുളക്കുഴ എന്ന് സ്വപ്നഭൂമിയിൽ നിന്ന് സംയമന ത്തിന്റെ പേരിൽ ഇറങ്ങേണ്ടി വന്നത് തന്നെ ഏറെ ദുഃഖിപ്പിച്ചിരുന്നു. അമരാവതി ചർച്ചിൽ വച്ചു നടന്ന സമ്മേളനത്തിൽ പിന്നോക്ക വിഭാഗ ങ്ങളുടെ വിമോചന സമരത്തിന് വേണ്ടി രൂപീകരിച്ച ആക്ഷൻ കൗൺ സിൽ സെക്രട്ടറിയായിരുന്ന താൻ പോരാട്ടങ്ങളുടെ എല്ലാ മേഖലയിലും ആദിയോടന്ത്യം തന്റെ സാന്നിധ്യമുണ്ടായിരുന്നു. വെള്ളൂർ കെ. ജെ. എന്ന ഗർജ്ജിക്കുന്ന സിംഹ ത്തെ അറിയാത്തവർ ചുരുക്കമായിരുന്നു. എന്തും വെട്ടിത്തുറന്നു പറയുന്ന പ്രകൃതം. ആരുടെ വീഴ്ചകളും മുഖത്ത് നോക്കി തന്റേട ത്തോടെ പറയുന്ന വെള്ളൂർ ദൈവസഭയുടെ ഒരു അവിഭാജ്യഘടക മായിരുന്നു. തന്റെ അന്ത്യ നാളുകളിൽ പോലും ദൈവസഭയെ ക്കുറിച്ച് വാചാലനാകുമായി രുന്നു. അത്രയും അക മഴിഞ്ഞ് ഈ പ്രസ്ഥാന ത്തെ താൻ സ്നേഹി ച്ചിരുന്നു. ഈ പുസ്തക ത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പല ചരിത്രസംഭവങ്ങളും തന്റെ വിലപ്പെട്ട ശേഖരങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ളവയാണ്. വ്യക്തി ജീവിതത്തിൽ കറപുരളാത്ത വെള്ളൂർ കെ.ജെ ദൈവസഭയുടെ ഒരു ചരിത്ര പുരുഷനാണ്.

മക്കൾ. ജോൺ ജോസഫ്, ദാസ് ജോസഫ്, സൈമൺ ജോസഫ്, ജോർജ്ജ് ജോസഫ്.

# എം. പി. മത്തായി

1928-ൽ കൂരോപ്പടയിൽ മലയിടത്ത് ശ്രീ. സി. പത്രോസിന്റെയും അന്നമ്മയുടെയും എട്ട് മക്കളിൽ ആദ്യജാതനായി റവ. എം.പി. മത്തായി ജനിച്ചു. പെന്തക്കൊസ്തിന്റെ പ്രവർത്തനവുമായി കുക്ക് സായ്പ് കേരളത്തിൽ വരികയും കൂരോപ്പട കേന്ദ്രമാക്കി നടന്ന യോഗത്തിൽ തന്റെ പിതാവ് എം.സി. പത്രോസ് കർത്താവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. കുക്കിന്റെ പ്രവർത്തനഫലമായി ഈ പ്രദേശത്തുനിന്നും പെന്തക്കൊസ്ത് വിശ്വാസം സ്വീകരിച്ച ആദ്യകുടുംബങ്ങളിൽ ഒന്നായിരു ന്നു മലയിടത്ത് എം. സി. പത്രോസിന്റെ കുടുംബം. ഏറെ താമസിയാതെ ദൈവസഭയിൽ അംഗമായ താൻ പിതാവിന്റെ അതേപാത പിന്തുടർന്നു. തന്റെ പ്രഥമിക വിദ്യാഭ്യാസത്തിനുശേഷം മുളക്കുഴ സീയോൻ ബൈബിൾ കോളേജിൽ ചേർന്നു പഠിക്കുകയും തുടർന്ന് സുവിശേഷവേലയ്ക്ക് ഇറങ്ങുകയും ചെയ്തു. 1949-ൽ കണിച്ചുകുളം മാന്നില വീട്ടിൽ സാറാമ്മയെ ജീവിതസഖിയാക്കി. 1953-ൽ ദൈവസഭയുടെ അംഗീകൃത ശുശ്രൂഷകനായി. കോത്തലയ്ക്കടുത്തുള്ള എസ്.എൻപുരം എന്ന സ്ഥലത്ത് നടത്തപ്പെട്ട യോഗത്തിൽ റവ. എം.പി. മത്തായി അധ്യക്ഷതവഹിച്ചു എന്ന കാരണത്താൽ മേലധികാരികൾ തന്നെ വിളിച്ചുവരുത്തുകയും സവർണനായ ഒരു ശ്രേഷ്ഠദാസൻ സംബന്ധിച്ച യോഗത്തിൽ അദ്ദേഹത്തെ ഏൽപിക്കാതെ താൻ തന്നെ അത് ഏറ്റെടുത്ത് നടത്തിയത് ശരിയായ നടപടി അല്ലെന്ന് മേലധികാരികൾ പറഞ്ഞത് തന്നെ ഏറെ വേദനിപ്പിച്ചു. ദൈവസഭയിലെ ഉച്ചനീചത്വങ്ങൾക്കെതിരെ പോരാടുവാൻ താൻ തീരുമാനമെടുത്തു. ദൈവസഭയിലെ ആക്ഷൻ കൗൺസിൽ ട്രഷററായിരുന്ന താൻ നടത്തിയ പോരാട്ടങ്ങൾ



ദൈവസഭയുടെ ചരിത്രത്താളുകളിൽ എഴുതപ്പെടേണ്ടവയാണ്. എം. പി. മത്തായി, വെള്ളൂർ കെ.ജെ.യും നടത്തിയ കത്തിടപാടുകളിൽ ദൈവസഭയുടെ വിഭജന ചരിത്രത്തെ പ്രതിപാദിക്കുന്ന പല സംഭവങ്ങളും അതിലുണ്ട്. തന്റെ മകനായ ബേബി മാത്യു ഫിലാഡൽഫിയ ദൈവസഭ എന്ന വലിയ പ്രസ്ഥാനത്തിന്റെ പ്രസിഡന്റാണ്.

# റ്റി.കെ.യുടെ ഡയറിക്കുറിപ്പുകൾ

തെക്കേതിൽ കുരുവിള റാഹേൽ ദമ്പതികളുടെ അഞ്ചുമക്കളിൽ



ആദ്യജാതനായി പിറന്ന റ്റി. കെ എബ്രഹാം ആ കാലയളവിലെ ദൈവസഭയുടെ സജീവ പ്രവർത്തകനാ യിരുന്നു. ഏലപ്പാറ എസ്റ്റേറ്റിൽ സൂപ്പർവൈസർ ജോലിയിൽ ഏർപ്പെട്ടു കൊണ്ടിരിക്കെ പീരുമേട് സഭയുടെ സഭാ സെക്രട്ടറിയും, ഹൈറേഞ്ച് മേഖലകളിലെ സെന്റർ സെക്രട്ടറിയു മായിരുന്നു. പിന്നാക്ക വിഭാഗങ്ങളുടെ പ്രക്ഷോഭങ്ങൾ കത്തിപ്പടരുന്ന കാലത്താണ് താൻ ഇതിന്റെ നേതൃത്വത്തി ലേക്ക് കടന്നുവരുന്നത്. 1971-ൽ അമരാ വതിയിൽ നടന്ന ചരിത്ര പ്രാധാന്യ മുള്ള മീറ്റിംഗിൽ ആക്ഷൻ കൗൺസിൽ കമ്മററി മെമ്പറായി തെരഞ്ഞെടുക്കു കയുണ്ടായി. ട്രേഡ് യൂണിയൻ നേതാവും ബി. സി. സി. എഫ്. ദളിത് പുരോഗമന പ്രസ്ഥാനത്തിന്റെ ഒരു  സമുന്നത പ്രവർത്തകനുമായിരുന്നു റ്റി. കെ. എബ്രഹാം. ഈ ബന്ധങ്ങളെല്ലാം തന്നെ പിന്നോക്ക വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾക്ക് ശക്തി പങ്കിടുവാൻ ഉപയോഗിച്ചിട്ടുണ്ട്. നല്ല ഒരു എഴുത്തുകാരനും തത്വചിന്തകനുമായ തന്റെ ഡയറിക്കുറിപ്പുകളാണ് ദൈവസഭാവിഭജനചരിത്രത്തിലെ ശക്തമായ തെളിവ്.  ഈ പുസ്തകത്തിലെ ഓരോ വരികളും തന്റെ ആശയങ്ങൾ പ്രതിഫലിക്കപ്പെടുന്നവയാണ്.  വിഭജനചരിത്രത്തിലെ ഓരോ സംഭവങ്ങളും വളരെ വ്യക്തമായി സംഭാഷണം സഹിതം എഴുതിച്ചേർത്തിരിക്കുന്നത് ഈ ഡയറിക്കുറിപ്പിലെ ഒരു സവിശേഷതയാണ്. വിഭജനത്തിനുശേഷം ദൈവസഭയുടെ ഏതാനും ചിലസഭകളിൽ സഭാശുശ്രൂഷകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മലയിൽ പുതുവേൽ, ഇറുമ്പയം, വാക്കാട്, കൊള്ളിക്കൽ തുടങ്ങിയ സഭകളിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. മക്കൾ : സാറാമ്മ റ്റി. എ തമ്പി. തന്റെ മകൻ റ്റി. എ. തമ്പി മണർകാട് സഭാമെമ്പറും ദൈവസഭയുടെ സജീവ പ്രവർത്തകനുമാണ്.

# ദൈവസഭ വിഭജനത്തിനുശേഷം

1972 ഫെബ്രുവരി 25-ാം തീയതി ഡിവിഷൻ യാഥാർത്ഥ്യമായതോടെ ആന്ധ്രയിൽ ദൈവസഭയുടെ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്ന റവ. കെ.ജെ. ചാക്കോ ആദ്യ ഓവർസീയറായി അധികാരമേറ്റു. ഏകദേശം നീണ്ട 14 വർഷം ദൈവസഭയുടെ ഭരണ സാരഥ്യം താൻ വഹിച്ചു. ഈ കാലയളവിൽ ദൈവസഭ സമൂലമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. പാമ്പാടി കേന്ദ്രമായി പ്രവർത്തിച്ചുവന്നിരുന്ന ഓഫീസ് പാക്കിൽ പ്രദേശത്ത് മിഷൻ ബോർഡിന്റെ സഹായത്തോടെ സ്വന്തമായി സ്ഥലം വാങ്ങിക്കുകയും അതിലൊരു കെട്ടിടം പണികഴിപ്പിക്കുകയും ചെയ്തു. ദൈവസഭയുടെ ഫെയ്ത് ബൈബിൾ കോളേജ് ആരംഭിക്കുന്നതും ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റിന് തുടക്കം കുറിക്കുന്നതും തന്റെ കാലത്താണ്. അടിസ്ഥാന ജനവിഭാഗങ്ങളുടെ ഉന്നമന ത്തിനുവേണ്ടിയുള്ള ധനസ്വരൂപണത്തിന് അമേരിക്കയിൽ പലതവണ വിദേശയാത്ര നടത്തിയിരുന്നു. കൂടാതെ ഒരു ഡോക്ടറേറ്റും സമ്പാദിച്ചു. 1986-ൽ താൻ സ്ഥാനമൊഴിയുമ്പോൾ ഏകദേശം 180-ൽ പരം സഭകൾ ഡിവിഷനിലുണ്ടായിരുന്നു. ചാക്കോസാർ സ്ഥാനമൊഴിഞ്ഞു. കീഴ്വഴക്കം അനുസരിച്ച് സെക്രട്ടറിയായിരുന്ന വൈ. ജോസഫ് ഓവർസീയറായി ചുമതലയേറ്റു.


1986 മുതൽ 1992 വരെ ആറു വർഷം ദൈവസഭയുടെ അമരക്കാരനായിരുന്ന താൻ പലവിധ ഭരണപരിഷ്ക്കാരങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി. യുവജനങ്ങളുടെ മുന്നേറ്റത്തിന് ഓർഗനൈസർ പദവികൾ സൃഷ്ടിച്ചു. ബാലറ്റു വഴിയുള്ള തിരഞ്ഞെടുപ്പിന് തുടക്കം കുറിച്ചു. 1992-ൽ ഭരണമൊഴിയുകയും കർണ്ണാടകയിലേക്ക് സ്ഥലംമാറുകയും ചെയ്തു. തുടർന്ന് സണ്ണി വർക്കി ആറു മാസം ദൈവസഭയുടെ ആക്ടിങ്ങ് ഓവർസീയറായി സ്ഥാനമേറ്റു. തുടർന്ന് ദൈവസഭയുടെ ഓവർസീയറായി മിഷൻ ബോർഡിനാൽ സ്ഥിരപ്പെടുത്തുകയും ചെയ്തു. പത്തുവർഷം ദൈവസഭയെ വഴിനടത്തിയ സണ്ണി വർക്കിയുടെ കാലഘട്ടത്തിലാണ് ദൈവസഭയുടെ സ്വപ്നപദ്ധതികളിലൊന്നായ കൺവെൻഷൻ ഗ്രൗണ്ട് വിലയ്ക്ക് വാങ്ങുന്നതിനുള്ള കമ്മറ്റി രൂപീകരിക്കുന്നത്. അതിന്റെ പ്രവർത്തന ഫലമായി കണ്ണാടിക്കടവിൽ ഗവ. ആശുപത്രിക്ക് മുൻവശത്ത് കണ്ടം വിലയ്ക്കെടുത്ത് സ്വന്തമാക്കി. കൂടാതെ ഇരുപത്തിയഞ്ച് വർഷം

പൂർത്തിയാക്കിയ ദൈവസഭയുടെ ചരിത്രം ഉൾക്കൊണ്ട ഒരു സുവനീർ അച്ചടിച്ചിറക്കുകയും ചെയ്തു. പാക്കിൽ സെന്റ് തോമസ് പാരിഷ് ഹാളിൽ അതിനോടനുബന്ധിച്ച് ഒരു സമ്മേളനവും സംഘടിപ്പിച്ചു. തന്റെ കാലശേഷം ദൈവസഭയുടെ എഡ്യുക്കേഷൻ ഡയറക്ടറാ യിരുന്ന പി.ജെ.ജോസഫ് ഓവർസീയറാകുകയും വൈവിദ്ധ്യമാർന്ന പല കർമ്മ പദ്ധതികൾക്ക് രൂപംകൊടുക്കുകയും ചെയ്തു. ദൈവസഭയുടെ ചിരകാലസ്വപ്നമായിരുന്ന കൺവൻഷൻ ഗ്രൗണ്ട് പകുതിയിലധികം സ്ഥലം മണ്ണിട്ട് നികത്തി. ഈ കാലത്താണ് മിഷനറിമാർ കേരളത്തിൽ കടന്നുവന്ന് മേഖലകൾ തിരിച്ച് മീറ്റിംഗ് സംഘടിപ്പിച്ചത് ദൈവസഭയുടെ എല്ലാ മേഖലകളിൽ നിന്നുമുള്ള സമ്പൂർണ്ണ റിപ്പോർട്ട് ജനങ്ങൾക്ക് നേരിട്ട് മിഷനറിമാർക്ക് സമർപ്പിക്കുവാൻ കഴിഞ്ഞു. അതിനുശേഷം തോമസ് ജോൺ ദൈവസഭയുടെ ഓവർസീയറായി ചുമതലയേറ്റു. ഏകദേശം ഒന്നരവർഷം കാലം ആ സ്ഥാനത്തിരുന്നു തുടർന്ന് നാഷണൽ റെപ്രസെന്റേറ്റീവ് കെ. സി. ജോൺ അധികാരം ഏറ്റെടുക്കുകയും ആക്ടിംഗ് ഓവർസിയറായി സ്ഥാനം വഹിച്ചുകൊണ്ടിരുന്നു. ദൈവസഭയ്ക്ക് സ്റ്റേഡിയം സംബന്ധമായ പ്രശ്നങ്ങൾ വന്നതിനെ തുടർന്നാണ് തനിക്ക് അധികാരം ഏറ്റെടുക്കേണ്ടി വന്നത് ഏകദേശം രണ്ടു വർഷം അധികാരത്തിലിരിക്കുകയും എഡ്യൂക്കേഷൻ ഡയറക്ടറായിരുന്ന റവ. ജോസഫ് റ്റി സാംമിന് അധികാരം കൈമാറുകയും ചെയ്തും സ്റ്റേഡിയം സംബന്ധമായ കേസുകൾ നടത്തികൊണ്ട് പോന്നത് തന്റെ കാലത്താണ് കൂടാതെ ജനോപകാരപ്രദമായ ചില സേവന പ്രവർത്തനങ്ങൾ മിഷൻ ബോർഡിന്റെ സഹായത്തോടെ താൻ നടപ്പിലാക്കി നാല് വർഷക്കാലം ദൈവസഭയുടെ ഓവർസിയറായി ആ സ്ഥാനമലങ്കരിച്ചു തുടർന്ന് എഡ്യൂക്കേഷൻ ഡയറക്ടറായിരുന്ന റവ. കെ. സി. സണ്ണിക്കുട്ടി അധികാരമേറ്റു. തന്റെ കാലത്ത് വിവിധ ഡിപ്പാർട്ട്മെന്റുകൾക്ക് രൂപം കൊടുക്കുകയും നൂതന ഭരണപരിഷ്കാരങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തു. അധികാരമേറ്റതിന്റെ രണ്ടാം മാസം തന്നെ കൺവെൻഷൻ ഗ്രൗണ്ട് ദൈവസഭയ്ക്ക് അനുകൂലമായി കോടതി വിധിച്ചു. ഉടൻ തന്നെ ആർ. എഫ്. കുക്കിന്റെ പേരിൽ ഒരു ആലയം ചുരുങ്ങിയ മാസങ്ങൾ കൊണ്ടു തന്നെ പണി കഴിപ്പിച്ചു. ദൈവസഭയ്ക്ക് സ്വന്തമായി ഒരു വെബ്സൈറ്റ് ഉൾപ്പെടെ വാർത്താ മാധ്യമരംഗത്തും സോഷ്യൽ മീഡിയയിലും ദൈവസഭയുടെ വാർത്തകൾ പരമാവധി എത്തിക്കുവാനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് മീഡിയാ

ഡിപ്പാർട്ട്മെന്റ് ആരംഭിച്ചു. കൂടാതെ ദൈവസഭയുടെ ചരിത്രം ഉൾക്കൊണ്ട് ഒരു പുസ്തകം രചിക്കുവാനുള്ള സമിതിയെ രൂപികരിച്ചു. ഇത് ചരിത്രപരമായ ഒരു തീരുമാനം കൂടിയാണ്.

## ബൈബിൾ സ്കൂൾ ലഘുചിത്രം

കേരളത്തിൽ ബൈബിൾ സ്കൂൾ എന്ന ആശയം ആദ്യമായി നടപ്പിൽ വരുത്തിയത് റോബർട്ട് എഫ്. കുക്കാണ്. താൻ സുവിശേഷ പ്രസംഗം നടത്തിയ സ്ഥലങ്ങളിലെല്ലാം തന്നെ ഒരു വേദപഠന ക്ലാസ്സുകൾ നടത്തുകയുണ്ടായി. എന്നാൽ 1928 ജൂലൈ മാസത്തിലാണ് ഔദ്യോഗികമായ ഒരു ബൈബിൾ കോളേജ് നിലവിൽ വന്നത്. മൗണ്ട് സീയോൻ എന്ന ബൈ ബിൾ കോളേ ജിന്റെ ആദ്യ പ്രിൻസിപ്പാൾ ബെർത്ത കുക്കായിരുന്നു. ആണ്ടിൽ മൂന്നു മാസമായിരുന്നു ആദ്യ ബൈബിൾ കോളേജ് പ്രവർത്തനം. പിന്നീട് അത് എട്ട് മാസമായി ഉയർത്തുകയും ചെയ്തു.




ദൈവസഭയുടെ വിഭജനത്തിനുശേഷം വർഷത്തിൽ രണ്ട് പേർക്ക് മാത്രമേ കേരളാഡിവിഷനിൽ നിന്ന് ഈ ബൈബിൾ കോളേജിൽ നിന്ന് അഡ്മിഷൻ നൽകിയിരുന്നുള്ളൂ. ദൈവസഭയുടെ പ്രവർത്തനങ്ങൾ വിശാലമാകുകയും പുതിയ വേദസ്ഥലങ്ങൾ ഉയർന്നു വരികയും ചെയ്തതോടെ വേണ്ടത്ര പാസ്റ്റർമാരെ അവിടേയ്ക്ക് വിട്ടുകൊടുക്കുവാൻ കഴിയാതെ വന്നു. അതോടെ കേരളാഡിവിഷനിൽ പുതിയ ഒരു ബൈബിൾ സ്കൂൾ എന്ന ആശയം ഉരിത്തിരിയാൻ ഇടയായി. ഓവർസീയർ കെ.ജെ. ചാക്കോ സർ തന്റെ മൂന്നാം അമേരിക്കൻ യാത്രയ്ക്കുശേഷം തിരിച്ചുവന്നപ്പോൾ ലഭിച്ച സാമ്പത്തിക നന്മ ഉപയോഗിച്ച് ഒരു ബൈബിൾ സ്കൂൾ

തുടങ്ങുന്നതിനെപ്പറ്റി ചിന്തിച്ചു തുടങ്ങിയത്. ഈ തീരുമാനം എല്ലാ സഭകളിലേക്കും അറിയിക്കുകയും അതിന്റെ നടത്തിപ്പിലേക്കായി വിശ്വാസികളിൽ നിന്നും കുറച്ച് സാമ്പത്തിക സഹായം ലഭിക്കുകയും ചെയ്തു. തുടർന്നു നടന്ന പാസ്റ്റേഴ്സ് കോൺഫറൻസിൽ ഫെയ്ത്ത് ബൈബിൾ സ്കൂൾ നിലവിൽ വന്നതായി റവ. കെ.ജെ. ചാക്കോ പ്രഖ്യാപിച്ചു. 1984-ൽ കേരളാ റീജിയണിന്റെ ആദ്യത്തെ ബൈബിൾ സ്കൂൾ നിലവിൽ വന്നു. ആദ്യവർഷം ഓഫീസ് മുറിയിലായിരുന്നു ക്ലാസ്സ്. തുടർന്ന് പരുത്തുംപാറ സഭാഹാളിലേക്കും അതിനുശേഷം പാക്കിൽ ഭാഗത്ത് ഒരു കെട്ടിടം വാടകയ്ക്കെടുത്ത് പ്രവർത്തനം മുന്നോട്ടുപോയി. സണ്ണി വർക്കി ഓവർസീയറായിരുന്നപ്പോൾ ദൈവസഭ ഓഫീസിന് പിൻഭാഗത്ത് 1995-ൽ ഒരു ക്ലാസ് റൂമും, ഡോർമെട്രിയും പണികഴിപ്പിച്ചു. ബൈബിൾ കോളേജിന്റെ ആദ്യബാച്ചിൽ 7 വിദ്യാർത്ഥികളാണ് പഠനം നടത്തിയത്. റവ. കെ.ജെ. ചാക്കോ ഡയറക്ടറും, റവ.സണ്ണി വർക്കി ഡീനും അടങ്ങുന്ന ആറ് അധ്യാപകരും ചുമതലയേറ്റു. റവ. സണ്ണി വർക്കി ഓഫീസ് അഡ്മിനിസ്ട്രേറ്റർ ആയ ഒഴിവിലേയ്ക്ക് എൻ. എ. തോമസ്കുട്ടി ബൈബിൾ സ്കൂൾ ഡീൻ ആയി തിരഞ്ഞെടുക്കപ്പെട്ടു. മിഷൻബോർഡുമായുള്ള നിരന്തര ആവശ്യത്തിൻ പ്രകാരം 1996-ൽ ദൈവസഭയുടെ അംഗീകാരമുള്ള ആദ്യ എഡ്യുക്കേഷൻ ഡയറക്ടറായി പാ. പി.ജെ. ജോസഫ് (അയ്യപ്പൻകോവിൽ) ചുമതലയേറ്റു. 2002 വരെ തന്റെ സേവനം തുടർന്നു. അതിനുശേഷം 2012 വരെ റവ. ജോസഫ് റ്റി. സാമും. തുടർന്ന് റവ. കെ.സി. സണ്ണിക്കുട്ടിയും ഈ സ്ഥാനം അലങ്കരിച്ചിട്ടുണ്ട്. ഇപ്പോൾ പാ. എൻ. എ. തോമസ്കുട്ടി ഈ സ്ഥാനം വഹിച്ചുപോരുന്നു.

# ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റ്

സുവിശേഷീകരണത്തിന്റെ ഭാഗമായി ഒരു ഡിപ്പാർട്ട്മെന്റ് വേണമെന്ന ആശയം വന്നതിനെത്തുടർന്ന് അന്നത്തെ ഓവർസീയർ കെ. ജെ. ചാക്കോ മിഷൻ ബോർഡിനെ അറിയിക്കുകയും തന്റെ അഭ്യർത്ഥനപ്രകാരം ആന്ധ്രയിലെ തന്റെ സഹപ്രവർത്തകനായിരുന്ന കെ. എം. എബ്രഹാമിനെ വിട്ടു തരണമെന്ന അപേക്ഷ മിഷൻ ബോർഡ് സ്വീകരിക്കുകയും ദൈവസഭയുടെ ആദ്യത്തെ ഇവാഞ്ചലിസം ഡയറക്റ്ററായി പാ. കെ.എം. എബ്രഹാമിനെ 1987-ൽ നിയമിച്ചു. ചുമ തലയേറ്റ ഉടൻതന്നെ 12 അംഗ ടീമിനെ രൂപീകരിച്ചു. ഗത്സെമന ക്രൂസേഡ് ഡിപ്പാർട്ട്മെന്റിന് രൂപംകൊടുത്ത് കേരളത്തിന്റെ വിവിധ മേഖലകളിൽ, ബൈബിൾ ക്ലാസ്, ക്രൂസേഡ്, ഓപ്പണയർ മീറ്റിംഗ് തുടങ്ങിയ സുവിശേഷകനെ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചു. 17 വർഷം ദൈവസഭയുടെ ഇവാഞ്ചലിസം ഡയറക്റ്ററായ താൻ 1996-ൽ തന്റെ സ്ഥാനത്തുനിന്ന് വിരമിക്കുകയുണ്ടായി. തുടർന്ന് ദീർഘനാൾക്ക് ശേഷം പി. ജെ. ചാക്കോയെ ഈ ഡിപ്പാർട്മെന്റിന്റെ തലവനായി നിയമിച്ചു. പി.ജെ. ചാക്കോക്ക് ശേഷം ജോസഫ്. റ്റി സാമും അതിനുശേഷം റ്റി.വി. മാത്യുവും തുടർന്ന് പി.സി. എബ്രഹാം ഈ പദവി അലങ്കരിച്ചിട്ടുണ്ട്. ഇപ്പോൾ കെ.ജെ. ജോസഫ് ദൈവസഭയുടെ ഇവാഞ്ചലിസം ഡയറക്ടറായി തുടർന്ന് പോരുന്നു. ജോസഫ് റ്റി. സാമിന്റെ കാലത്ത് ക്രൂസേഡ് ഡിപ്പാർട്ട്മെന്റിനെ ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റിൽ നിന്ന് വിടർത്തുകയുണ്ടായി.


കെ. എം. എബ്രഹാം

# വൈ.പി.ഇ. & എസ്. എസ്.

ദൈവസഭയുടെ യുവജനവിഭാഗമായ വൈ.പി.യുടെ ചരിത്രത്തിന് വളരെയേറെ പഴക്കമുണ്ട്. 1947-ൽ പാ. സി.കെ. ജോൺ തന്റെ സഭയിലെ യുവജനങ്ങളെ വിളിച്ചുകൂട്ടുകയും അവർക്കായി ക്ലാസ്സുകൾ നൽകാൻ വേണ്ടി ഒരു പ്രത്യേക ദിവസം കണ്ടെത്തി. തുടർമാനമായി യുവജനങ്ങൾക്ക് മാത്രമായി നടന്ന ഈ മീറ്റിംഗിൽ യുവജന സംഘം എന്നറിയപ്പെട്ടു. പിന്നീട് ഓരോ സഭകൾ ഏറ്റെടുത്ത് വിജയകരമാക്കിയ ഈ മീറ്റിംഗ് ദൈവസഭാനേതൃത്വം ഏറ്റെടുക്കുകയും 1953-ൽ വൈ. പി. ഇ എന്ന പേരിൽ പുതിയ ഡിപ്പാർട്ട് മെന്റിന് തുടക്കം കുറിക്കുകയും ചെയ്തു. 1972-ൽ വിഭജനത്തിനുശേഷം നടന്ന ആദ്യകാല ക്യാമ്പുകളെല്ലാം അതാതുസമയത്തെ ഓവർസീയർമാർ നിർദ്ദേശിക്കപ്പെടുന്ന കൺവീനർമാരായിരുന്നു നടത്തിക്കൊണ്ടു പോയത്. 1973 മുതൽ 78 വരെ യുവജനക്യാമ്പ് നടത്തിപ്പ് ചുമതല സ്റ്റേറ്റ് കൗൺസിൽ തിരഞ്ഞെടുക്കപ്പെടുന്ന കൺവീനർ മാർക്കായിരുന്നു. യുവജനപ്രവർത്തനത്തിന് മുൻതൂക്കം നൽകി അതിന്റെ വിശാലതയ്ക്കും ഏകോപനത്തിനുമായി ഒരു യൂത്ത് ഡയറക്ടറെയും യൂത്ത് ബോർഡിനെയും ദൈവസഭാകൗൺസിൽ 1979-ൽ തിരഞ്ഞെടുക്കുകയുണ്ടായി. പ്രഥമ യൂത്ത് ഡയറക്ടറായി പാസ്റ്റർ പി. ജെ. ചാക്കോയും പ്രഥമ യൂത്ത് ബോർഡ് അംഗങ്ങളായി പി.ഐ. മാത്യു പാ. കെ.എം. ജോൺ, ബ്ര. പി.പി. തോമസ്കുട്ടി, കെ.കെ. സണ്ണി, പി. ദാനിയേൽ എന്നിവരായിരുന്നു. ഏകദേശം നാല് വർഷം യൂത്ത് & സൺഡേസ്കൂൾ ഡയറക്ടറായി ചുമതല വഹിച്ചു പി. ജെ. ചാക്കോ തന്റെ പ്രവർത്തന വിശാലതകൊണ്ട് യൂത്ത് ഡയറക്ടർ എന്ന പദവിക്ക് ജനസമ്മതി നേടി യെടുക്കുവാൻ ഇട യാക്കി. തുടർന്ന് പാ. വി. പി. ജോർ ജ്ജ്, പാ. ബാബു




ആദ്യത്തെ യൂത്ത് & സൺഡേസ്ക്കൂൾ ഡയറക്ടർ പി. ജെ. ചാക്കോ

ജോസ ഫ്, പാ. ജോസഫ് റ്റി. സാം. പാ. തോമസ് ജോൺ (ജൂണിയർ) , പാസ്റ്റർ എം. പി. കൊച്ചുമോൻ, പാസ്റ്റർ ഐസക് ജോൺ, പാസ്റ്റർ സണ്ണി, പാ. പി. ജോയ് എന്നീ ദൈവദാസന്മാർ ഈ പദവിയിലിരുന്ന് തന്റേതായ പ്രവർത്തന മികവ് തെളിയിച്ചിട്ടുള്ളവരായിരുന്നു. പാ. വി.പി. ജോർജിന്റെ കാലത്ത് യുവജനക്യാമ്പുകൾ സെന്റർ അടിസ്ഥാനത്തിൽ നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുകയുണ്ടായി. ആദ്യകാല ങ്ങളിൽ ബൈബിൾ കലാമത്സരങ്ങൾ നടത്തപ്പെട്ടത് നേരിട്ടായിരുന്നു. എന്നാൽ മത്സരാർത്ഥികളുടെ പെരുപ്പം നിമിത്തമാണ് സെന്റർ അടിസ്ഥാനത്തിൽ ഏകദിന സെമിനാർ നടത്തി. തിരഞ്ഞെ ടുക്കപ്പെടുന്ന മത്സരാർത്ഥിക്ക് സ്റ്റേറ്റ് ലെവലിൽ മത്സരിക്കുവാനുള്ള പുതിയ കീഴ്‌വഴക്കം കൊണ്ടുവന്നു. തന്റെ കാലയളവിലാണ് കോട്ടയം കേന്ദ്രമാക്കി മേഖലാടിസ്ഥാനത്തിൽ റാലി നടത്തുകയും അത് വിജയിപ്പിക്കുകയും ചെയ്തു. ഈ റാലി അക്ഷരാർത്ഥത്തിൽ കോട്ടയം നഗരത്തെ സ്തംഭിപ്പിച്ചു. കൺവൻഷനുശേഷം നടത്തപ്പെടുന്ന ഏറ്റവും വലിയ വിശ്വാസി സംഗമമാണ് യുവജനക്യാമ്പ്. സെന്ററുകൾ തമ്മിലുള്ള മത്സരമായതിൽ പോരാട്ടത്തിന് ചൂടേറും. കേരളത്തിലെ പെന്തക്കോസ്ത് പ്രസ്ഥാനങ്ങളിൽ നടത്തപ്പെടുന്ന ആൾക്കൂട്ടമുള്ള ക്യാമ്പുകളിലൊന്നാണ് ദൈവസഭാ റീജിയണിന്റെ യൂത്ത് ക്യാമ്പ്. പാ. പി. റ്റി. നിക്സൺ നിലവിലെ യൂത്ത് ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്നു.

വൈ.പി. ഡിപ്പാർട്ടുമെന്റു പോലെ പ്രാധാന്യമർഹിക്കുന്ന മറ്റൊരു ഡിപ്പാർട്ട്മെന്റാണ് സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ്. പാ. പി. ജെ. ചാക്കോ ആയിരുന്നു ആദ്യ സൺഡേസ്കൂൾ ഡയറക്ടർ. കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സൺഡേസ്കൂളിന്റേതായ ഒരു ഡയറക്ടറെയും ബോർഡിനെയും സ്റ്റേറ്റ് കൗൺസിൽ നിയമിക്കു കയുണ്ടായി. പാ. വി.പി. ജോൺ (പള്ളം) ആദ്യത്തെ സൺഡേസ്കൂൾ ഡയറക്ടറായിരുന്നു. വളരെയേറെ ഭരണ പരിഷ്കാരങ്ങൾ താൻ നടത്തുകയുണ്ടായി. ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് പാഠ്യ പദ്ധതി തയ്യാറാക്കുകയും (ബുക്ക്‌ലറ്റ്) അതിൻ പ്രകാരം സെന്റർ തോറും അധ്യാപക ട്രെയിനിംഗ് സംഘടിപ്പിച്ചുകൊണ്ടും നിലവാര മുള്ള അധ്യാപകരെ ഉയർത്തിക്കൊണ്ടുവന്നു. സെന്ററുകൾ തോറും സൺഡേസ്കൂൾ സൂപ്രണ്ടിനെ നിയമിക്കുകയും ഒരു ഫണ്ട് ശേഖരം നടത്താൻ അവരോട് അവശ്യപ്പെടുകയും ചെയ്തു. ഈ പദ്ധതി വൻ വിജയമായിരുന്നു. സ്റ്റേറ്റ് തലത്തിൽ ഒരു വാർഷിക പരീക്ഷ നടത്തി വിജയികൾക്ക് ജനറൽ കൺവെൻഷനിൽ ട്രോഫി നൽകിവരുന്ന

കീഴ്വഴക്കം സൃഷ്ടിച്ചു. വി.പി. ജോണിനുശേഷം പാ. കെ.ജെ. ദാനിയേൽ സൺഡേസ്കൂൾ ഡയറക്ടറാകുകയും തുടർന്ന് ഈ പദവി സഹോദരന്മാർക്ക് കൊടുക്കുകയും ചെയ്തു. എം.എ. മർക്കോസ് വി. ജെ. പീറ്റർ, ജോൺ ജോസഫ്, പി. പി. തോമസ്കുട്ടി, പാ. തോമസ് ജോൺ, പാ. ലാലു തോമസ്, പാ. കെ. ജെ. ജോസഫ് തുടങ്ങിയവർ ഈ സ്ഥാനം അലങ്കരിച്ചിട്ടുണ്ട്. പാ തോമസ് ജോണിന്റെ (ജൂനിയർ) കാലത്താണ് 1 മുതൽ 9 വരെയുള്ള പാഠ്യപദ്ധതികൾ ബുക്ക് രൂപത്തിൽ പുറത്തിറക്കിയത്. പത്താം ക്ലാസ്സിന്റെ പാഠ്യപദ്ധതി കെ. ജെ. ജോസഫ് പുറത്തിറക്കുകയും ചെയ്തു.



വൈ. പി. & എസ്. എസ്. ലേഖനം അയച്ചു തന്നത്
**പി. ജി. പ്രസാദ്** (സി.ജി. ഐ, കുവൈറ്റ് സഭാ സെക്രട്ടറി)



ജോഷ്വാ ഉപദേശി, കുക്കിനൊപ്പം പ്രവർത്തിച്ച കർമ്മധീരൻ



വില്യം പോസ്ഫിസി സായിപ്പ് ജനറൽ കൺവൻഷനിൽ



ദൈവസഭയുടെ ആദ്യ ജനറൽ കൺവൻഷനിൽ നമ്മുടെ പിതാക്കന്മാർ

**ദൈവസഭയുടെ ആദ്യകാലത്തിലെ ചില അനർഘ നിമിഷങ്ങൾ**



എൽ. എ. സമ്മേളനം മാമ്മൻ മാപ്പിള ഹാൾ , കോട്ടയം



ചാക്കോ സാർ ജനറൽ കൺവൻഷനുശേഷം വിശ്വാസികളുമായി

റവ. ഡോ. കെ. സി. സണ്ണിക്കുട്ടി
ദൈവസഭാ കേരള റീജിയൺ ഓവർസീയർ

സഹോദരൻ റെയ്സൺ വി. ജോർജ്ജ് എഴുതിയ ചരിത്ര വഴികളിൽ വൈദസഭ എന്ന പുസ്തകം ദൈവസഭയെപ്പറ്റി ചെറിയ അവബോധം നമ്മുക്ക് ഉണ്ടാക്കും എന്ന് നിസംശയം പറയാം. 1914 ൽ നമ്മുടെ പിതാക്കന്മാർ കുക്ക് സായിപ്പ് ഒന്നിച്ചു പറുത്തുയർത്തിയ പൂർണ്ണ സുവിശേഷ ദൈവസഭ എന്ന പ്രസ്ഥാനത്തിന് അടിസ്ഥാനം ഇടുമ്പോൾ നമ്മുടെ പിതാക്കന്മാർ ഒരുപാട് ത്യാഗങ്ങളും കഷ്ടതകളും അനുഭവിച്ചിട്ടുണ്ട്. അതിന്റെ ഏറെക്കുറെ തെളിവുകളെല്ലാം കാലാന്തരത്തിൽ കാലഹരണപ്പെട്ട് പോയിട്ടുണ്ട്. എന്നാൽ ചില ചരിത്ര സത്യങ്ങൾ പലയിടങ്ങളിലായി നശിക്കാതെ കിടപ്പുണ്ട്. അവ രേഖകളിലൂടെ വെളിച്ചം കാണുമ്പോൾ നിഷേധിക്കുവാൻ ആവാത്ത ചരിത്ര സത്യങ്ങളായി മാറുകയാണ്.

ആ ചരിത്ര സത്യങ്ങൾ തന്റെ ആശയങ്ങളിലൂടെ കോർത്തിണക്കി പുസ്തകരൂപത്തിൽ പ്രസിദ്ധീകണപ്പെടുത്തിയത് നമ്മുക്ക് അഭിമാനമാണ്. പ്രശംസനീയമാ ഈ ചരിത്രപുസ്തകം ചെയ്ത റെയ്സൺ വി. ജോർജ്ജിന് എന്റെ എല്ലാ അഭിനനന്ദങ്ങളും ആശംസകളും....

എന്ന് ക്രിസ്തുവിൽ

ഡോ. കെ. സി. സണ്ണിക്കുട്ടി

നാം അവയെ കേട്ടറിഞ്ഞിരിക്കുന്നു. നമ്മുടെ പിതാക്കന്മാർ നമ്മോടു പറഞ്ഞിരിക്കുന്നു. നാം അവരുടെ മക്കളോട് അവയെ മറച്ചു വയ്ക്കാതെ വിവരിച്ചു പറയും. (സങ്കീ. 78:3-).

ഒരു ജനതയുടെ പൈതൃകവും ചരിത്രവും സംരക്ഷിക്കപ്പേടേണ്ടതുണ്ട്. വാമൊഴിയിലൂടെയും വരമൊഴിയിലൂടെയും കൈമാറി വന്ന ചരിത്രങ്ങൾ രേഖയായി മാറണം. ഒരു സമൂഹത്തിന് മുന്നോട്ടുള്ള പ്രയാണത്തിൽ അവരുടെ ചരിത്രം ആവേശകരമായിരിക്കും. ഇസ്രയേലിന്റെ പീഢാനുഭവങ്ങളും, നിലവിളിയും വിമോചനങ്ങളും പുറപ്പാടും ദൈവത്തിന്റെ നടത്തിപ്പിന്റെ ശേഷിക്കുന്ന ചരിത്രരേഖകളാണ്. വരും തലമുറകൾക്ക് ഉത്തേജനം നൽകുവാൻ ദൈവത്തിന്റെ ചരിത്രത്തിന്റെ ഇടപെടലുകൾ പ്രേരകമായി. ഭാരതത്തിലേയും, കേരളത്തിലേയും സഭയുടെ രൂപീകരണം ഉണർവ്വുകളുടെ ചരിത്രം മിഷനറി ഇടപെടൽ നവോത്ഥാന ചരിത്രം ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. സഭയുടെ പിളർപ്പ് ദൈവശാസ്ത്രപരവും ധാർമ്മികമായും അംഗീകരിക്കാൻ സാധിക്കുകയില്ല. എങ്കിലും അത് അനിവാര്യമായിരുന്നു.

പിളർപ്പിലേക്ക് നയിച്ച ഘടകങ്ങൾ നമ്മെ സംബന്ധിച്ച് ഇപ്പോൾ വെല്ലുവിളിയല്ല. ഇപ്പോൾ നമ്മുടെ വെല്ലുവിളി സാമ്പത്തിക വെല്ലുവിളിയാണ്. സ്വയം പര്യപ്തത കൈവരിയ്ക്കണം അതിനായി ഒരുമിച്ച് പ്രവർത്തിക്കണം. കേരള റീജിയന്റെ ചരിത്രം ഭാരതത്തിന്റെ പെന്തക്കോസ്തിന്റെ മുന്നേറ്റ ചരിത്രമാണ്. ചർച്ച് ഓഫ് ഗോഡ് കേരള റീജിയണ് ചരിത്ര ഗ്രന്ഥം ഇതുവരെ ഉണ്ടായിട്ടില്ല. ദൈവസഭയുടെ ചരിത്രം പ്രസിദ്ധീകരിക്കുവാൻ റെയ്സൺ വി. ജോർജ്ജിന് സാധിച്ചത് അഭിനന്ദനാർഹമാണ്. ദൈവസഭയുടെ ഔദ്യോഗികമായ ചരിത്രഗ്രന്ഥംകൂടി പുറത്തിറങ്ങുമ്പോൾ ഈ ഉദ്ദീപനം സമ്പൂർണ്ണമാകും. അതിനുള്ള പണപ്പുരയിലാണ് ദൈവസഭാ നേതൃത്വം. റെയ്സണിന്റെ ഈ ചരിത്രരചനയ്ക്ക് എല്ലാവിധ പ്രാർത്ഥനയും ആശംസകളും.

ചരിത്ര
പഠനക്കുറിപ്പ്



## റെയ്സൺ വി. ജോർജ്ജ്

വലിയപറമ്പിൽ, പാക്കിൽ

കോട്ടയം പാക്കിൽ വലിയപറമ്പിൽ പാസ്റ്റർ വി. ജോർജ്ജിന്റെയും സാലി വി. ജോർജ്ജിന്റെയും മൂന്നു മക്കളിൽ രണ്ടാമനായി ജനിച്ചു. ദൈവസഭയുടെ യുവജന ക്യാമ്പുകളിൽ സജീവ സാന്നിദ്ധ്യമായിരുന്ന റെയ്സൺ കോട്ടയം പള്ളം സഭാ മെമ്പറാണ്. തന്റെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം തെങ്കാശി ഇമ്മാനുവേൽ ബൈബിൾ കോളജിൽ വേദപഠനം അഭ്യസിക്കുകയും തുടർന്ന് നേഴ്സിംഗ് പഠനം പൂർത്തിയാക്കുകയും ഇപ്പോൾ പാലക്കാട് കരുണ മെഡിക്കൽ കോളേജിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്തു വരുന്നു. അതോടൊപ്പം ദൈവസഭയുടെ മീഡിയ സെക്രട്ടറി, യൂത്ത് ബോർഡ് മെമ്പർ, കോട്ടയം സെന്റർ ഓർഗനൈസർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചുപോരുന്നു. ദൈവസഭയുടെ ഔദ്യോഗിക ചരിത്രരചനയുമായി ബന്ധപ്പെട്ട മേഖലയിലും സേവനം ചെയ്തുവരികയാണ്.

Ph : 9747795918, email: raisonvgeorge@gmail.com